വായിച്ചു വളരുക

കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്

2021 ഒക്ടോബർ
വില ₹20




# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
# പ്രസിദ്ധീകരിച്ച
# പുതിയ പുസ്തകങ്ങൾ




പൂച്ചക്കുട്ടികളുടെ വീട്
(കഥ)
**ടി പത്മനാഭൻ**
വില ₹60



കുട്ടികളുടെ ഹോർത്തൂസ് മലബാറിക്കൂസ് (വൈജ്ഞാനികം)
**ഡോ. ബി ഇക്ബാൽ**
വില ₹210.00




സ്റ്റീഫൻ ഹോക്കിങ്
(ശാസ്ത്രം)
**ഡോ. ജോർജ്ജ് വർഗീസ്**
വില ₹100.00




ഉണ്ടക്കണ്ണന്റെ കാഴ്ചകൾ
(കഥകൾ)
**കെ വി മോഹൻകുമാർ**
വില ₹90




ആനകേറാമല
(കടങ്കവിതകൾ)
**സിപ്പി പള്ളിപ്പുറം**
വില ₹90.00



ഞാറുനട്ടകഥ
(വൈജ്ഞാനികം)
**പി കെ സുധി**
വില ₹120



നൂറ്റാണ്ടിന്റെ വിസ്മയം (ജീവചരിത്രം)
**കെ എ ഫ്രാൻസിസ്**
വില ₹90.00



അൽഗോരിതങ്ങളുടെ നാട്
(നോവൽ)
**ഉണ്ണി അമ്മയമ്പലം**
വില ₹100.00



മെഴുകുകൊട്ടാരം
(വൈജ്ഞാനികം)
**ഡോ. പി ബാലശങ്കർ മന്നത്ത്**
വില ₹70



കതിവനൂർ വീരൻ
(കഥ)
**സുഗതൻ ഇ വി**
വില ₹60.00



ആദം ബർസ
(നോവൽ)
**സുജിത്ത് രാജൻ എസ്**
വില ₹130.00



സൂര്യൻ എന്റെ നക്ഷത്രം (വൈജ്ഞാനികം)
**വി ആർ പട്ടുവം**
വില ₹60

**കൂടുതൽ പുസ്തകങ്ങൾക്ക്**

**website : www.ksicl.org**

**കോപ്പികൾക്ക്**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, പാളയം, സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം 34, ഫോൺ** 0471-233 3790, e-mail : director@ksicl.org
**താഴെ കാണുന്ന അക്കൗണ്ട് നമ്പറിൽ പണം അടച്ചതിനു ശേഷം മൊബൈൽ നമ്പറിലേക്ക് റസിപ്റ്റും വിലാസവും വാട്സപ്പ് മെസേജ് ചെയ്യുക.** MOB: 8547971483
ACCOUNT NUMBER : 67178297569. IFSC : SBIN0000941

പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

ഒക്ടോബർ 2021
വില ₹20
വാർഷികവരിസംഖ്യ ₹200

# തളിര്


## ഉള്ളടക്കം

## അപൂർവസുന്ദരന്മാരായ തൂവൽകുപ്പായക്കാർ

10

**സി സുശാന്ത്**

എത്രയിനം പക്ഷികളെയാണ് നമ്മുടെ പരിസരത്ത് ദിവസവും നാം കാണുന്നത്. അപൂർവതയാലും രൂപവൈവിധ്യത്താലും ശ്രദ്ധയാകർഷിക്കുന്ന, ഇന്ത്യയിൽ കാണപ്പെടുന്ന ചില തൂവൽകുപ്പായക്കാരെ നമുക്കു പരിചയപ്പെടാം...



## കൊച്ചു ഹവ്റോഷ്ച്ചെക്ക

18

**റോസ്മേരി**



മെല്ലിച്ചുവിളർത്ത കൊച്ചു ഹവ്റോഷ്ച്ചെക്ക അനാഥയാണ്. വളരെ ചെറുപ്പത്തിലേ അച്ഛനും അമ്മയും മരിച്ചുപോയി. അയലത്തെ പണമുള്ള ഒരു വീട്ടുകാർ അവളെ ദത്തെടുത്തു വളർത്തുകയാണ്.

പിന്നീട് അവളുടെ ജീവിതത്തിലുണ്ടായ സന്തോഷം എന്താണെന്നറിയാൻ കഥ വായിച്ചുനോക്കൂ...

## നവോത്ഥാനം മഹാകവി ഉള്ളൂരിന്റെ ജീവിതത്തിൽ

26

**ജോസഫ് പനയ്ക്കൽ**

പണ്ഡിതൻ, കവി, ഉപന്യാസകാരൻ, ചരിത്രകാരൻ, ഭരണകർത്താവ് എന്നീ നിലകളിൽ പ്രശസ്തനായ മഹാകവി ഉള്ളൂരിന്റെ നവോത്ഥാനാശയങ്ങളെക്കുറിച്ച് ചർച്ചചെയ്യുന്ന ലേഖനം.



**ആനക്കാര്യം**..............5
രാജീവ് എൻ ടി
**കവിതാപരിചയം**..............6
വെണ്ണിക്കുളം ഗോപാലക്കുറുപ്പ്
**രാമായണത്തതകൾ**..............8
പുനരാഖ്യാനം : ഗ്രേസി
**കല്യാണമേളം**..............23
അമൃത കേളകം
**കുട്ടിക്കൊമ്പൻ**..............24
ബിജു തുറയിൽകുന്ന്
**ദീനബന്ധു**..............30
പയ്യന്നൂർ കുഞ്ഞിരാമൻ
**എന്റെ നാട്**..............32
പ്രദോഷൻ പി എം
**കടപയാദി**..............33
പള്ളിയറ ശ്രീധരൻ
**പറക്കാൻ കൊതിച്ച ആമയുടെ കഥ**..34
ഉണ്ണി അമ്മയമ്പലം
**പൂമ്പാറ്റയോട്**..............39
കണിയാന്തറ നാരായണപിള്ള
മോഹനകുമാർ
**എന്റെ ഗാന്ധി**..............40
രേഖ ആർ താങ്കൾ
**ടോം സോയറുടെ സാഹസിക ജീവിതം**..............42
പുനരാഖ്യാനം : ജോളി വർഗീസ്
**അമേരിക്കൻ പ്രസിഡന്റിനെ രക്ഷിച്ച തേങ്ങ**..............45
പായിപ്ര രാധാകൃഷ്ണൻ
**സച്ചിൻ നേരിട്ട ആദ്യ ബൗളർ**
**മുത്തശ്ശി**..............46
സനിൽ പി തോമസ്
**നൗകക്കല്ലുകളുടെ സൂത്രം**..............48
പി കെ സുധി
**സൈക്കിൾ**..............51
റെജി മലയാലപ്പുഴ
**ഇളംതളിര്**..............52

ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**സജി ചെറിയാൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

സ്ഥാപക എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**സി ആർ ദാസ്**
**സിപ്പി പള്ളിപ്പുറം**
**എം കെ മനോഹരൻ**
**ആലിന്തറ ജി കൃഷ്ണപിള്ള**
**ജാനമ്മ കുഞ്ഞുണ്ണി**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**സഫിയ ഒ സി**
**അഞ്ജന സി ജി**

ആർട്ട്, ലേഔട്ട്
**വിഷ്ണു പി എസ്**

കവർ
സുധീർ പി വൈ

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034

**ഫോൺ**
0471-233 3790

**e-mail :** thaliru@ksicl.org,
director@ksicl.org

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം**


1970 മുതൽ പ്രസിദ്ധീകരിക്കുന്നത്

**www.ksicl.org**

അങ്ങനെ കൂട്ടുകാർക്ക് തെല്ലൊരാശ്വാസമേകി കാത്തു കാത്തിരുന്ന ആ സന്തോഷവാർത്തയെത്തി. നമ്മുടെ വിദ്യാലയങ്ങൾ തുറക്കാൻ പോകുന്നു...

ഒന്നരവർഷം മുമ്പ് പെട്ടെന്നൊരു ദിവസം യാതൊരുവിധ മുന്നറിയിപ്പുമില്ലാതെ, പരീക്ഷകൾ പോലും വേണ്ടെന്നുവച്ചാണ് വിദ്യാലയങ്ങൾ എല്ലാം അടച്ചത്. എല്ലാവരും ഞെട്ടലോടെയാണ് ആ വാർത്ത കേട്ടത്. അന്ന് കണ്ടുപിരിഞ്ഞ കൂട്ടുകാരെ, അധ്യാപകരെ, ക്ലാസ്മുറികളെയൊക്കെ വീണ്ടും കാണാൻ പോകുന്നതിന്റെ ത്രില്ലിലായിരിക്കും എല്ലാവരും. സ്കൂളും കളിസ്ഥലവും ഇടനാഴികളുമൊക്കെ നിങ്ങളെ വരവേൽക്കാൻ ഒരുങ്ങുകയാണ്. നിങ്ങളുടെ ആഹ്ലാദത്തിമിർപ്പുകളില്ലാതെ, കളിചിരികളില്ലാതെ, ഇണക്കങ്ങളും പിണക്കങ്ങളുമില്ലാതെ നിശ്ചലമായിപ്പോയവയല്ലേ അവയെല്ലാം. അവിടമാകെ ഇനി നിങ്ങടെ കളിചിരികൾ നിറയട്ടെ...

കരുതലോടെ, സൂക്ഷ്മതയോടെ നമുക്ക് വരവേൽക്കാം പുതിയ



വര: രാജീവ് എൻ ടി

അധ്യയനവർഷത്തെ... പഴയകാലം തിരിച്ചുപിടിക്കാം... സ്വപ്നങ്ങൾക്കും പ്രതീക്ഷകൾക്കും പുത്തൻ ഉണർവേകി കരുത്തരായി മുന്നേറാൻ നിങ്ങൾക്കോരോരുത്തർക്കുമാവട്ടെ...


സ്നേഹത്തോടെ,

**പള്ളിയറ ശ്രീധരൻ**

എഡിറ്റർ

**സ്കൂളും കളിസ്ഥലവും ഇടനാഴികളുമൊക്കെ നിങ്ങളെ വരവേൽക്കാൻ ഒരുങ്ങുകയാണ്. നിങ്ങളുടെ ആഹ്ലാദത്തിമിർപ്പുകളില്ലാതെ, കളിചിരികളില്ലാതെ, ഇണക്കങ്ങളും പിണക്കങ്ങളുമില്ലാതെ നിശ്ചലമായിപ്പോയവയല്ലേ അവയെല്ലാം. അവിടമാകെ ഇനി നിങ്ങടെ കളിചിരികൾ നിറയട്ടെ...**





# ആരമ്മേ ഗാന്ധി?

വെണ്ണിക്കുളം ഗോപാലക്കുറുപ്പ്

കാതിലേക്കമൃതിറ്റിക്കും
കൈറാട്ടിന്മധുരസ്വരം
തൂമയിൽ ശാന്തിസന്ദേശ
മേന്തി, ഗാന്ധിജയന്തിയിൽ.

മുറിയിൽ, ത്തായ നൂൽനൂല്ക്കെ
മുഴങ്ങീ ബാലകൗതുകം
"ആരമ്മേ! ഗാന്ധി?" -യെന്നുള്ള
മുപ്പദങ്ങളിലൂടവേ.

മകനുൾക്കൊണ്ട ജിജ്ഞാസ
മങ്കയോർത്തു രസിക്കയായ്;
പഞ്ഞി നീളുന്ന നീളത്തിൽ
കുഞ്ഞിക്കണ്ണും കളിക്കയായ്.

ചൊല്ലിനാളമ്മ: – "കുഞ്ഞേ! നിൻ
ചോദ്യം ചെറിയതെങ്കിലും
എത്ര ഞാൻ വിവരിച്ചാലു –
മാകയില്ലതിനുത്തരം.

എനിക്കുമറിയാൻമേലാ
ഗാന്ധിയാരെന്ന വാസ്തവം;
എങ്കിലും ചിലതെല്ലാം ഞാൻ
പറയാം കേട്ടുകൊൾക നീ.

മുൻവരിപ്പല്ലു പൊയ്പോയ
മോണ കാട്ടിച്ചിരിച്ചൊരാൾ
ചന്ദ്രം പടിഞ്ഞിരിക്കുന്ന
പടം നീ കണ്ടതില്ലയോ?

അതാണു ഗാന്ധിയപ്പൂപ്പൻ
ആരിലും കനിവുള്ളവൻ
കൊച്ചുകുഞ്ഞുങ്ങളോടൊത്തു
കളിപ്പാൻ കൊതിയുള്ളവൻ.

വിളിപ്പൂ നാട്ടുകാരെല്ലാം
'ബാപ്പൂ'വെന്നു പലപ്പൊഴും
ആ വാക്കു കേട്ടിരിക്കും നീ-
യച്ഛനെന്നർത്ഥമായിടും.
മറ്റുള്ളോരുടെ ദുഃഖങ്ങൾ
മാറ്റുവാൻ വേലചെയ്കയാൽ
'മഹാത്മാ' ഗാന്ധിയെന്നുള്ള
പേരു നീളെ പ്രസിദ്ധമായ്.

സത്യത്തെദൈവമായ്ക്കണ്ടു
പൂജിച്ച പുരുഷോത്തമൻ,
പങ്കംതീണ്ടാത്ത കർമ്മത്താൽ
തങ്കംപോലെ തിളങ്ങിയോൻ,

കുഞ്ഞുറുമ്പിനുമാപത്തു
പറ്റിയാൽക്കരയുന്നവൻ,
കുരുന്നു നുള്ളുവാൻപോലും
കൈയറയ്ക്കും ദയാമയൻ,

സ്നേഹം, ധർമ്മം, സദാചാരം-
ഓരോന്നെന്തിനു ചൊൽവു ഞാൻ?
ഗുണമൊക്കെയുമൊന്നിച്ച
ഗുരുവാണു മഹാത്മജി.

തന്റേതെന്നോതുവാനൊറ്റ-
ച്ചില്ലിയില്ലാത്തൊരേഴയെ
കുമ്പിട്ടു കനകക്കുന്നിൽ-
ക്കൊടിനാട്ടിയ കൂട്ടരും.

അതു നില്ക്കട്ടെ; നമ്മൾക്കെ-
ന്തരുളീ, നന്മ ഗാന്ധിജി?
ഒരു വാക്കിലുരയ്ക്കുമ്പോൾ
'സ്വാതന്ത്ര്യം': വിവരിച്ചിടാം.

വെറുതേ ശണ്ഠകൂട്ടീ നാം
വെള്ളക്കാരെജമാനരായ്;
നമ്മൾ നമ്മുടെ രാജ്യത്തു
കൂലിക്കാരെന്നപോലെയും.

അധികാരമകറ്റീടാൻ
പിടഞ്ഞു നാടു നാൾക്കുനാൾ;

അള്ളിപ്പിടിച്ച പാപ്പാനെ -
ത്തള്ളുവാനാനയെന്നപോൽ.

വിജയത്തിങ്കലെത്തേണ്ടും
വഴി നീണ്ടു കിടക്കയാൽ
വിളറിപ്പോം മുഖത്തോടേ
വീരനായകർ നിന്നുപോയ്.

ഖാദി, യക്രമരാഹിത്യ,-
മൈക്യം, മദ്യവിവർജ്ജനം
ധർമ്മയുദ്ധം നടത്താനീ
നാലംഗപ്പട കൂട്ടുവിൻ.

തോൾക്കുതോൾ ചേർന്ന നാട്ടാർക്കു
തോക്കുകുന്തങ്ങളെന്തിനായ്?
തോൽക്കുകില്ലവരെന്നുള്ള
വാക്കുമായെത്തി ഗാന്ധിജി.


ആ മെലിഞ്ഞ ശരീരത്തി-
ലലതല്ലിയ ശക്തിയാൽ
ആകെയൊന്നിളകീ രാജ്യം
കൊടുംകാറ്റേറ്റൊരാഴിപോൽ.

ബഹളം കണ്ട വെള്ളക്കാർ
ബന്ധിച്ചു പലവട്ടവും
പേടിയെന്തെന്നു കാണാതെ
മുന്നേറും മുനിതുല്യനെ.

പുറത്തുനിന്നു പോരാടും
ഗാന്ധിയെക്കാൾ മഹാബലൻ
അകത്തെഗ്ഗാന്ധി:- യാവാതിൽ
തുറക്കാതെന്തു ചെയ്തിടും?

വെള്ളക്കാരൊടുവിൽത്തോറ്റു
വെച്ചൊഴിഞ്ഞൂ സമസ്തവും;
ഇന്നു നമ്മുടെ നാട്ടിന്നു
നമ്മളാണധികാരികൾ.

അടികൊണ്ടാൽ ചിരിക്കുന്നോൻ
കുടിൽ കൊട്ടാരമാക്കിയോൻ
മകനേ! ഗാന്ധിയപ്പൂപ്പ-
നത്ഭുതങ്ങളിലത്ഭുതം!''



വര: സുധീർ പി വൈ

*(പഴയ തലമുറയിലെ പ്രഖ്യാതനായ ഒരു ഗുരുനാഥനായിരുന്നു മഹാകവി വെണ്ണിക്കുളം ഗോപാലക്കുറുപ്പ്. ഗാന്ധിജിയെപ്പറ്റിയുള്ള ഈ ലളിത മനോഹരമായ കവിത കുട്ടികൾക്കു കാണാതെ പഠിക്കാനും ഉറക്കെച്ചൊല്ലുവാനുമുള്ളതാണ്.)*

# രാമായണത്തത്തകൾ

**പുനരാഖ്യാനം : ഗ്രേസി**

ബാലികയായ സീത കൊട്ടാരത്തിനോട് ചേർന്നുള്ള പൂങ്കാവനത്തിൽ തോഴിമാർക്കൊപ്പം കളിച്ചുനടക്കുമ്പോൾ രണ്ട് തത്തകളെ കണ്ടു. അവ ഒരു വൃക്ഷത്തിന്റെ കൊമ്പിൽ കൊക്കുരുമ്മിയിരുന്ന് മനുഷ്യരുടെ ഭാഷയിൽ സംസാരിക്കുന്നതു കേട്ട് സീത കൗതുകം പൂണ്ടു. ആഹ്ലാദത്തോടെ അവർ വൃക്ഷത്തിന്റെ സമീപത്തേക്ക് ഓടിച്ചെന്നു. അന്നേരം ആ തത്തകൾ മറ്റൊരു കൊമ്പിലേക്ക് പറന്നുമാറിയിരുന്ന് ഇങ്ങനെ പാടി:

''ഈ ഭൂമിയിൽ സുന്ദരനായൊരു രാജകുമാരനുണ്ട്. പേര് ശ്രീരാമൻ. ശ്രീരാമകുമാരൻ സീത എന്ന രാജകുമാരിയെ കല്യാണം കഴിക്കും. പിന്നെ അവർ സുഖമായി ജീവിക്കും!''

തത്തകളുടെ പാട്ടുകേട്ട് സീത നാണിച്ച് ചിരിച്ചു. ഈ തത്തകൾ ഏതോ ദിവ്യകുലത്തിൽ പിറന്നവരാണെന്ന് അവൾ തീർച്ചപ്പെടുത്തി. അവൾ ചോദിച്ചു:

''നിങ്ങൾ ആരാണ്?''

ആൺതത്ത പറഞ്ഞു:

''ഞങ്ങൾ വാല്മീകി മഹർഷിയുടെ ആശ്രമമുറ്റത്തെ വൃക്ഷത്തിൽ വസിക്കുന്ന തത്തകളാണ്.''

സീത പിന്നെയും ചോദിച്ചു:

''ഈ പാട്ടുകഥ നിങ്ങൾക്ക് എങ്ങനെയാണ് കിട്ടിയത്?''

പെൺതത്ത പറഞ്ഞു:

''വാല്മീകി മഹർഷി ഒരു പാട്ടുകഥ രചിക്കുന്നുണ്ട്. എല്ലാ ദിവസവും സന്ധ്യയ്ക്ക് എഴുതിയതത്രയും മഹർഷി ശിഷ്യന്മാരെ പാടിക്കേൾപ്പിക്കും. വൃക്ഷത്തിലിരുന്ന് ഞങ്ങൾ അത് കേട്ടുപഠിക്കുകയും ചെയ്യും.''

സീത ആകാംക്ഷയോടെ ചോദിച്ചു:

''കഥ എവിടെവരെയായി?''

പെൺതത്ത ആഹ്ലാദത്തോടെ പറഞ്ഞു:

''രാമൻ സീതയെ കല്യാണം കഴിക്കാൻ പോവുകയാണ്.''



വര: സചീന്ദ്രൻ കാറഡ്ക്ക

സീതയുടെ ആകാംക്ഷ ഒടുങ്ങിയില്ല. കൈവിരലുകൾ കോർത്തുഞെരിച്ച് അവൾ ചോദിച്ചു:

''കല്യാണം കഴിഞ്ഞ് രാമനും സീതയും സുഖമായി ജീവിക്കുമോ?''

പെൺതത്ത ചിരിച്ചു.

''രാജകുമാരനും രാജകുമാരിയും കല്യാണം കഴിച്ച് സുഖമായി ജീവിച്ചു എന്നാണല്ലോ മിക്ക കഥകളും അവസാനിക്കുക. അതുകൊണ്ടാണ് അവർ സുഖമായി ജീവിക്കും എന്ന് ഞങ്ങൾ പറഞ്ഞത്.''

സീത അഭ്യർഥിച്ചു:

''നിങ്ങൾ രാമനെക്കുറിച്ച് കേട്ടതൊക്കെയും വീണ്ടും പറയൂ!''

പക്ഷികൾ ചിറകു കുടഞ്ഞു.

''ഇതിലപ്പുറം ഞങ്ങൾക്കൊന്നും പറയാനില്ല!''

തത്തകൾ അങ്ങനെ പറഞ്ഞത് സീതയ്ക്ക് ഒട്ടും ഇഷ്ടപ്പെട്ടില്ല. അവൾ തോഴിമാരോട് തത്തകളെ പിടിച്ചുകൊണ്ടുവരാൻ പറഞ്ഞു. അതുകേട്ട് പേടിച്ച് പറക്കാൻ തുടങ്ങിയ തത്തകളോട് തോഴിമാർ പറഞ്ഞു:

''നിങ്ങൾ വെറുതെ പ്രാണൻ കളയരുത്. ഞങ്ങളുടെ ഈ രാജകുമാരി ഒന്നാന്തരം അമ്പെയ്ത്തുകാരിയാണ്!''

മരക്കൊമ്പിൽ വിറങ്ങലിച്ചിരുന്നുപോയ തത്തകളെ തോഴിമാർ ബന്ധനസ്ഥരാക്കി. അപ്പോൾ സീത പറഞ്ഞു:

''നിങ്ങൾ ഭയക്കണ്ട. ഞാൻ നിങ്ങളെ ഉപദ്രവിക്കുകയില്ല. വാല്മീകി പാടിയ രാമകഥ എനിക്ക് വീണ്ടും കേൾക്കണം.''

തത്തകൾക്ക് ഈ ബാലിക ആരാണെന്നറിയാൻ ആഗ്രഹം തോന്നി.

''കുമാരീ! അവിടത്തെ പേരെന്താണ്?''

സീത ലജ്ജയോടെ പറഞ്ഞു:

''സീത!''

തത്തകൾ സന്തുഷ്ടരായി ഇങ്ങനെ പറഞ്ഞു:

''കുമാരീ! ശ്രീരാമചന്ദ്രൻ മിഥിലയിലെത്തും. വില്ല് കുലച്ച് കുമാരിയെ വേൾക്കുകയും ചെയ്യും. ഇനി ഞങ്ങളെ പോകാനനുവദിച്ചാലും!''

അന്നേരം സീത പറഞ്ഞു:

''നിങ്ങളുടെ സംസാരം എന്നെ വല്ലാതെ മോഹിപ്പിക്കുന്നു! രാമൻ വന്ന് എന്നെ വേൾക്കുന്നതുവരെയും ഞാൻ നിങ്ങളെ വിട്ടയയ്ക്കുകയില്ല!''

ഇതുകേട്ട് തത്തകൾ വല്ലാതെ സങ്കടപ്പെട്ടു. അവർക്ക് വാല്മീകിയുടെ ആശ്രമവും ആശ്രമമുറ്റത്തുള്ള വൃക്ഷത്തിന്റെ പൊത്തിലെ വാസവും രാമായണസന്ധ്യകളും അത്രമേൽ പ്രിയപ്പെട്ടതായിരുന്നു.

പെൺതത്ത വിഷമിച്ചു.

''പ്രിയപ്പെട്ട കുമാരീ! ഞങ്ങൾ തത്തകൾക്ക് പകലൊക്കെ കാട്ടിൽ പറന്നുനടന്ന് തീറ്റതേടാനും സന്ധ്യയ്ക്ക് മരപ്പൊത്തിൽ താമസിക്കാനുമാണ് ഇഷ്ടം. ഈ കൊട്ടാരത്തിൽ ഞങ്ങൾക്ക് സുഖമുണ്ടാകുകയില്ല. തന്നെയുമല്ല ഞാൻ ഗർഭിണിയാണ്. കൂട്ടിൽച്ചെന്ന് മുട്ടയിട്ട് കുഞ്ഞുങ്ങളെ വിരിയിച്ചതിനുശേഷം ഞങ്ങൾ മക്കളോടൊപ്പം മടങ്ങിവരാം!''

ഈ വാഗ്ദാനം കേട്ടിട്ടും ബാലികയായ സീത അവരെ വിട്ടയയ്ക്കാൻ കൂട്ടാക്കിയില്ല. അപ്പോൾ ആൺതത്ത താഴ്മയായി അപേക്ഷിച്ചു:

''രാജകുമാരി ഞങ്ങളെ വിട്ടയ്ക്കുക! ഞങ്ങൾ കാട്ടിൽ ഇഷ്ടംപോലെ ജീവിക്കട്ടെ!''

സീത ഒരു നിമിഷം ആലോചിച്ചുനിന്ന് ആൺതത്തയെ സ്വതന്ത്രനാക്കി.

''എങ്കിൽ ഭവാൻ പൊയ്ക്കൊള്ളൂ! ഇവൾ എന്റെ കൂടെ താമസിക്കട്ടെ!''

രാമായണ കഥ പാടിയതുകൊണ്ടാണല്ലോ ഈ ദുർഗതി വന്നതെന്നോർത്ത് തത്തകൾ ദുഃഖിതരായി. തന്റെ ഇണയെ വിട്ടുതരാൻ ആൺതത്ത എത്ര അപേക്ഷിച്ചിട്ടും സീത തയ്യാറായില്ല. അപ്പോൾ താപവും കോപവും പൂണ്ട് പെൺതത്ത സീതയെ ശപിച്ചു.

''എന്നെ ഭർത്താവിൽനിന്ന് വേർപെടുത്തുകയാണല്ലോ നീ ചെയ്തത്. ഞാൻ ഗർഭിണിയാണെന്നു പറഞ്ഞിട്ടും യാതൊരു മനസ്സലിവും ഉണ്ടായതുമില്ല. നീയും ഗർഭിണിയാകുമ്പോൾ ഭർത്താവിൽനിന്ന് വേർപിരിയാൻ ഇടവരട്ടെ!''

ഇത്രയും പറഞ്ഞ് ആ പെൺതത്ത തലതല്ലി പിടഞ്ഞു മരിച്ചു. ആൺതത്തയാകട്ടെ, പ്രിയപ്പെട്ട ഭാര്യ മരിച്ച ദുഃഖം സഹിക്കാനാവാതെ ഗംഗയിൽ ചാടി മരിക്കാൻ തീർച്ചപ്പെടുത്തി. മുങ്ങി മരിക്കും മുമ്പ് ആൺതത്ത കോപത്തോടെ ശപഥം ചെയ്തു,

''ഞാൻ രാമന്റെ നഗരത്തിൽ ജനിക്കും! എന്റെ വാക്ക് സീതയുടെ ജീവിതത്തെ തകർക്കുകയും ചെയ്യും!''

ഈ ആൺതത്ത ക്രോധനൻ എന്ന അലക്കുകാരനായി അയോധ്യയിൽ ജനിച്ചു. ക്രോധനൻ സീതയെക്കുറിച്ച് പറഞ്ഞ അപവാദം കേട്ട് ശ്രീരാമൻ ഗർഭിണിയായ സീതയെ കാട്ടിലുപേക്ഷിക്കുകയും ചെയ്തു.

**“പ്രിയപ്പെട്ട കുമാരീ! ഞങ്ങൾ തത്തകൾക്ക് പകലൊക്കെ കാട്ടിൽ പറന്നുനടന്ന് തീറ്റതേടാനും സന്ധ്യയ്ക്ക് മരപ്പൊത്തിൽ താമസിക്കാനുമാണ് ഇഷ്ടം. ഈ കൊട്ടാരത്തിൽ ഞങ്ങൾക്ക് സുഖമുണ്ടാകുകയില്ല. തന്നെയുമല്ല ഞാൻ ഗർഭിണിയാണ്. കൂട്ടിൽച്ചെന്ന് മുട്ടയിട്ട് കുഞ്ഞുങ്ങളെ വിരിയിച്ചതിനുശേഷം ഞങ്ങൾ മക്കളോടൊപ്പം മടങ്ങിവരാം!” ഈ വാഗ്ദാനം കേട്ടിട്ടും ബാലികയായ സീത അവരെ വിട്ടയയ്ക്കാൻ കൂട്ടാക്കിയില്ല.**

ഫോട്ടോഫീച്ചർ


# അപൂർവസുന്ദരന്മാരായ തൂവൽകുപ്പായക്കാർ

സി സുശാന്ത്

**തൂവൽകുപ്പായക്കാരായ പക്ഷികളുടെ അനന്തവിസ്മയലോകം എന്നും നമ്മളിൽ അത്ഭുതങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. വൈവിധ്യമാർന്ന നിറങ്ങളാലും ചേഷ്ടകളാലും പ്രകൃതിയിലെ ഈ കൂട്ടുകാർ നമ്മെ ആകർഷിച്ചുകൊണ്ടിരിക്കുന്നു. ഇന്ത്യയിൽ കാണപ്പെടുന്ന ചില പക്ഷികളെ നമുക്കു പരിചയപ്പെടാം.**

## 1. ഹിമാലയൻ മൊണാൽ (Himalayan Monal)

ഇന്ത്യയിൽ കാണുന്ന പക്ഷികളിൽ ഏറ്റവും സുന്ദരനായ പക്ഷി ഏതെന്നു ചോദിച്ചാൽ ഹിമാലയൻ മൊണാൽ ആൺപക്ഷി എന്നാകും ഉത്തരം നൽകുക. പ്രകൃതി ഉജ്ജ്വലമായ വർണങ്ങൾ വളരെ മനോഹരമായി ഈ പക്ഷിയിൽ സമന്വയിപ്പിച്ചിരിക്കുന്നു. അതുപോലെ ഇവ അപൂർവരുമാണ്. മഞ്ഞുവീഴുന്ന ഹിമാലയൻ മലനിരകളിലാണ് ഇവ വസിക്കുന്നത്. ചെങ്കുത്തായ മലനിരകളിലൂടെ സാഹസികസഞ്ചാരം നടത്തിയാലേ ഈ അപൂർവസുന്ദരൻ ദർശനം നൽകൂ. ആൺമൊണാലുകളുടെ പുറം തിളങ്ങുന്നപച്ച, ചുവപ്പ്, പാടലവർണം എന്നിവയാൽ അലംകൃതമായിരിക്കും. മരതക പച്ചനിറത്തിൽ ചെറുശിഖയുണ്ട്. പുറമാകെ തിളങ്ങുന്ന/ ഒളിമിന്നുന്ന നീലയോ, വയലറ്റ് ഒളിയുള്ള നീലനിറമോ ആണ്. കഴുത്ത്



ഹിമാലയൻ മൊണാൽ



ഐബിസ്ബിൽ

തിളങ്ങുന്ന ഓറഞ്ചുനിറം. പ്രകൃതിയിലെ കണ്ണഞ്ചിക്കുന്ന നിറങ്ങളെല്ലാം ഹിമാലയൻമൊണാലിൽ സമ്മേളിച്ചുവോ എന്ന് നാം സംശയിച്ചുപോകും.

പെൺപക്ഷിക്ക് ഈ വർണ്ണശോഭയൊന്നുമില്ല. അവയുടെ നിറം ഇരുണ്ട തവിട്ടും വെള്ളയും കലർന്നതാണ്.

## 2. ഐബിസ് ബിൽ (Ibisbill)

നീണ്ട അരിവാൾ കൊക്കുള്ള നീർപ്പക്ഷികളായ ഐബിസ്ബില്ലിനെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളായ അരുണാചൽപ്രദേശ്, സിക്കിം, ഭൂട്ടാൻ എന്നിവിടങ്ങളിലെ മലനിരകളിലെ കാട്ടുപുഴയോരങ്ങളിലും അരുവികളിലുമാണ് കാണുന്നത്. വളരെയധികം ലജ്ജാലുക്കളായതിനാൽ ഇവയെ കണ്ടെത്തുക അതിലേറെ ദുഷ്കരമാണ്. ഐബിസ്ബില്ലിന്റെ മുഖം കറുപ്പും, അരിവാൾപോലെ വളഞ്ഞ കൊക്കിന് ചുവന്ന നിറവുമാണ്. നെഞ്ചിൽ കറുപ്പും വെളുപ്പും പട്ടകൾ. ചാരം കലർന്ന കറുപ്പും വെളുപ്പും വേഷക്കാരായ ഐബിസ്ബില്ലിന്റെ നീണ്ടകാലുകൾ



തീവാലൻ തേൻകുരുവി



ചെഞ്ചുണ്ടൻ നീലമാഗ്പൈ

തിളങ്ങുന്ന ചുവപ്പുനിറത്തിലാണ്.

**പൊന്തകളിൽ ഇവ തേൻകുടിക്കുവാൻ പാറിനടക്കുമ്പോൾ തീനാളം പോലെ വെട്ടിതിളങ്ങുന്ന വാലുകളാകും കണ്ണിൽപ്പെടുക. ഹിമാലയത്തിലെ തിളങ്ങുന്ന ചുവന്ന പുഷ്പങ്ങളുള്ള റോഡോ ഡെൻഡ്രോൺമരങ്ങൾ വളരുന്ന ഉയർന്ന മലനിരകളിലാണ് ഇവയുടെ വാസം.**

## 3. തീവാലൻ തേൻകുരുവി (Fire tailed Sunbird)



നമ്മുടെ നാട്ടിൽ കാണുന്ന തേൻകിളിയുടെ ബന്ധുവാണിതെന്നു പറയാം. ഹിമാലയൻ മലനിരകളിലും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ മലനിരകളിലും തീവാലൻതേൻകുരുവികളെ കാണപ്പെടുന്നു. ആൺപക്ഷികളുടെ തല തിളങ്ങുന്ന ഇരുണ്ട നീലനിറവും, പുറം തിളങ്ങുന്ന ചുവപ്പും, വയറു മുതൽ അടിഭാഗം വരെ തിളങ്ങുന്ന മഞ്ഞയും, ഒലീവ് കലർന്ന പച്ചനിറത്തിലുള്ള ചിറകുകളുമാണ്. ഇവയുടെ ഏറ്റവും വലിയ പ്രത്യേകത തീജ്ജ്വാലകളെ വെല്ലുന്ന ഓറഞ്ചുകലർന്ന തിളങ്ങുന്ന ചുവപ്പുനിറമുള്ള റിബ്ബൺ പോലെ നീണ്ട വാലുകളാണ്.

പൊന്തകളിൽ ഇവ തേൻകുടിക്കുവാൻ പാറിനടക്കുമ്പോൾ തീനാളം പോലെ വെട്ടിതിളങ്ങുന്ന വാലുകളാകും കണ്ണിൽപ്പെടുക. ഹിമാലയത്തിലെ തിളങ്ങുന്ന ചുവന്ന പുഷ്പങ്ങളുള്ള റോഡോ ഡെൻഡ്രോൺമരങ്ങൾ വളരുന്ന ഉയർന്ന മലനിരകളിലാണ് ഇവയുടെ വാസം. ഹിമാലയത്തിൽ ശൈത്യകാലമാരംഭിക്കുമ്പോൾ ഇവ താഴ്വാരങ്ങളിലെത്തുന്നു. പെൺപക്ഷിക്ക് ഒലീവ് കലർന്ന പച്ചനിറമാണ്. ആൺപക്ഷിയേപ്പോലെ ചുവന്നവാല് ഇവയ്ക്കില്ല.

## 4. ചെഞ്ചുണ്ടൻ നീലമാഗ്പൈ (Red billed Blue Magpie )

ഹിമാലയൻസഞ്ചാരികളെ ഏറെ ആകർഷിക്കുന്ന ഒരു ഹിമാലയൻ പക്ഷിയാണ് ചെഞ്ചുണ്ടൻ നീല മാഗ്പൈ.

ഇവയുടെ നീലനിറത്തിലുള്ള നീണ്ടവാലുകളാണ് ഏറെ ആകർഷണം. ഇരുണ്ട നീല കലർന്ന കറുത്ത തലയിൽ പിൻകുടുമ പോലെ വെളുപ്പുനിറം. പുറംചിറകുകൾക്ക് നീലനിറം. കൊക്കും കാലുകളും തിളങ്ങുന്ന ചുവപ്പ്. വെളുത്ത ഉദരം. നീണ്ടനീല വാലിന്റെ തുമ്പത്ത് പൊട്ട്. സംഘമായി ഇരതേടിനടക്കുന്ന ഇവ മിശ്രഭോജികളാണ്. ഹിമാലയൻ താഴ്വാരങ്ങളിലെ വീട്ടുവളപ്പുകളിലും ഭക്ഷണശാലകൾക്കരികിലും ആഹാരാവശിഷ്ടങ്ങൾ ഭക്ഷിക്കുവാൻ ഇവ സംഘമായിട്ടെത്താറുണ്ട്. നീണ്ടവാലുയർത്തിപ്പിടിച്ചു നിലത്തു തത്തിത്തത്തിനടന്ന് ഒച്ചയുണ്ടാക്കി ഭക്ഷണം വിഴുങ്ങുന്ന ചെഞ്ചുണ്ടൻ നീലമാഗ്പൈ നമ്മുടെ മനസ്സിലും ചേക്കേറുന്നു.

## 5. ചെഞ്ചുണ്ടൻ ലിയോത്രിക്സ് (Red billed Leiothrix)

ഹിമാലയൻ മലനിരകളിലും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും കാണുന്ന ചിലപ്പൻവർഗ



ഖാലിജ് ഫെസന്റ്

ത്തിൽപെട്ട ചെറുപക്ഷിയാണ് ചെഞ്ചുണ്ടൻ ലിയോത്രിക്സ്. പേരുപോലെ ഇവയുടെ ചുവന്ന ചുണ്ടുകളാണ് ഏറ്റവും ആകർഷണീയം.

ചെറിപ്പഴത്തിന്റെ വർണമുള്ള മുഖത്ത് ഇരുണ്ട മീശവരകളും മഞ്ഞത്തൊണ്ടയും ഓറഞ്ചുനിറമാർന്ന നെഞ്ചിലെ വർണത്തിൽ അലിഞ്ഞുചേർന്നിരിക്കുന്നു. പുറംചിറകുകൾ ചാരം കലർന്ന നിറം. ഇതിൽ തിളങ്ങുന്ന ചുവപ്പും ഓറഞ്ചും മഞ്ഞയും നിറത്തിലുള്ള പട്ട. കവരമുള്ള നീണ്ടവാൽ. ചെഞ്ചുണ്ടൻ ലിയോത്രിക്സിനെ കണ്ടാൽ പ്രകൃതി ഈ ചെറുപക്ഷിയെ എത്ര വർണ്ണപ്പകിട്ടോടെയാണ് അലങ്കരിച്ചിരിക്കുന്നതെന്നു തോന്നിപ്പോകും.

## 6. ഖാലീജ്ഫെസന്റ് (Kalij Pheasant)

ഫെസന്റ് വർഗക്കാരായ ഹിമാലയൻ പക്ഷികൾ ഒട്ടൊക്കെ അപൂർവരും വർണ്ണാലങ്കാര



ചെഞ്ചുണ്ടൻ ലിയോത്രിക്സ്



വെള്ളത്തൊണ്ടൻ വിശറിവാലൻ

തൂവലുകൾക്ക് പേരുകേട്ടവരുമാണ്. നമ്മുടെ ദേശീയപക്ഷിയായ മയിലും ഫെസന്റ് വർഗക്കാരനാണ്. ഒരു മയിൽപ്പീലിത്തുണ്ട് സ്വന്തമാക്കുവാൻ കൊതിക്കാത്ത കുട്ടികളുണ്ടാവില്ല. ഫെസന്റുകൾ പൊതുവേ നാണംകുണുങ്ങികളും, മനുഷ്യസാമീപ്യം തീരെ ഇഷ്ടപ്പെടാത്ത പക്ഷികളുമായതിനാൽ ഇവയെ വളരെ അപൂർവമായേ കണ്ടെത്തുവാൻ കഴിയൂ. ഇവയിൽ ഹിമാലയൻ മലയോരങ്ങളിലും താഴ്‌വാരവനാന്തരങ്ങളിലും വനയോരങ്ങളിലെ ഗ്രാമപ്രദേശങ്ങളിലും കാണുന്ന പക്ഷിയാണ് ഖാലീജ് ഫെസന്റ്. ഇവയ്ക്ക് തിളങ്ങുന്ന ചുവന്ന കൺപട്ടയുണ്ട്. ആൺപക്ഷികൾക്ക് വെളുപ്പുനിറത്തിൽ കിന്നരിത്തൊപ്പിയുമുണ്ട്.

## 7. വിശറിവാലന്മാർ (Fantail Flycatchers)

പക്ഷികളിൽ കൗതുകകരമായ ചലനങ്ങളാൽ നമ്മെ ആകർഷിക്കുന്ന ചെറുപക്ഷികളാണ് വിശറിവാലന്മാർ. ഇവയുടെ വിവിധയിനങ്ങൾ തെക്കേ ഇന്ത്യയിലും ഹിമാലയൻ സാനുക്കളിലും കാണുന്നുണ്ട്. ആഹാരസമ്പാദനത്തിലേർപ്പെടുമ്പോഴും ചില്ലകളിൽ ചാടിനടക്കുമ്പോഴും ഇവ ശരീരം അങ്ങോട്ടുമിങ്ങോട്ടും ചാഞ്ചാടിക്കുകയും ഇടയ്ക്കിടെ വാൽ വിശറിപോലെ വിടർത്തി ആടുകയും ചെയ്യുന്നു. ആയ



വിശറിവാലൻ

**കൗതുകകരമായ ചലനങ്ങളാൽ നമ്മെ ആകർഷിക്കുന്ന ചെറുപക്ഷികളാണ് വിശറിവാലന്മാർ. ഇവയുടെ വിവിധയിനങ്ങൾ തെക്കേ ഇന്ത്യയിലും ഹിമാലയൻ സാനുക്കളിലും കാണുന്നുണ്ട്.**



മഞ്ഞവയറൻ വിശറിവാലൻ

തിനാൽ ഇവയ്ക്ക് ആട്ടക്കാരൻ എന്നൊരു പേരുകൂടിയുണ്ട്. തെക്കേയിന്ത്യയിൽ കാണുന്ന വിശറിവാലന് വീതിയുള്ള വെളുത്ത പുരികവും വീതിയിൽ കറുത്ത കൺപട്ടയും കറുത്ത തൊണ്ടയും ഇരുണ്ടകറുപ്പ് കലർന്ന തവിട്ടു ചിറകിൽ വെള്ളപ്പൊട്ടുകളുമുണ്ട്. ഹിമാലയസാനുക്കളിൽ കാണുന്ന വെള്ളത്തൊണ്ടവിശറിവാലന് വളരെ നേർത്ത വെള്ളപ്പുരികവും കറുത്ത കൺപട്ടയും വെളുത്ത തൊണ്ടയുമുണ്ട്. വള്ളിപ്പടർപ്പിൽ ചെറുകോപ്പയുടെ ആകൃതിയിൽ നാരുകൾ കൊണ്ട് അതിമനോഹരമായ കൂട് വിശറിവാലൻ തീർക്കാറുണ്ട്.

ഹിമാലയത്തിലും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും കാണുന്ന വിശറിവാലന്മാരിൽ ചെറിയവനാണ് മഞ്ഞവയറൻ വിശറിവാലൻ. ഇരുളടഞ്ഞ മഴക്കാടുകളിലാണ് ഈ ചെറുപക്ഷിയുടെ വാസം. ഇവയുടെ പുരികത്തിന് തിളങ്ങുന്ന മഞ്ഞനിറമാണ്. കറുത്ത കൺപട്ടയുമുണ്ട്. താടിയും നെഞ്ചും വയറും



മലബാർ തീക്കാക്ക



**ആൺപക്ഷിക്ക് തിളങ്ങുന്ന നീല കൺവലയവും നീല ചുണ്ടുമാണ്. തലയ്ക്ക് കറുപ്പുനിറം. നെഞ്ചിൽ വെള്ളമാലപോലെ പട്ട. വെള്ളപ്പട്ട കഴിഞ്ഞാൽ തീജ്ജ്വാലകളെ വെല്ലുന്ന ഓറഞ്ചുകലർന്ന ചുവപ്പുനിറമാണ്. ഈ നിറമാണ് ഇവയെ തീക്കാക്ക എന്നു വിളിക്കുവാൻ കാരണമായിതീർന്നിരിക്കുന്നത്.**

ചെന്തലയൻ തീക്കാക്ക



തിളങ്ങുന്ന മഞ്ഞനിറം. വാൽ വിടർത്തിയാടുമ്പോൾ വിശറിവാൽത്തുമ്പുകൾ വെളുപ്പു നിറത്തിലായിരിക്കും.

## 8. തീക്കാക്കകൾ (Trogons)

പക്ഷികളിൽ സൗന്ദര്യത്തിൽ മുൻപന്തിയിൽ നിൽക്കുന്നവരാണ് തീക്കാക്കകൾ. പ്രത്യേകിച്ചും ആൺപക്ഷികൾ.

പശ്ചിമഘട്ടത്തിലും ഹിമാലയൻസാനുക്കളിലും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലുമായി മൂന്നിനം തീക്കാക്കകൾ കാണപ്പെടുന്നു. പശ്ചിമഘട്ടത്തിലും തെക്കൻസംസ്ഥാനങ്ങളിലുമാണ് മലബാർതീക്കാക്ക (Malabar Trogon) കാണപ്പെടുന്നത്.

ആൺപക്ഷിക്ക് തിളങ്ങുന്ന നീല കൺവലയവും നീല ചുണ്ടുമാണ്. തലയ്ക്ക് കറുപ്പുനിറം. നെഞ്ചിൽ വെള്ളമാല പോലെ പട്ട. വെള്ളപ്പട്ട കഴിഞ്ഞാൽ തീജ്ജ്വാലകളെ വെല്ലുന്ന ഓറഞ്ചുകലർന്ന ചുവപ്പുനിറമാണ്. ഈ നിറമാണ് ഇവയെ തീക്കാക്ക എന്നു വിളിക്കുവാൻ കാരണമായി തീർന്നിരിക്കുന്നത്. പെൺപക്ഷിക്ക് ഈ വർണശോഭയൊന്നുമില്ല. മഞ്ഞയും തവിട്ടും കലർന്നനിറമാണ്.

ഹിമാലയത്തിലും വടക്കുകിഴക്കൻസംസ്ഥാനങ്ങളിലും കാണുന്ന ചെന്തലയൻതീക്കാക്ക (Redheaded Trogon) ആൺപക്ഷിയുടെ കൺവലയവും ചുണ്ടും തിളങ്ങുന്ന നീലനിറത്തിലാണ്. തലയ്ക്ക് തിളങ്ങുന്ന രക്തവർണ ചുവപ്പുനിറം. നെഞ്ചിൽ വെളുത്ത മാലയും താഴേക്ക് പിങ്ക്നിറം കലർന്ന ചുവപ്പുനിറവുമാണ്. പെൺപക്ഷിക്കും വർണശോഭയുണ്ട്. തല തവിട്ടുനിറവും നെഞ്ചും ഉദരവും തിളങ്ങുന്ന മഞ്ഞനിറവുമാണ്. ചെന്തലയൻ തീക്കാക്കയെ നനവാർന്ന അടിക്കാടുകളിൽ ഒട്ടൊക്കെ അപൂർവമായി കാണുന്നു. സിക്കിം, ഭൂട്ടാൻ, അരുണാചൽപ്രദേശ് എന്നിവിടങ്ങളിൽ കാണുന്ന Ward's Trogon ആൺപക്ഷിയുടെ ചുണ്ട് റോസ് കലർന്ന ചുവപ്പും കൺവലയം നീലയുമാണ്. തലയും പുറംഭാഗവും കാപ്പിപ്പൊടി വർണം. നെഞ്ചും അടിഭാഗവും ഇരുണ്ട തിളങ്ങുന്ന പിങ്ക് കലർന്ന റോസ്നിറമാണ്. പെൺപക്ഷിക്ക് തിളങ്ങുന്ന മഞ്ഞനിറവും.

മേൽപ്പറഞ്ഞ പക്ഷികളെ കൂടാതെ അപൂർവരും വർണതൂവലുകളാൽ നമ്മെ ആകർഷിക്കുന്ന അനേകം പക്ഷികളും ഇന്ത്യയിലുണ്ട്. പ്രകൃതിയുടെ കരവിരുതുകൾ അവിസ്മരണീയമാണ്. തൂവൽകുപ്പായക്കാരുടെ വർണവിസ്മയലോകം വാക്കുകൾക്കും വർണ്ണനകൾക്കും അതീതമാണ്. ഇവയെ കാണുവാനും നിലനിർത്തുവാനും നാം ബാധ്യസ്ഥരാണ്.


സ്കൂൾ ഡെയ്സ്
രാജീവ് എൻ ടി
എത്രകാര്യങ്ങൾ പഠിക്കാനുള്ളതാ... എന്നാണാവോ ഈ സ്കൂൾ ഒന്നു തുറക്കുന്നേ...
'ഓരോ വീടും ഒരു വിദ്യാലയമാണ്, മാതാപിതാക്കൾ അധ്യാപകരും' എന്നാണ് ഗാന്ധിജി പറഞ്ഞിരിക്കുന്നത്.
അങ്ങനെയല്ല ചേച്ചീ- 'ഓരോ വിദ്യാലയവും ഒരു വീടാണ്, അവിടത്തെ അധ്യാപകർ മാതാപിതാക്കളും' എന്നാണ് ഞാൻ പറയുന്നത്.
കുറേക്കാലം സ്കൂൾ അടച്ചിട്ടപ്പോൾ വിദ്യാലയത്തിന്റെ മഹത്വം മനസ്സിലായി അല്ലേ!
എത്ര വീശിയടിച്ചാലും ഈ നാലു ചുവരിനുള്ളിലെ ബൗണ്ടറിയല്ലേ കിട്ടൂ...

# കൊച്ചു ഹവ്റോഷ്ച്ചെക്ക

**റോസ്മേരി**

വരൂ, നമുക്കു പുഴയൊഴുകും ദിക്കിലേക്കു നടക്കാം. പുഴക്കരയിലെ അക്കാണുന്ന പാറക്കെട്ടിലേക്ക് ഒന്നു നോക്കൂ. അതിന്റെ ചെരിവിൽ ഒറ്റയ്ക്ക് ഒരു പെൺകുട്ടി. നമുക്കടുത്തു ചെല്ലാം. ഓ... അവൾ കണ്ണുംപൊത്തിക്കൊണ്ട് ഏങ്ങിക്കരയുകയാണ്. മിഴിനീർ ഒഴുകിവീണുവീണ് കുപ്പായമൊക്കെ നനഞ്ഞുപോയി. എന്തിനാണാവോ അവളിങ്ങനെ സങ്കടപ്പെടുന്നത്?

തൊട്ടടുത്ത് രണ്ടു വലിയ തൊട്ടികൾ നിറയെ അലക്കാനുള്ള വിഴുപ്പുതുണികളാണ്. അവമൊത്തം അലക്കി വൃത്തിയാക്കണം. തുടർന്ന് കുതിരകൾക്കു തീറ്റ കൊടുക്കണം. പശുക്കളെ മേയാൻ കൊണ്ടുപോണം. കാട്ടിൽ പോയി സൂപ്പിനുള്ള കൂണുകൾ ശേഖരിക്കണം. ഹോ, തീർത്താലും തീരാത്തത്ര പണികൾ! അതൊക്കെ ഓർത്താണ് അവൾ തേങ്ങിക്കരയുന്നത്.

മെല്ലിച്ചുവിളർത്ത ആ കുട്ടിയുടെ പേരാണ് ഹവ്റോഷ്ച്ചെക്ക. കഷ്ടിച്ച് ഏഴെട്ടു വയസ്സുണ്ടാകും പ്രായം.

അവൾ അനാഥയാണ്. വളരെ ചെറുപ്പത്തിലേ അച്ഛനും അമ്മയും മരിച്ചുപോയി. അയലത്തെ പണമുള്ള ഒരു വീട്ടുകാർ അവളെ ദത്തെടുത്തു വളർത്തുകയാണ്. ഇഷ്ടമുണ്ടായിട്ടൊന്നുമല്ല. ആരോരുമില്ലാത്ത ആ കുഞ്ഞിനെച്ചൊല്ലി അനുതാപം തോന്നിയ പള്ളീലച്ചൻ നിർബന്ധിച്ചതുകൊണ്ടുമാത്രം ആ ധനാഢ്യർ അവളെ ഏറ്റെടുത്തുവെന്നേയുള്ളൂ.

കുട്ടിക്ക് നാലഞ്ചുവയസ്സായപ്പോൾ മുതൽ അവിടത്തെ വീട്ടുകാരി അവളെക്കൊണ്ട് ഓരോരോ പണികൾ ചെയ്യിച്ചുതുടങ്ങി. ആദ്യമൊക്കെ ചെറിയചെറിയ ജോലികൾ. നാളുകൾ കഴിയുന്തോറും പണികളുടെ ഭാരം ഏറിവന്നു.

വളരെ സാധുവാണ് നമ്മുടെ ഹവ്റോഷ്ച്ചെക്ക. പരാതിയോ, മുഖം വീർപ്പിക്കലോ ഒന്നുമില്ല. എന്തുപറഞ്ഞാലും അനുസരിക്കും. ഒച്ചയും ബഹളവുമില്ലാത്ത ശാന്തയായ പെൺകുട്ടി.

വീട്ടുകാരി ഒരു പരമദുഷ്ടയായിരുന്നു. ആ അനാഥപ്പെൺകുട്ടിയെ വെറുമൊരു അടിമയെപ്പോലെയാണവർ കണക്കാക്കിയത്. പണിക്കാരോടൊപ്പമാണ് അവളെ താമസിപ്പിച്ചത്. കണ്ണുതുറക്കുമ്പോഴേ യജമാനത്തി അന്നു ചെയ്തുതീർക്കേണ്ട ജോലികളുടെ ഒരു വലിയ ലിസ്റ്റ് അവളെ പറഞ്ഞുകേൾപ്പിക്കും.

വളരെ പാടുപെട്ട് പെൺകുട്ടി അതൊക്കെയും ചെയ്തുതീർക്കും. മടുത്തു തളർന്ന് ഒരിടത്തു തെല്ലുനേരമിരുന്ന് വിശ്രമിക്കാൻ ഒരുമ്പെടുമ്പോൾ പുതിയ ലിസ്റ്റുമായി ആ സ്ത്രീ കടന്നുവരും. അവൾ കളിക്കുന്നതോ ചിരിക്കുന്നതോ സന്തോഷിക്കുന്നതോ അവർക്കു സഹിക്കില്ല. ഒരു ശത്രുവിനോടെന്നപോലെയാണവർ അവളോടു പെരുമാറുന്നത്.

അവിടത്തെ യജമാനൻ നല്ലവനായിരുന്നു. ഹവ്റോഷച്ചെക്കയുടെ കഷ്ടപ്പാടുകൾ കണ്ട്

**വീട്ടുകാരി ഒരു പരമദുഷ്ടയായിരുന്നു. ആ അനാഥപ്പെൺകുട്ടിയെ വെറുമൊരു അടിമയെപ്പോലെയാണവർ കണക്കാക്കിയത്. പണിക്കാരോടൊപ്പമാണ് അവളെ താമസിപ്പിച്ചത്. കണ്ണുതുറക്കുമ്പോഴേ യജമാനത്തി അന്നു ചെയ്തുതീർക്കേണ്ട ജോലികളുടെ ഒരു വലിയ ലിസ്റ്റ് അവളെ പറഞ്ഞുകേൾപ്പിക്കും.**

അങ്ങേർക്കു ദയതോന്നി. പക്ഷേ ഭാര്യയുടെ ശകാരം ഭയന്ന് അയാൾ പെൺകുട്ടിയെ പിന്തുണച്ചതേയില്ല. ആ ദുരിതങ്ങൾ കാണാത്ത മട്ടിലിരുന്നു.

യജമാനനും യജമാനത്തിക്കും മൂന്നു പെൺമക്കൾ. മൂത്ത മകൾക്ക് ഒരു കണ്ണേ ഉള്ളൂ, 'ഒറ്റക്കണ്ണി' എന്നു പേര്. രണ്ടാമത്തവൾക്ക് രണ്ടു കണ്ണുകൾ, 'രണ്ടു കണ്ണി' എന്നു പേര്. ഏറ്റവും ഇളയവൾക്ക് മൂന്നു കണ്ണുകൾ, 'മുക്കണ്ണി' എന്ന് അവളെ എല്ലാവരും വിളിച്ചു. മൂന്നുപെൺകുട്ടികളും ശീലത്തിലും പെരുമാറ്റത്തിലും അമ്മയുടെ തനിപ്പകർപ്പുകൾ. ഒട്ടും കരുണയില്ലാത്ത മനസ്സ്. തീരെ മയമില്ലാത്ത പരുക്കൻ സംസാരം.

മൂന്നും മഹാമടിച്ചിക്കോതകൾ. ഒരു പണിയും ചെയ്യില്ല. സദാനേരവും ചമഞ്ഞു നടപ്പുതന്നെ. വൈകുന്നേരമായാൽ റോഡിൽക്കൂടി പോകുന്നവരെ നോക്കി പരിഹാസച്ചിരി, കളിയാക്കി സംസാരം.

പെട്ടികൾ നിറയെ ആഭരണങ്ങളും വേഷഭൂഷകളും. അതൊക്കെ വാരിക്കോരി അണിഞ്ഞ് അമ്മയും മക്കളും സദാ വിരുന്നിനു പോവുന്നു. നൃത്തപരിപാടികളിൽ പങ്കെടുക്കുന്നു. ഒഴിവുകിട്ടുമ്പോൾ മറ്റുള്ളവരെ കുറ്റം പറയുന്നു. ഏഷണിക്കഥകൾ മെനഞ്ഞുണ്ടാക്കുന്നു.

നമ്മുടെ ഹവ്റോഷ്ച്ചെക്കയെ കാണാൻ എന്തൊരു ചന്തം! ഒരു മാലാഖയെപ്പോലെ വിശുദ്ധിയുള്ള മുഖം. അതേസമയം ആ മൂന്ന് പെൺമക്കളും മഹാവിരൂപകളായിരുന്നു. മനസ്സും ശരീരവും ഒന്നിനൊന്നു ദുസ്സഹം. അമ്മയെപ്പോലെ തന്നെ മക്കൾക്കും ആ കൊച്ചു പെൺകുട്ടിയെ കണ്ണെടുത്താൽ കണ്ടൂട. ഏതു നേരവും ശകാരം തന്നെ. ചിലപ്പോൾ തല്ലും കൊടുക്കും. ചെറിയ കാര്യങ്ങൾ മതി അതുങ്ങൾക്ക് കലിയിളകാൻ.

അവരുടെ ഷൂസുകൾ തുടച്ചുവൃത്തിയാക്കുന്നതും ആ വൃത്തികെട്ട പാദങ്ങളിൽ ചായം പുരട്ടുന്നതും അവരുടെ ജടപിടിച്ച മുടിയിഴകൾ കോതി വൃത്തിയാക്കി പരിമളതൈലം പുരട്ടുന്നതുമൊക്കെ ഹവ്റോഷ്ച്ചെക്കതന്നെ. അവളുടെ ഉടുപ്പുകളത്രയും പിഞ്ഞിക്കീറിയത്, ചെരിപ്പ് പൊട്ടിപ്പൊളിഞ്ഞത്.

വർഷങ്ങൾ കടന്നുപോയി. ഹവ്റോഷ്ച്ചെക്കയുടെ ദുരിതങ്ങൾ നാൾ ചെല്ലുന്തോറും കൂടിക്കൂടിവന്നു. കുറച്ചു വളർന്ന് കൗമാരമെത്തിയപ്പോൾ യജമാനത്തി അവളെ വയലിലെ പണിക്കും കൂടി പറഞ്ഞയച്ചുതുടങ്ങി. കാടിനടുത്താണ് വയൽ. ചെന്നായ്, കരടി തുടങ്ങിയ ഹിംസ്രമൃഗങ്ങൾ വസിക്കുന്ന കൊടുംകാട്. ചെയ്യാനുള്ള പണികളോ ഭാരിച്ചതും. വയൽ കിളച്ച് ഒരുക്കുക, വിത്തുവിതയ്ക്കുക, വളം ചേർക്കുക, വിള കൊയ്യുക, അവ തലച്ചുമടായ് വീട്ടിലെത്തിക്കുക ഇങ്ങനെ എമ്പാടും ജോലികൾ.

പണി ചെയ്തുചെയ്ത് അവളുടെ കൈത്തലം തഴമ്പുവീണു. പാദങ്ങൾ പരുക്കനായി. പലപ്പോഴും വയലിന്റെ ഏകാന്തമായ മൂലകളിൽച്ചെന്നിരുന്ന് അവൾ ഹൃദയം തകർന്നു വിലപിച്ചു. ഈശ്വരാ, ഈ ഭൂമിയിൽ തനിക്കു മാത്രം ആരുമില്ലല്ലോ! തന്നെ സ്നേഹിക്കാനോ, വാത്സല്യത്തോടെ ഒരാശ്വാസവാക്കു പറയാനോ, ഒരു കുഞ്ഞുപോലുമില്ലല്ലോ! എത്രകാലം ഈ ദുരിതങ്ങളൊക്കെ ഇങ്ങനെ സഹിക്കാനാവും?

ഹവ്റോഷ്ച്ചെക്കയ്ക്ക് ഇപ്പോൾ പതിനെട്ടു വയസ്സു തികഞ്ഞു. വളർന്നപ്പോൾ അവളുടെ സൗന്ദര്യം വർധിച്ചു. കവിളുകൾ തുടുത്തു





വര: എൻ ജി സുരേഷ്കുമാർ പുല്ലങ്ങടി



**യജമാനത്തിക്കും സന്താനങ്ങൾക്കും അവളോടുള്ള വിരോധം ഏറിവന്നു. അതോടെ അവളുടെ സങ്കടങ്ങളും ഏറിവന്നു. പക്ഷേ രാത്രിക്കുശേഷം ഒരു പകലുണ്ട്. എല്ലാ മഞ്ഞുകാലത്തിനുശേഷവും വസന്തകാലം വന്നണയും എന്നൊക്കെ നിങ്ങൾ കേട്ടിട്ടില്ലേ?നമ്മുടെ ഹവ്റോഷ്ച്ചെക്കയുടെ ജീവിതത്തിലും അതുതന്നെ സംഭവിച്ചു.**



ചുവന്നു. വിടർന്ന നീലക്കണ്ണുകൾ പുഞ്ചിരി തൂവുമ്പോൾ നിലാവുപരക്കുംപോലെ. മുടിയിഴകൾ ഇരുണ്ട തിരകൾപോലങ്ങനെ ഒഴുകിക്കിടക്കുന്നു. സംസാരമോ നേർത്ത മണിയൊച്ചകൾ മുഴങ്ങുംപോൽ ഇമ്പകരം.

യജമാനത്തിക്കും സന്താനങ്ങൾക്കും അവളോടുള്ള വിരോധം ഏറിവന്നു. അതോടെ അവളുടെ സങ്കടങ്ങളും ഏറിവന്നു. പക്ഷേ രാത്രിക്കുശേഷം ഒരു പകലുണ്ട്. എല്ലാ മഞ്ഞുകാലത്തിനുശേഷവും വസന്തകാലം വന്നണയും എന്നൊക്കെ നിങ്ങൾ കേട്ടിട്ടില്ലേ?

നമ്മുടെ ഹവ്റോഷ്ച്ചെക്കയുടെ ജീവിതത്തിലും അതുതന്നെ സംഭവിച്ചു. ഈശ്വരൻ അവളുടെ കണ്ണീർ കാണുന്നുണ്ടായിരുന്നു. ഒരുദിവസം വയലിന്റെ ഓരത്തെ മറവിലിരുന്നവൾ കണ്ണീർ വാർക്കവേ അതാ ഒരു ശബ്ദം.

''പൊന്നുചേച്ചീ... ഹവ്റോഷ്ച്ചെക്കാ
എന്തിനിങ്ങനെ കരയുന്നു?
എന്നെയൊന്നു നോക്കിയാട്ടെ
ഞാൻ നിന്നനുജൻ ദിമിത്രിയല്ലോ.''

നമ്മുടെ പെൺകിടാവു തിരിഞ്ഞുനോക്കി. അതാ തടിച്ചുകൊഴുത്ത് നല്ല ഉശിരുള്ള ഒരു കാളക്കുട്ടി! കഴുത്തിൽ കുടമണി. അവൻ അതീവ സ്നേഹത്തോടെ ഹവ്റോഷ്ച്ചെക്കയുടെ അടുത്തുവന്നു. എന്നിട്ട് അവളോടു സംസാരിച്ചു തുടങ്ങി.

''എന്നെക്കണ്ട് പരിഭ്രമിക്കരുത്. എന്റെ പേര് ദിമിത്രി. ഞാൻ വനദേവതയുടെ സേവകനാണ്. നിന്റെ കഷ്ടപ്പാടുകൾ കണ്ടു മനസ്സലിഞ്ഞ ദേവത സഹായത്തിനായ് എന്നെ പറഞ്ഞയച്ചതാണ്. ഇനി യജമാനത്തി നിന്നെ ഏൽപ്പിക്കുന്ന ഏതു കഠിനജോലിയും ഞാനായിരിക്കും ചെയ്യുക.''

ഹവ്റോഷ്ച്ചെക്കയ്ക്ക് താൻ കേട്ടതു സത്യമോ എന്നു വിശ്വസിക്കാനായില്ല. പക്ഷേ അവൻ പറഞ്ഞത് നൂറുശതമാനം സത്യമായിരുന്നു. അന്നുമുതൽ തുണി അലക്ക്, പാടത്തെ പണികൾ ഇവയൊക്കെ നമ്മുടെ കാളക്കുട്ടി ഏറ്റെടുത്തു.

ഒരു നിബന്ധന, ചെയ്യാനുള്ള ജോലി എന്തെന്ന് പെൺകിടാവ് അവന്റെ കാതിൽ മന്ത്രിക്കണം. മറ്റാരും കേൾക്കാനിടവരരുത്. പിന്നെ ഇക്കാര്യം പുറത്ത് ആരോടും പറയരുത്. ഒക്കെയും പരമരഹസ്യം! ഹവ്റോഷ്ച്ചെക്ക എല്ലാം സമ്മതിച്ചു.

ദിമിത്രി എന്നാൽ വിശ്വസ്തൻ. കാളക്കുട്ടി എല്ലാ അർഥത്തിലും ഒരു വിശ്വസ്തൻ തന്നെയായിരുന്നു. അവന് നമ്മുടെ പെൺകുട്ടിയോട് എന്തൊരു സ്നേഹം, എന്തൊരു ദയാവായ്പ്! വളരെപ്പെട്ടെന്നാണ് അവർ കൂട്ടുകാരായത്.

ഹവ്റോഷ്ച്ചെക്കയ്ക്ക് ഒരു കുഞ്ഞനുജനെ

കിട്ടിയതുപോലെ. ദിമിത്രി അവളെ 'ചേച്ചി' എന്നു വിളിച്ചുതുടങ്ങി.

ഓർമവച്ചതിൽപ്പിന്നെ ഇതാദ്യമായാണ് നമ്മുടെ പെൺകിടാവിനെ ആരെങ്കിലും ഇത്ര ആത്മാർഥമായ് സ്നേഹിക്കുന്നത്. അവൾക്ക് തന്റെ എല്ലാ സങ്കടങ്ങളും തുറന്നുപറയാൻ ഒരാളെക്കിട്ടിയിരിക്കുന്നു.

ഹവ്റോഷ്ച്ചെക്ക, തന്റെ ജീവിതത്തിലെ ദുരിതങ്ങളും നിശ്ശബ്ദം സഹിച്ചുപോന്ന കഷ്ടതകളും ഓരോ ദിവസമായ് ദിമിത്രിയെ പറഞ്ഞു കേൾപ്പിക്കും. അവൻ അതൊക്കെ കേട്ട് കണ്ണു നീരൊഴുക്കും. ആവുംവിധം ആശ്വാസവാക്കുകൾ മൊഴിയും.

ദിമിത്രി സഹായിച്ചുതുടങ്ങിയതോടെ പെൺകുട്ടിയുടെ ആരോഗ്യം മെച്ചപ്പെട്ടു. ക്ഷീണം കുറഞ്ഞു. സൗന്ദര്യവും ഏറിവന്നു. അതുകണ്ട് യജമാനത്തിക്ക് കലികൂടി. അവർ ഒരു വലിയ കെട്ട് ചെമ്മരിയാട്ടിൻരോമം കൊടുത്തിട്ടു പറഞ്ഞു: ''ഇതു കടഞ്ഞ് കമ്പിളിനൂലാക്കൂ!'' ഒരാഴ്ച നാലു പേർ ചേർന്നു ചെയ്താലും തീരാത്ത പണി.

പക്ഷേ പിറ്റേന്നു വൈകിട്ട് നമ്മുടെ കാളക്കുട്ടിയുടെ സഹായത്തോടെ ഒക്കെയും കമ്പിളിനൂലാക്കി അവൾ വീട്ടുകാരിയുടെ മുന്നിലെത്തിച്ചു. ഇത്ര പെട്ടന്നെങ്ങിനെ ഈ പണി ഇവൾ ചെയ്തു തീർത്തു? അവർക്കു സംശയമായി. ആരോ, ഹവ്റോഷ്ച്ചെക്കയെ സഹായിക്കുന്നുണ്ട്. തീർച്ച! അതാരെന്നു കണ്ടുപിടിക്കണം. അവർ നിശ്ചയിച്ചു.

ഹവ്റോഷ്ച്ചെക്ക രാവിലെ വയലിലേക്കു പുറപ്പെട്ടതിന്റെ പിന്നാലെ അവൾ മൂത്തമകളെ പറഞ്ഞയച്ചു. ഒക്കെയും വിശദമായിത്തന്നെ കണ്ടു മനസ്സിലാക്കി തന്നെ അറിയിക്കണം എന്നവർ മകളെ ശട്ടംകെട്ടി.

പക്ഷേ ആ മടിച്ചിപ്പെണ്ണ് പാടത്തു ചെല്ലേണ്ട താമസം, ക്ഷീണിച്ചു തളർന്ന് ഒരു മരത്തണലിൽ കിടന്ന് ഉറക്കമായി. വൈകുന്നേരമാണ് കണ്ണുതുറന്നത്. അവൾ നോക്കിയപ്പോൾ അവിടെങ്ങും ആരുമില്ല. ദിമിത്രിയാണെങ്കിൽ കൃത്യം നാലുമണിക്ക് വനദേവതയുടെ അടുത്തേക്കു മടങ്ങിപ്പോവും.

ഒറ്റക്കണ്ണി ഉറങ്ങിപ്പോയതറിഞ്ഞ് പിറ്റേന്ന് വീട്ടുകാരി ഇരട്ടക്കണ്ണിയെ പറഞ്ഞയച്ചു. അവളും തണൽ പരത്തി നിന്ന ബിർച്ചുമരത്തിന്റെ ചുവട്ടിൽക്കിടന്ന് അന്തംവിട്ടുറങ്ങിപ്പോയി.

കലിതുള്ളിക്കൊണ്ട് യജമാനത്തി അടുത്ത ദിവസം മുക്കണ്ണിയെ പറഞ്ഞയച്ചു. അവളും ഉറങ്ങിപ്പോയി. പക്ഷേ രണ്ടുകണ്ണുകളേ പൂട്ടിയുള്ളൂ. സദാ തുറന്നിരിക്കുന്ന മൂന്നാം കണ്ണിലൂടെ അവൾ ദിമിത്രിയെ കണ്ടു. അവൻ ചെയ്യുന്ന സഹായങ്ങൾ മനസ്സിലാക്കി.

വൈകിട്ടു ചെന്നപാടേ അവൾ അമ്മയോട് ഒക്കെയും വെളിപ്പെടുത്തി. എങ്കിൽ ആ കാളക്കുട്ടനെ എത്രയും വേഗം കശാപ്പുചെയ്യാൻ തന്നെ ആ ദുഷ്ട തീരുമാനിച്ചു. ഇക്കാര്യം ഭൃത്യരെ പറഞ്ഞേൽപ്പിക്കുകയും ചെയ്തു. ഇതു കേൾക്കാനിടയായ ഹവ്റോഷ്ച്ചെക്കയുടെ ഹൃദയം കിടുങ്ങി. അവൾ ആരും കാണാതെ രാത്രിതന്നെ കാട്ടിലേക്കു നടന്നു. ദിമിത്രിയോട് മുന്നറിയിപ്പു കൊടുത്തു.

കാളക്കുട്ടിക്ക് ഒരു കൂസലുമില്ല. അവൻ പറഞ്ഞു: ''ചേച്ചീ, നീ വിഷമിക്കല്ലേ! അവർ എന്നെ കൊന്നു കറിവെക്കും. എന്നിട്ടു വിരുന്നു നടത്തും. നീ മാത്രം ആരൊക്കെ നിർബന്ധിച്ചാലും എന്റെ മാംസം ഭക്ഷിക്കരുത്. പക്ഷേ ഒരു കാര്യം ചെയ്തേക്കണം. എന്റെ എല്ലുകൾ ഒരു തുണിയിൽ കെട്ടി മുറ്റത്തു കുഴിച്ചിടണം. മറക്കരുത്!''

ഹവ്റോഷ്ച്ചെക്കയ്ക്ക് ഇതൊക്കെ കേട്ട് സഹിക്കവയ്യാത്ത സങ്കടം തോന്നി. അവർ കെട്ടിപ്പിടിച്ച് പരസ്പരം മുത്തം കൊടുത്ത് യാത്ര പറഞ്ഞു. പിറ്റേന്ന് വിരുന്നുകഴിഞ്ഞ് എല്ലാവരും ഉറക്കമായി. പെൺകിടാവ്, ആരും കാണാതെ ദിമിത്രിയുടെ അസ്ഥികൾ ഒരു ഭാണ്ഡത്തിലാക്കി കുഴിച്ചിട്ടു. എന്തൊരത്ഭുതം! കൃത്യം മൂന്നാം നാൾ അവിടെ ഒരാപ്പിൾച്ചെടി കിളിർത്തുവന്നു. ഏതാനും ആഴ്ചകൾ കൊണ്ട് അത് പൂർണ വളർച്ചയെത്തിയ ഒരു മരമായ്ത്തീർന്നു.

ഒരു പുലർകാലത്ത് ഹവ്റോഷ്ച്ചെക്ക മുറ്റത്തു ചെന്നു നോക്കുമ്പോഴുണ്ട് മരം നിറയെ തുടുത്തു ചുവന്ന ആപ്പിൾ പഴങ്ങൾ! പക്ഷേ യജമാനത്തിയുടെ വഴക്കു ഭയന്ന് ഒറ്റപ്പഴം പോലും പറിക്കാൻ അവൾ ധൈര്യപ്പെട്ടില്ല.

അതീവ ഹൃദ്യമായിരുന്നു ആ കാഴ്ച. തന്റെ പൊന്നനുജൻ ദിമിത്രിയാണ് ആ ആപ്പിൾ വൃക്ഷം എന്നവൾ തിരിച്ചറിഞ്ഞു. നിറഞ്ഞ മനസ്സോടെ പെൺകുട്ടി ആ മരച്ചുവട്ടിൽ തെല്ലുനേരം പോയിരുന്നു. അതിന്മേൽ തഴുകിത്തലോടി. ഹവ്റോഷ്ച്ചെക്കയുടെ കണ്ണിൽനിന്നും സന്തോഷക്കണ്ണീർ അടർന്നുപതിച്ചു.

കുറേക്കഴിഞ്ഞാണ് യജമാനത്തിയും പെൺമക്കളും ഉറക്കമുണർന്നത്. മുറ്റത്ത് ഉലാത്താനിറങ്ങവേ, അതാ മരം നിറയെ ഇരുണ്ടു ചുവന്ന ആപ്പിളുകൾ! ആരും കൊതിച്ചുപോവുന്ന കാഴ്ച!

പറിച്ചെടുക്കാനായി അവർ കൈനീട്ടി. അതിശയമേ! അതാ മരത്തിന്റെ ചില്ലകൾ മേലേക്കു പൊങ്ങുന്നു! ആർക്കും തൊടാൻ പറ്റാത്തത്ര ഉയരത്തിലേക്ക്! കുറേനേരത്തെ പരിശ്രമത്തിനുശേഷം അമ്മയും മക്കളും നിരാശയോടെ പിൻവാങ്ങി.

എന്തായാലും ആപ്പിൾമരം കായ്ച്ചതോടെ

ആ ദുഷ്ടപ്പെൺകിടാങ്ങൾ പകൽ മുഴുവൻ അതിന്റെ ചുവട്ടിലായി ഇരിപ്പും നടപ്പും. ഹവ്റോഷ്ചെക്കയെ അതിന്റെ ഏഴയലത്തുപോലും അവർ വരാൻ സമ്മതിക്കില്ല. അവൾ ആ മധുരഫലം പറിച്ചുതിന്നാലോ എന്ന ഭീതി!

അങ്ങനെയിരിക്കേ, വെയിൽ മങ്ങിയ ഒരു നാലുമണിനേരത്ത് വെള്ളക്കുതിരയിലേറി ഒരു ചെറുപ്പക്കാരൻ ആ വഴി കടന്നുപോകുന്നു.

ആപ്പിൾമരം കണ്ടതും ആൾ കുതിരയെ അവിടെ നിറുത്തി. എന്നിട്ട് പാതി കളിയായും പാതി ഗൗരവമായും അവരോടു പറഞ്ഞു: ‘‘ലോകൈക സുന്ദരികളേ, ആരാണ് എനിക്കൊരു ആപ്പിൾപ്പഴം അടർത്തിത്തരിക?’’ പെൺമണികൾ ആ പ്രശംസാവചനത്തിൽ മയങ്ങിപ്പോയി. അതിസുന്ദരനായ ആ ചെറുപ്പക്കാരനെ സന്തോഷിപ്പിക്കാനായി മൂന്നും തമ്മിൽ മത്സരമായി. ഉന്തും തള്ളും ശണ്ഠയും ഒക്കെ കൂടി വൻബഹളം!

ഒടുക്കം മൂന്നുപേരും കൈ നീട്ടി പഴങ്ങൾ പറിക്കാനാഞ്ഞു. നേരത്തേ സംഭവിച്ചതുപോലെ തന്നെ. ചില്ലകൾ അതിവേഗം മേലേക്കുയർന്നു. കയ്യെത്തിപ്പിടിക്കാവുന്നതിനും എത്രയോ ഉയരെ...ആഞ്ഞും ചാടിയും മൂവരും വശം കെട്ടു. തളർന്ന വശരായ് അവർ ആപ്പിൾമരച്ചുവട്ടിൽ കുഴഞ്ഞിരിപ്പായ്.

അപ്പോഴാണ് കുതിരയ്ക്കുള്ള തീറ്റയുമായ് നമ്മുടെ ഹവ്റോഷ്ചെക്ക ആ വഴി കടന്നുപോകുന്നത്. കീറിത്തുടങ്ങിയ കുപ്പായം. പാറിയ മുടിയിഴകൾ. പഴക്കത്താൽ പൊളിഞ്ഞുതുടങ്ങിയ പാദരക്ഷകൾ. ആരും തന്നെ കാണാതിരിക്കാൻ മുറ്റത്തിന്റെ ഓരം ചേർന്നാണ് അവളുടെ പോക്ക്.

എന്നിട്ടും ആഗതൻ അവളെ കണ്ടു. അയാൾ ഉറക്കെ വിളിച്ചു. ‘‘ചെറുപ്പക്കാരീ, ഈ വഴി വരൂ! എനിക്കൊരാപ്പിൾപ്പഴം പറിച്ചുതരൂ.’’ അനുസരിച്ചു മാത്രം ശീലമുള്ള നമ്മുടെ പെൺകിടാവ് മരച്ചുവട്ടിലെത്തി. അത്ഭുതം! അവൾ അടുത്തു വന്നതും മരം, ചില്ലകൾ അവളുടെ അടുത്തേക്കു ചായ്ച്ചു. തുടുതുടുത്ത ഒരാപ്പിൾ അടർത്തിയെടുത്ത് അവൾ ചെറുപ്പക്കാരന്റെ നേർക്കു നീട്ടി. നേരു പറയട്ടെ, അത്രയ്ക്കു മധുരമുള്ള ആപ്പിൾപ്പഴം അന്നേവരെ അയാൾ കഴിച്ചുനോക്കിയിട്ടേയില്ല.

നന്ദി പറയാൻ അവൻ കുതിരപ്പുറത്തുനിന്നിറങ്ങി. പെൺകിടാവിന്റെ അടുത്തേക്കു നടന്നു. അന്നേരമാണ് ആ മുഖം ശ്രദ്ധിച്ചത്! എന്തൊരു ശേല്! കീറത്തുണിയിൽ പൊതിഞ്ഞ സ്വർണ വിഗ്രഹം! ഒരു വസന്തവൃക്ഷം പൂത്തുലഞ്ഞു നിൽക്കുമ്പോലെ! ഒറ്റനോട്ടത്തിൽത്തന്നെ യുവാവിന് അവളെ സ്വന്തമാക്കണം എന്നാശതോന്നി.

ഗൃഹനാഥനോട് അനുവാദം ചോദിച്ചുകൊണ്ട് അവൻ ഹവ്റോഷ്ചെക്കയെ ഒപ്പം കൂട്ടി. തൊട്ടടുത്തുള്ള കിർഗിസ്ഥാനിലെ ഒരു പ്രവിശ്യയുടെ രാജാവാണ് ആ ചെറുപ്പക്കാരൻ. കുപ്പായത്തിലണിഞ്ഞ രാജചിഹ്നങ്ങൾ കണ്ടപ്പോഴാണേവർക്കും പിടികിട്ടിയത്. നമ്മുടെ പെൺകിടാവിന്റെ സന്തോഷം വിവരിക്കവയ്യ. ആ നാലു ദുഷ്ടത്തികളും വായും പിളർന്നു മിഴിച്ചു നിൽക്കേ ഹവ്റോഷ്ചെക്കയും കുമാരനും കുതിരയിലേറി പറപറന്നു!

**നന്ദി പറയാൻ അവൻ കുതിരപ്പുറത്തുനിന്നിറങ്ങി. പെൺകിടാവിന്റെ അടുത്തേക്കു നടന്നു. അന്നേരമാണ് ആ മുഖം ശ്രദ്ധിച്ചത്! എന്തൊരു ശേല്! കീറത്തുണിയിൽ പൊതിഞ്ഞ സ്വർണ വിഗ്രഹം! ഒരു വസന്തവൃക്ഷം പൂത്തുലഞ്ഞു നിൽക്കുമ്പോലെ! ഒറ്റനോട്ടത്തിൽത്തന്നെ യുവാവിന് അവളെ സ്വന്തമാക്കണം എന്നാശതോന്നി.**

### ഇൻസ്റ്റിറ്റ്യൂട്ട് വാർത്തകൾ

**പുസ്തക വിൽപ്പനയിൽ റെക്കോഡ് നേട്ടം**: കോവിഡ് കാലത്തെ പരിമിതികളിൽ നിന്നുകൊണ്ട് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് നാലുമാസത്തിനുള്ളിൽ ഒരുകോടി രൂപയിലേറെ മുഖവിലയുള്ള പുസ്തകങ്ങൾ വിറ്റ് പുസ്തക വിൽപ്പനയിൽ റെക്കോഡ് നേട്ടം കൈവരിച്ചു.



# കല്യാണമേളം

അമൃത കേളകം



കൈയാലപ്പൊത്തിലെ കല്യാണപ്പന്തലിൽ
കുഞ്ഞനൊരോന്തച്ചൻ കല്യാണച്ചെക്കൻ
കൈതോലക്കാട്ടിലെ കണ്ണാടിക്കൂട്ടിലെ
കിന്നരിക്കുഞ്ഞോന്ത് കല്യാണപ്പെണ്ണും
തെക്കേത്തൊടിക്കലോ തകിലടിത്താളം
തത്തക തകതക കല്യാണമേളം!
ചെമ്പട്ടുനീർത്തുന്നു ചെമ്പരത്തിപ്പൂവ്
കണ്ണെഴുതിക്കാൻ കറുമ്പിരാവ്
മുട്ടോളം പിന്നിയ വാർമുടിച്ചന്തത്തിൽ
പിച്ചകമുല്ലതൻ പൂമാലകൾ
മിന്നാമിനുങ്ങിന്റെ മൂക്കുത്തിപ്പൊന്നും
മൂവന്തിച്ചോപ്പാൽ വരഞ്ഞപൊട്ടും
കാതിൽപ്പൂച്ചെമ്പകത്തോടയും
കൈയിലെത്തൂമിന്നൽ കൈവളപ്പൊൻചന്തവും
നാക്കിലയിട്ടതിൽ ചോറുവിളമ്പുന്നു
പീക്കിരിച്ചോണനുറുമ്പിൻനിര
പുളിശ്ശേരി പപ്പടം എരിപൊരിക്കൊണ്ടാട്ടം
പലതുണ്ട് സദ്യക്ക് പെരുമകൂട്ടാൻ!
പാതിരാനേരത്ത്, തേൻനിലാച്ചന്തത്തിൽ
പാരിജാതത്തിന്റെ പക്കമേളം
അമ്പിളിത്തോണിയിൽ ചെക്കനും പെണ്ണിനും
വിണ്ണിലേവീട്ടിൽ വിരുന്നുമേളം..!

വര : ടി ആർ രാജേഷ്



## തിരുത്ത്

**കഴിഞ്ഞലക്കം തളിരിൽ അമൃത കേളകത്തിന്റെ കവിത മാറിപ്പോയതിൽ ഖേദിക്കുന്നു. തിരുത്തി ഈ ലക്കം പുനഃപ്രസിദ്ധീകരിക്കുന്നു.**

# കുട്ടിക്കൊമ്പൻ

**ബിജു തുറയിൽകുന്ന്**

കാടിന്റെ ഭംഗിയാസ്വദിച്ച് വന്ന കാട്ടാനക്കൂട്ടം കുന്നിറങ്ങുകയാണ്. മുമ്പിൽ നടക്കുന്നത് നേതാവായ കുങ്കനാണ്. ഒറ്റക്കൊമ്പേയുള്ളൂ എങ്കിലും പന്ത്രണ്ട് പേരടങ്ങുന്ന ആ സംഘത്തെ നയിക്കുന്നത് അവനാണ്. പുല്ലുകൾ ഉണങ്ങിത്തുടങ്ങിയ മൊട്ടക്കുന്നിറങ്ങി അവർ അരുവിയിൽ വെള്ളം കുടിക്കാൻ ഇറങ്ങിവരികയാണ്.

കൂട്ടത്തിലെ കുട്ടിക്കൊമ്പൻ കൂട്ടത്തിൽനിന്ന് മുന്നോട്ടോടിയപ്പോൾ കുങ്കൻ കാടിളക്കുമാറ് ചിന്നംവിളിച്ചു. കുട്ടിക്കൊമ്പനുള്ള മുന്നറിയിപ്പാണിത്. അവനെ രക്ഷിക്കാനായി കാട്ടുപോത്തുകളുമായി ഏറ്റുമുട്ടിയപ്പോൾ കുങ്കന്റെ ഒരുകൊമ്പ് തെറിച്ചതാണ്. കണ്ടാൽ കുങ്കനെപ്പോലെ വലിപ്പമുള്ള കാട്ടുപോത്ത് ഒറ്റയിടിക്ക് കൊമ്പ് തെറിപ്പിച്ചതാണ്. വളഞ്ഞുകൂർത്ത കൂറ്റൻകൊമ്പിൽനിന്നൊരെണ്ണം ഒടിഞ്ഞുതെറിച്ചു. അതിന്റെ വേദനമൂലം കുങ്കന് ഒരാഴ്ച ഭക്ഷണം കഴിക്കാനായില്ല.

കുട്ടിക്കൊമ്പൻ കുറുമ്പുകാട്ടി കൂട്ടത്തിൽനിന്ന് കുതറിയോടി ചെന്നുകയറിയത് കാട്ടുപോത്തിൻ കൂട്ടത്തിനിടയിലാണ്. കുട്ടിക്കൊമ്പൻ കാട്ടുപോത്തുകളോട് പറഞ്ഞു:

''ഇവിടമെല്ലാം ഞങ്ങളുടേതാണ്. നിങ്ങൾക്കിവിടെ എന്ത് കാര്യം?''

ഇതുകേട്ട് പുല്ലുമേഞ്ഞുകൊണ്ട് നിന്ന കാട്ടുപോത്തുകൾ ശക്തമായി ചീറ്റി. പുല്ലിൻ ചുവട്ടിലെ മണ്ണും പൊടിയും ഉയർന്നുപൊങ്ങി. അതുകണ്ട് കുട്ടിക്കൊമ്പൻ പറഞ്ഞു:

''നിങ്ങൾ ചീറ്റുന്നതെന്തിന്? എന്റെ മുത്തശ്ശി പറഞ്ഞിട്ടുണ്ട് കരയിലെ ഏറ്റവും വലിയ ജീവി ഞങ്ങളാണെന്ന്. എല്ലാം ഞങ്ങൾക്കുവേണ്ടിയുള്ളതാണെന്ന്. എല്ലാം ഞങ്ങൾ തള്ളിമറിക്കുമെന്ന്.''

ഇതുകേട്ട് കാട്ടുപോത്തിൻ കൂട്ടം ഒന്നിളകി. അവർ കാലുകൊണ്ട് നൃത്തംചെയ്യുംപോലെ തറയിൽനിന്ന് ഉയർന്നുചാടി. കൂട്ടത്തിൽ ഏറ്റവും വലിപ്പംകൂടിയവൻ കുട്ടിക്കൊമ്പനെ ഇടിച്ചുതെറിപ്പിക്കാനായി പാഞ്ഞുവന്നു. ഇതിനിടയിലേക്ക് ഓടിവന്ന് കയറുകയായിരുന്നു കുങ്കൻ. ആ ഇടിയാണ് കുങ്കനെ ഒറ്റക്കൊമ്പനാക്കിയത്. പിന്നാലെയെത്തിയ ആനക്കൂട്ടത്തെ കണ്ട് കാട്ടുപോത്തുകൾ ഓടിപ്പോവുകയും ചെയ്തു.

കുങ്കൻ കൊച്ചുമകനായ കുട്ടിക്കൊമ്പനോട് പറഞ്ഞു:

''നിന്നെ അവർ ഇപ്പോൾ ഇല്ലാതാക്കുമായിരുന്നു. നീ ചെറുതല്ലേ...''

ഇതുകേട്ട് കുട്ടിക്കൊമ്പൻ പറഞ്ഞു:



വര: സന്തോഷ് വെളിയന്നൂർ

''മുത്തശ്ശി പറഞ്ഞിട്ടുണ്ടല്ലോ എല്ലാം നമുക്കുവേണ്ടിയാണെന്ന്. നമ്മൾ ഈ കാടിളക്കിയല്ലേ നടക്കുന്നത്.''

കുങ്കൻ പറഞ്ഞു: ''വഴിയിൽ ചതിക്കുഴികളുണ്ട്. മനുഷ്യർ നമ്മെ കുഴിയിൽ വീഴ്ത്തി ശിക്ഷിച്ച് അവന്റെ വഴിക്ക് നടത്തും. അവർക്ക് നമ്മുടെ വലിപ്പമൊന്നും പ്രശ്നമല്ല. നീ കുഞ്ഞാണ്. വളരെ ശ്രദ്ധിക്കണം.''

കുട്ടിക്കൊമ്പന് അതൊന്നും അത്ര ഇഷ്ടമായില്ല. അവൻ മുത്തശ്ശിയുടെ അടുത്തുചെന്ന് അടുത്ത കഥ പറയാൻ ആവശ്യപ്പെട്ടു.

അരുവിക്ക് സമീപമുള്ള മുളങ്കൂട്ടത്തിൽ അവർ കയറി. മുളങ്കൂമ്പുകൾ പറിച്ചുകഴിച്ചു. മുത്തശ്ശി നല്ലൊരു മുളങ്കൂമ്പ് കുട്ടിക്കൊമ്പന് കൊടുത്തു. അവൻ തന്റെ വളർന്നുവരുന്ന പല്ലുകൾക്കിടയിലിട്ട് രുചിയോടെ ചവച്ചുതിന്നു. മുളങ്കാട്ടിൽ നിന്നിറങ്ങി അവർ അരുവിയുടെ തീരത്തെത്തി. അച്ചടക്കത്തോടെ എല്ലാവരും വെള്ളം കുടിച്ചു. അവിടെയും കുട്ടിക്കൊമ്പൻ കുറുമ്പ് കാട്ടാൻ തുടങ്ങി. അവൻ വെള്ളത്തിലേക്ക് ഇറങ്ങാൻ തുടങ്ങി. അപ്പോഴേക്കും കുങ്കൻ അവനെ സ്നേഹത്തോടെ കരയിൽ കയറ്റി. ചെളിയിൽ പുതഞ്ഞാൽ രക്ഷയില്ലെന്ന് അവനെ പറഞ്ഞു ബോദ്ധ്യപ്പെടുത്തി.

അരുവിയുടെ സാമീപ്യമുള്ളതിനാൽ കരയിൽ ധാരാളം പുല്ലുണ്ടായിരുന്നു. വെള്ളം കുടിച്ചുകഴിഞ്ഞതോടെ ചിലർ വിശ്രമിക്കാനും ചിലർ പുല്ലുതിന്നാനും പോയി. കുട്ടിക്കൊമ്പൻ അങ്ങുമിങ്ങും പരതിനടന്നു. ഇടയ്ക്ക് നിലത്ത് കിടന്നുരുണ്ടു. ആനക്കൊതുക് എന്നറിയപ്പെടുന്ന ഒരു വലിയ ഈച്ച അവന്റെ ചെവിയിൽ വന്നിരുന്ന് കുത്താൻ ഒരു ശ്രമം നടത്തി. അവൻ തുമ്പിക്കൈ ഉയർത്തി അതിനെ ഓടിച്ചു. പലതവണയായപ്പോൾ അവന് രസം പിടിച്ചു. ഒരു കളിക്കൂട്ടുകാരനെ കിട്ടിയപോലെയായി. കുങ്കൻ ഇതെല്ലാം നോക്കി തന്റെ ഒറ്റക്കൊമ്പുമുയർത്തി നിൽപ്പാണ്.

അരുവിയുടെ സമീപത്ത് അൽപം ഉയർന്ന സ്ഥലത്ത് ഒരു കാട്ടുവാഴ കുലച്ചുനിൽക്കുന്നത് അവന്റെ ശ്രദ്ധയിൽപെട്ടു. വാഴക്കുല അവനെ അത്ഭുതപ്പെടുത്തി. ആദ്യമായാണ് അവൻ വാഴക്കുല കാണുന്നത്. അവൻ അതിനടുത്തെത്തി അൽപനേരം അതിനെ നോക്കിനിന്നു.

അവന്റെ നീക്കങ്ങൾ കുങ്കൻ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. ആ വാഴക്കൂട്ടം മുൻപും അവിടെ ഉണ്ടായിരുന്നതാണ്. കുങ്കൻ പലതവണ അത് ശ്രദ്ധിച്ചതുമാണ്. സാധാരണ വാഴകൾക്ക് കാട്ടിൽ ആയുസ്സുണ്ടാകാറില്ല. വളർന്നുവലുതാകും മുൻപേ മാനോ, കാട്ടുപോത്തോ, ആനകളോ ഇല്ലാതാക്കും.

കുട്ടിക്കൊമ്പൻ വാഴയെ ചുറ്റിപ്പിടിച്ച് മറിക്കാൻ ഒരു ശ്രമം നടത്തി. വാഴക്കയ്യിലിരുന്ന പൈങ്കിളിപ്പെണ്ണ് അവനെ വഴക്കുപറഞ്ഞുകൊണ്ട് പറന്നുപോയി. പെട്ടെന്നാണവൻ അലറിവിളിച്ച് ആനക്കൂട്ടത്തിനടുത്തേക്ക് ഓടിയെത്തിയത്. അവർക്കിടയിൽ കിടന്നവൻ ഉരുണ്ടു. കുഞ്ഞുതുമ്പിക്കൈ ഉയർത്തി ചിന്നംവിളിക്കാൻ ശ്രമിച്ചു.

കുങ്കൻ നേരെ വാഴച്ചുവട്ടിലേക്ക് ചെന്നു. കട്ടുറുമ്പുകൾ വാഴച്ചുവട് മുഴുവൻ മണ്ണ്കൂട്ടി വെച്ചിരിക്കുന്നത് കണ്ടതോടെ കാര്യം മനസ്സിലായി. സൈന്യം ജാഗ്രതപാലിക്കുന്നതുപോലെ ഉറുമ്പുകളെല്ലാം കൂടിന് പുറത്തിറങ്ങി ചുറ്റും ശ്രദ്ധിച്ചുനിൽക്കുകയാണ്. കുങ്കൻ കുട്ടിക്കൊമ്പന്റെ അടുത്തെത്തി. അവൻ വേഗം കുട്ടിക്കൊമ്പനെ പുഴയിലിറക്കി തുമ്പിക്കൈയിൽ വെള്ളം നിറയ്ക്കാൻ പറഞ്ഞു. കുട്ടിക്കൊമ്പൻ അസ്വസ്ഥതയോടെ വെള്ളം നിറച്ചു. ശക്തിയായി ചീറ്റാൻ കുങ്കൻ പറഞ്ഞു. അവൻ ശക്തിയായി ചീറ്റി. അന്തരീക്ഷത്തിൽ മഴവില്ല് തെളിഞ്ഞു. അവൻ പലയാവർത്തി വെള്ളം ശേഖരിച്ച് ചീറ്റി.

കുങ്കൻ പറഞ്ഞു: ''മോന് കാര്യം മനസ്സിലായോ?''

അവൻ പറഞ്ഞു: ''ഇല്ല.''

കുങ്കൻ സമാധാനമായി അവന് കാര്യം പറഞ്ഞ് മനസ്സിലാക്കിക്കൊടുത്തു.

കാട്ടിൽ വാഴ നിൽക്കുന്നത് കണ്ടാൽ ആരും അതിനടുത്തേക്ക് പോകാറില്ല. ആ വാഴ ഇത്രയും വലുതാകണമെങ്കിൽ ആർക്കും അതിനടുത്തേക്ക് ചെല്ലാൻ പറ്റില്ല. അത് കാട്ടിലെ രാജാവായതുകൊണ്ടോ അതിനെ മറ്റുള്ളവർ പേടിച്ചിട്ടോ അല്ല. അതിന്റെ ചുവടു മുഴുവൻ കട്ടുറുമ്പുകൾ താവളമാക്കിയതുകൊണ്ടാണ്. നിന്റെ തുമ്പിക്കൈയ്ക്കുള്ളിൽ ഉറുമ്പ് കയറിയെന്ന് മനസ്സിലായതുകൊണ്ടാണ് വെള്ളമെടുത്ത് ചീറ്റാൻപറഞ്ഞത്.

ഇതുകേട്ട് ആനമുത്തശ്ശി ചിരിച്ചു. പിന്നാലെ മറ്റുള്ളവരും. വേദന സഹിച്ച് വെള്ളത്തിൽ നിന്ന് കയറിയ കുട്ടിക്കൊമ്പൻ താവളമെത്തുംവരെ അനുസരണയുള്ള കുട്ടിയായി നടന്നു.

**കുട്ടിക്കൊമ്പൻ വാഴയെ ചുറ്റിപ്പിടിച്ച് മറിക്കാൻ ഒരു ശ്രമം നടത്തി. വാഴക്കയ്യിലിരുന്ന പൈങ്കിളിപ്പെണ്ണ് അവനെ വഴക്കുപറഞ്ഞുകൊണ്ട് പറന്നുപോയി. പെട്ടെന്നാണവൻ അലറിവിളിച്ച് ആനക്കൂട്ടത്തിനടുത്തേക്ക് ഓടിയെത്തിയത്. അവർക്കിടയിൽ കിടന്നവൻ ഉരുണ്ടു. കുഞ്ഞുതുമ്പിക്കൈ ഉയർത്തി ചിന്നംവിളിക്കാൻ ശ്രമിച്ചു.**

# നവോത്ഥാനം മഹാകവി ഉള്ളൂരിന്റെ ജീവിതത്തിൽ

ജോസഫ് പനയ്ക്കൽ

മലയാള കവിത്രയത്തിൽ സമാദരണീയനാണ് മഹാകവി ഉള്ളൂർ എസ് പരമേശ്വരയ്യർ. 'ഉജ്ജ്വലശബ്ദാഢ്യൻ' എന്ന് ഉള്ളൂർ വിശേഷിപ്പിക്കപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ കവിതകളിലെ സവിശേഷ പദപ്രയോഗസാമർഥ്യവും ഉല്ലേഖചാരുതയുമാണ് അങ്ങനെയൊരു വിശേഷണത്തിനു കാരണം.

ജീവിതമൂല്യങ്ങളെക്കുറിച്ചുള്ള പ്രബോധനാത്മകവും പുരോഗമനോന്മുഖവുമായ പ്രൗഢകവിതകൾ ധാരാളമെഴുതിയിട്ടുള്ള മഹാകവി കുട്ടികൾക്കുവേണ്ടിയും നിരവധി രസകരങ്ങളായ ലളിതകവിതകൾ രചിച്ചിട്ടുണ്ട്. ''കാക്കേ കാക്കേ കൂടെവിടെ...?'' എന്ന കുട്ടിക്കവിത പാടാത്ത മലയാളിക്കുട്ടികളും അമ്മമാരും വിരളമാണെന്ന് പറയാം. അതുപോലെ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം വിളിച്ചോതുന്ന കവിതയാണ് ''വിത്തമെന്തിനു മർത്ത്യന്നു വിദ്യകൈവശമുണ്ടെങ്കിൽ'' എന്നത്. ''പുറംകണ്ണു തുറപ്പിപ്പൂ പുലർവേളയിലംശുമാൻ. അകക്കണ്ണുതുറപ്പിപ്പാനാശാൻ ബാല്യത്തിലെത്തണം'' എന്ന ഗുരുനാഥമഹത്വത്തെ സൂചിപ്പിക്കുന്ന കവിതയും ഉദാഹരണങ്ങൾ മാത്രം.



മഹാകാവ്യങ്ങളും ഖണ്ഡകാവ്യങ്ങളും അദ്ദേഹത്തിന്റേതായുണ്ട്. ഉമാകേരളം, ചിത്രശാല, സുജനോദ്വാഹം ചമ്പു, പിംഗള, കർണഭൂഷണം, ഭക്തിദീപിക എന്നിവയാണ് ഉള്ളൂരിന്റെ പ്രധാന കാവ്യകൃതികൾ. മറ്റൊരു ബൃഹത്തായ സാഹിത്യ സംഭാവന 'മലയാള സാഹിത്യ ചരിത്ര'മാണ്. അതിന് അഞ്ച് വാല്യങ്ങളുണ്ട്. മലയാളഭാഷയുടെ ഉത്പത്തി തമിഴിനേക്കാൾ മുമ്പാണെന്നുള്ള അതിലെ ആധികാരിക പരാമർശമാണ് മലയാളഭാഷയ്ക്ക് ശ്രേഷ്ഠപദവി ലഭിക്കാൻ ആധാരമായ ഒരു കാര്യം. അതിൽനിന്നു തന്നെ ഈ കൃതിയുടെ ചരിത്രപരമായ പ്രാധാന്യം ഏറെ വലുതാണെന്ന് പറയേണ്ടതില്ലല്ലോ.

പണ്ഡിതൻ, കവി, ഉപന്യാസകാരൻ, ചരിത്രകാരൻ, ഭരണകർത്താവ് എന്നീ നിലകളിൽ പ്രശസ്തനായിരുന്നു ഉള്ളൂർ. ഈശ്വരവിശ്വാസിയായിരുന്നതോടൊപ്പം ഒരു സ്വതന്ത്ര ചിന്തകനും നവോത്ഥാനാശയനുമായിരുന്നു അദ്ദേഹം. അക്കാര്യം ഏറെയൊന്നും ചർച്ച ചെയ്യപ്പെട്ടിട്ടില്ല എന്നു പറയാം. അതേക്കുറിച്ച് ചിലകാര്യങ്ങൾ അനുസ്മരിക്കയാണ് ഈ ലേഖനത്തിൽ.

## ജാതിവ്യവസ്ഥയോടുള്ള നിഷേധം

1877 മുതൽ 1949 വരെയായിരുന്നു ഉള്ളൂരിന്റെ കാലം. ചാതുർവർണ്യവ്യവസ്ഥിതിയും സവർണ മേധാവിത്തവും അക്കാലത്ത് പ്രബലമായിരുന്നു. സവർണരും അവർണരും തമ്മിൽ തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും നിലനിന്നിരുന്നു. അതിന്റെ പേരിലുള്ള അനാചാരങ്ങൾ സമൂഹത്തിൽ അസ്വസ്ഥതയുണ്ടാക്കിയിരുന്നു. എന്നാൽ ജാതിവ്യത്യാസത്തിന്റെ പേരിൽ മനുഷ്യനെ തരം താഴ്ത്തിക്കാണുന്നത് തെറ്റും അനീതിയുമാണെന്ന് മഹാകവി വിശ്വസിച്ചിരുന്നു. ലോകമാനവികതയായിരുന്നു അദ്ദേഹത്തിന്റെ ആദർശം.

മഹാകവി കുമാരനാശാനും മഹാകവി ഉള്ളൂരും പരസ്പര ബഹുമാനം പുലർത്തിയ ആത്മമിത്രങ്ങളായിരുന്നു. അന്നത്തെ ജാതിവ്യവസ്ഥയിൽ അവർ അവർണനും സവർണനും. അവർണന് സവർണഗൃഹത്തിൽ പ്രവേശനം നിഷേധിക്കപ്പെട്ടിരുന്നു. എന്നാൽ കുമാരനാശാൻ ഇടയ്ക്കിടെ ഉള്ളൂരിന്റെ ഭവനമായ ശാരദാനികേതനത്തിൽ സന്ദർശകനായിരുന്നു. ചിലപ്പോഴെല്ലാം ആശാന്റെ കൂടെ ഭാര്യ ഭാനുമതിയമ്മയും ഉണ്ടാകും. ഉള്ളൂരും ഭാര്യ ശാരദയും മറ്റു കുടുംബാംഗങ്ങളും നിറഞ്ഞ സന്തോഷത്തോടെയാണ് അവരെ സ്വീകരിച്ചിരുന്നത്. അവരെല്ലാം ഒരുമിച്ചിരുന്നു ഭക്ഷണം കഴിച്ചിരുന്നു. ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെയായിരുന്നു അവർ.

1917 മേയ് 29ന് സഹോദരൻ അയ്യപ്പൻ ചെറായിയിൽ രണ്ടു പുലയ സമുദായാംഗങ്ങളോടൊപ്പമിരുന്നു ഭക്ഷണം കഴിച്ചത് ചരിത്രത്തിലെ വലിയൊരു മിശ്രഭോജന വിപ്ലവമായിരുന്നല്ലോ. അതിന്റെ പേരിൽ സഹോദരൻ അയ്യപ്പനെ പുലയനയ്യപ്പൻ എന്നു വിളിച്ചാക്ഷേപിക്കുകയും ചെറായിയിലെ ഈഴവ സമുദായസഭ (വിജ്ഞാനവർധിനി സഭ) അദ്ദേഹത്തിനും ഒപ്പം മിശ്രഭോജനത്തിൽ പങ്കെടുത്തവർക്കും സമുദായഭ്രഷ്ട് കൽപ്പിക്കുകയും ചെയ്തു.

എന്നാൽ അതേവർഷം തന്നെയായിരുന്നു മഹാകവി ഉള്ളൂരിന്റെ ഇളയസഹോദരൻ കൃഷ്ണയ്യരുടെ വിവാഹം ശാരദാനികേതനത്തിൽ വച്ചു നടന്നത്. അച്ഛൻ നേരത്തേതന്നെ മരിച്ചുപോയതിനാൽ പിതൃസ്ഥാനത്തുനിന്ന് എല്ലാറ്റിനും നേതൃത്വം നൽകിയത് മഹാകവി ഉള്ളൂരായിരുന്നു. അലങ്കരിച്ച കല്യാണപ്പന്തലിൽ പൂണൂൽധാരികളായ ബ്രാഹ്മണ പ്രമാണിമാരും പൂജാരിമാരും ഭരണരംഗത്തെ പ്രമുഖരും പട്ടുവസ്ത്രങ്ങളും കനകാഭരണങ്ങളും തലമുടിയിൽ പൂമാലകളും അണിഞ്ഞ ബ്രാഹ്മണവനിതകളും നിറഞ്ഞിരുന്നു. പുരോഹിതന്മാർ പൂജാകർമങ്ങൾക്ക് തുടക്കം കുറിച്ച് മന്ത്രോച്ചാരണമാരംഭിച്ചു. അപ്പോഴാണ് അവിടെ രണ്ടു വിശിഷ്ടാതിഥികൾ എത്തിയത്. അവർ മഹാകവി കുമാരനാശാനും ഭാനുമതിയമ്മയുമായിരുന്നു. അവരെ പ്രതീക്ഷിച്ചിരുന്ന ഉള്ളൂരും ഭാര്യ ശാരദയും സന്തോഷം കൊണ്ടു വികസിച്ച ഹൃദയങ്ങളോടെ അവരെ സ്വീകരിച്ചുകൊണ്ടുചെന്ന് വിവാഹമണ്ഡപത്തിന്റെ മുന്നിലെ കസേരകളിലിരുത്തി.



**മഹാകവി കുമാരനാശാനും മഹാകവി ഉള്ളൂരും പരസ്പര ബഹുമാനം പുലർത്തിയ ആത്മമിത്രങ്ങളായിരുന്നു. അന്നത്തെ ജാതിവ്യവസ്ഥയിൽ അവർ അവർണനും സവർണനും. അവർണന് സവർണഗൃഹത്തിൽ പ്രവേശനം നിഷേധിക്കപ്പെട്ടിരുന്നു. എന്നാൽ കുമാരനാശാൻ ഇടയ്ക്കിടെ ഉള്ളൂരിന്റെ ഭവനമായ ശാരദാനികേതനത്തിൽ സന്ദർശകനായിരുന്നു. ചിലപ്പോഴെല്ലാം ആശാന്റെ കൂടെ ഭാര്യ ഭാനുമതിയമ്മയും ഉണ്ടാകും.**

അവിടെയുണ്ടായിരുന്ന യാഥാസ്ഥിതിക ആഢ്യബ്രാഹ്മണ പ്രമാണിമാരുടെ മുഖം മങ്ങി. അവർക്കത് അനിഷ്ടകരമായ സംഗതിയായി തോന്നിയിരിക്കണം. ആശാൻ മഹാകവിയാണെങ്കിലും സവർണ ദൃഷ്ടിയിൽ അവർണനാണല്ലോ! സദസ്സിൽ ചില മുറുമുറുപ്പുകൾ... പക്ഷേ ഉള്ളൂ

രിന്റെ വ്യക്തി പ്രഭാവത്തിനും അധികാരപദവിക്കും മുന്നിൽ എതിർപ്പുകൾ കടിച്ചമർത്തി അവർ നിശ്ശബ്ദരായി. ഉള്ളൂർ അതൊന്നും അറിഞ്ഞ ഭാവം കാട്ടിയില്ല.

ജാതിവ്യവസ്ഥയിലെ അന്തഃസാരശൂന്യത യെക്കുറിച്ച് ഉള്ളൂർ തന്റെ പല കവിതകളിലും വ്യക്തമാക്കിയിട്ടുണ്ട്.

''കാലചക്രരടിൽ കറങ്ങുമീയൂഴിയിൽ
മേലുകീഴെന്തുള്ളൂ ശാശ്വതമായ്?'' എന്നു ചോദിച്ചുകൊണ്ട് അദ്ദേഹം പാടുന്നതിങ്ങനെ:

''ഒരൊറ്റമതമുണ്ടുലകിന്നുയിരാം
പ്രേമമതൊന്നല്ലോ...?
പരക്കെ നമ്മെപ്പാലമൃതൂട്ടും
പാർവണ ശശിബിംബം.''

ഏതു മത - ജാതിയിൽപ്പെട്ടവരെയും തുല്യനിലയിൽ മനുഷ്യരായിക്കണ്ട് സ്നേഹിച്ച മഹാകവികളാണ് ഉള്ളൂരും കുമാരനാശാനും.

''ഉണ്ടേതുദേഹിതൻ മേനിക്കുള്ളിലും ജഗ ദീശ്വരൻ
മുക്തഹാരത്തിലോരോരോമുത്തിലും നൂലി നൊപ്പമായ്.''

എന്ന ഉള്ളൂരിന്റെ ദർശനം എത്ര മനോഹര മാണ്. വിവിധ നിറങ്ങളിലുള്ള മനോഹരമുത്തു കളെ ഒരു മാലയിലെ നൂലെന്നപോലെ, വിവിധ മത-ജാതികളിൽപ്പെട്ട മനുഷ്യരുടെ ഉള്ളിൽ കുടി കൊള്ളുന്നത് ഒരേ ഈശ്വര ചൈതന്യമാണ് എന്ന് അദ്ദേഹം ഉറപ്പിച്ചുപറയുന്നു.

## വൈധവ്യം ഒരു കുറ്റമല്ല

അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും എതിരായിരുന്നു ഉള്ളൂർ. അക്കാലത്ത് ഭർത്താവു മരിച്ച് വിധവയായിത്തീരുന്ന സ്ത്രീയെ ഒരു അശ്രീകരമെന്ന മട്ടിലാണ് ബ്രാഹ്മണ സമുദായം കണക്കാക്കിയിരുന്നത്. വിധവ തലമൊട്ടയടിച്ച് വെളുത്തവസ്ത്രം ധരിച്ച്, നിരാഭരണയായി വീടിന്റെ ഇരുണ്ട അകത്തളങ്ങളിൽ ഒതുങ്ങി ക്കഴിഞ്ഞുകൊള്ളണം. വിവാഹം, ഉത്സവം തുട ങ്ങിയ ആഘോഷങ്ങളിലൊന്നും സംബന്ധിച്ചു കൂടാ. സന്തോഷസുഖങ്ങൾ നിഷേധിക്കപ്പെട്ടു കഴിഞ്ഞുകൂടണം എന്നതായിരുന്നു ആചാരം. മാത്രമല്ല, വിധവ പിന്നെ ഭർതൃഗൃഹത്തിൽ താമസിച്ചുകൂടാ. അവൾ ജന്മഗൃഹത്തിലേക്കു തിരിച്ചുപോകണം.

ഇത്തരം നിയമങ്ങളും ആചരണങ്ങളും സ്ത്രീയോടു ചെയ്യുന്ന ക്രൂരതയും മനുഷ്യത്വ മില്ലായ്മയുമാണെന്ന ഉറച്ച അഭിപ്രായമാണ് മഹാകവിക്കുണ്ടായിരുന്നത്. ഒരു സ്ത്രീ വിധ വയാകുന്നത് അവളുടെ കുറ്റം കൊണ്ടല്ല. ഭർതൃ വിയോഗ ദുഃഖം അനുഭവിക്കുന്നവളുടെ മേൽ അനാചാരങ്ങൾ കൂടി കെട്ടിയേൽപ്പിക്കുന്ന

**അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും എതിരായിരുന്നു ഉള്ളൂർ. അക്കാലത്ത് ഭർത്താവുമരിച്ച് വിധവയായിത്തീരുന്ന സ്ത്രീയെ ഒരു അശ്രീകരമെന്ന മട്ടിലാണ് ബ്രാഹ്മണ സമുദായം കണക്കാക്കിയിരുന്നത്. വിധവ തലമൊട്ടയടിച്ച് വെളുത്തവസ്ത്രം ധരിച്ച്, നിരാഭരണയായി വീടിന്റെ ഇരുണ്ട അകത്തളങ്ങളിൽ ഒതുങ്ങിക്കഴിഞ്ഞുകൊള്ളണം.**

പീഡനം വലിയ അനീതിയും സംസ്കാരമില്ലാ യ്മയുമാണെന്നും ഉള്ളൂർ വിശ്വസിച്ചു. വിധ വയെ ശിക്ഷിക്കാൻ സമൂഹത്തിന് ആരാണ് അധികാരം നൽകിയത്.

ഈ യുക്തിവിചാരം ഉള്ളൂരിന്റെ ഉള്ളിലുണ്ടാ രാൻ ഒരു കാരണമുണ്ട്. അദ്ദേഹവും അനുജൻ കൃഷ്ണയ്യരും ഒരുമിച്ചാണ് താമസിച്ചിരുന്നത്. കൃഷ്ണയ്യർ വിവാഹം കഴിഞ്ഞ് ഏതാനും വർഷം കഴിഞ്ഞ് യുവാവായിരിക്കെത്തന്നെ പെട്ടെന്നൊ രസുഖം പിടിച്ചു മരിച്ചുപോയി. അത് മഹാക വിയെ താങ്ങാനാകാത്ത ദുഃഖത്തിലാഴ്ത്തി.

യുവവിധവയായ പൊന്നമ്മാൾ തല മുണ്ഡനം ചെയ്യുന്നതിനോ, വെള്ളയുടുക്കുന്നതിനോ, ആഭരണങ്ങളഴിക്കുന്നതിനോ മഹാകവി സമ്മതി ച്ചില്ല. ആ ആചാരങ്ങളെ അദ്ദേഹം എതിർത്തു. അക്കാലത്തെ രീതിയനുസരിച്ച് പൊന്നമ്മാളിനെ തിരികെ കൊണ്ടുപോകാൻ എത്തിയ മാതാപി താക്കളോട് ഉള്ളൂർ പറഞ്ഞത് ഇങ്ങനെയാണ്:

''എന്റെ അനുജന്റെ ഭാര്യ പൊന്നമ്മാൾ എനിക്ക് മകളെപ്പോലെയാണ്. അവൾ ഇവിടെ ത്തന്നെ സന്തോഷവതിയായി കഴിയട്ടെ. നിങ്ങ ളുടെ വീട്ടിലെ വിശേഷാവസരങ്ങളിൽ അവിടെ വന്നു പങ്കെടുക്കാനുള്ള സ്വാതന്ത്ര്യവും അവ കാശവുമെല്ലാം അവൾക്കുണ്ട്.''

അങ്ങനെ പൊന്നമ്മാൾ പിതൃഗൃഹത്തിലേക്കു മടങ്ങാതെ ഭർതൃഗൃഹത്തിൽ തന്നെ കഴിഞ്ഞു.

ദുരാചാരങ്ങൾക്കൊന്നും തന്റെ ഭവനത്തിലും ജീവിതത്തിലും ഉള്ളൂർ ഇടം നൽകിയില്ല. നമ്പൂതിരി സമുദായ പരിഷ്കരണ വിപ്ലവങ്ങൾക്ക് വി ടി ഭട്ടതിരിപ്പാട് തിരികൊളുത്തുന്നതിനുമുമ്പായി രുന്നു ശാരദാനികേതനത്തിലെ ഈ നവോത്ഥാന പരിപാടികൾ മഹാകവി നടത്തിയതെന്ന കാര്യം തിരിച്ചറിയുമ്പോഴാണ് അതിന്റെ ഗൗരവം എത്ര വലുതായിരുന്നു എന്ന് മനസ്സിലാകുക.

## ക്ഷേത്രപ്രവേശന വിളംബര ത്തിനു പിന്നിലും ഉള്ളൂർ

തിരുവിതാംകൂറിന്റെ മാത്രമല്ല, കേരളത്തിന്റെ തന്നെ സാംസ്കാരിക വികാസ ചരിത്രത്തിൽ ഒരു സുപ്രധാന നാഴികക്കല്ലാണല്ലോ ക്ഷേത്ര പ്രവേശന വിളംബരം. ദേശാഭിമാനി ടി കെ മാധവൻ, ഡോ. പല്പു, മന്നത്ത് പത്മനാഭൻ,



കെ കേളപ്പൻ തുടങ്ങിയ പല പ്രമുഖരും ചേർന്നു നടത്തിയ വലിയൊരു ബഹുജന സമരത്തിന്റെ ഫലമായിരുന്നു അത്. ക്ഷേത്രങ്ങളിൽ അവർണജാതിക്കാർക്കും പ്രവേശനം അനുവദിക്കണമെന്നതായിരുന്നു ആ സമരത്തിന്റെ മുഖ്യ ആവശ്യം. വൈക്കം ക്ഷേത്രത്തിനു മുന്നിൽ അതിനുവേണ്ടി വർഷങ്ങൾ നീണ്ട പ്രക്ഷോഭം നടന്നു. സമരത്തെ പിന്തുണച്ച് മഹാത്മാഗാന്ധിയും സമരപ്പന്തലിലെത്തി. അദ്ദേഹം ചിത്തിരതിരുനാൾ മഹാരാജാവിനെ സന്ദർശിച്ച് എല്ലാ ഭക്തർക്കും ആരാധന നടത്താൻ ക്ഷേത്രം തുറന്നു കൊടുക്കണമെന്ന് ആവശ്യപ്പെട്ടു.

അതിനെത്തുടർന്ന് ക്ഷേത്രപ്രവേശന പ്രശ്നത്തെക്കുറിച്ചു പഠിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കാൻ മഹാരാജാവ് ഒരു കമ്മിറ്റിയെ നിയോഗിക്കുകയുണ്ടായി. അതിൽ വിഷയ വിദഗ്ധനെന്ന നിലയിൽ ഉള്ളൂരിനേയും ഉൾപ്പെടുത്തിയിരുന്നു. പുരാണങ്ങൾ, നീതിശാസ്ത്രങ്ങൾ, ദേശചരിത്രങ്ങൾ എന്നിവയെല്ലാം പഠിച്ച് ഉള്ളൂർ തയ്യാറാക്കിയ റിപ്പോർട്ടിൽ ചാതുർവർണ്യം ഈശ്വരനിശ്ചയമല്ലെന്ന് സമർഥിച്ചിരുന്നു. എന്നു മാത്രമല്ല, രാജ്യത്തിന്റെ സമഗ്രമായ ക്ഷേമത്തിനും പുരോഗതിക്കും ശാന്തിക്കും വേണ്ടി ക്ഷേത്രങ്ങൾ എല്ലാ വിഭാഗം ഹിന്ദുക്കൾക്കും പ്രവേശിക്കാനും ആരാധന നടത്താനും തുറന്നുകൊടുക്കേണ്ടത് ന്യായമാണെന്നും വ്യക്തമാക്കിയിരുന്നു. കാലത്തിനനുസരിച്ച് നാം മാറണമെന്നും എന്നാൽ മാത്രമേ ഇന്ത്യയ്ക്ക് ലോകസമക്ഷം അഭിമാനത്തോടെ തലയുയർത്തിനിൽക്കാനാവൂ എന്നും റിപ്പോർട്ടിൽ രേഖപ്പെടുത്തി.

ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് 1936 നവംബർ 12 ലെ ചരിത്രപ്രസിദ്ധമായ ക്ഷേത്രപ്രവേശന വിളംബരത്തിന് ശ്രീ ചിത്തിരതിരുനാൾ സന്നദ്ധനായത്.

കമ്മിറ്റിയുടെ അന്വേഷണ പഠനത്തിനും ചർച്ചകൾക്കും ശേഷം റിപ്പോർട്ട് തയ്യാറാക്കിയത് മഹാകവി ഉള്ളൂരാണ്. അന്ന് അദ്ദേഹം തിരുവിതാംകൂറിന്റെ ദിവാന്റെ സെക്രട്ടറി കൂടിയായിരുന്നു.

ക്ഷേത്രപ്രവേശന വിളംബരത്തെത്തുടർന്ന് അവർണജനങ്ങൾക്കൊപ്പം മഹാകവിയും ക്ഷേത്രത്തിൽ പ്രവേശിച്ചു. ആ സുവർണ മുഹൂർത്തത്തെക്കുറിച്ച് അദ്ദേഹം ഇങ്ങനെ എഴുതി.

'അന്തണനുമന്ത്യജനും  
ഒന്നുചേർന്നു കൈകോർത്തു  
ബന്ധുതപൂണ്ടമ്പലത്തിനകത്തുകേറി  
താണു ജഗദീശനെ കൈതൊഴുതു  
പോരും കാഴ്ച കാണുകെന്റെ കണ്ണേ,  
നിനക്കെന്തുമേൽ കാമ്യം!'

അയിത്തജാതിക്കാർക്കു ക്ഷേത്രപ്രവേശന സ്വാതന്ത്ര്യം അനുവദിച്ച് അവരെ സവർണർക്കൊപ്പമാക്കിയതിൽ ആഢ്യബ്രാഹ്മണർക്ക് എതിർപ്പുണ്ടായിരുന്നു. റിപ്പോർട്ട് തയ്യാറാക്കിയ മഹാകവി ഉള്ളൂരിനോട് അമർഷവും പകയും തോന്നിയ തിരുവനന്തപുരത്തെ ഒരു ബ്രാഹ്മണ സഭ ഉള്ളൂരിന് ജാതിഭ്രഷ്ട് കൽപ്പിച്ചു പുറത്താക്കി. അതിനെ തൃണവത്ഗണിച്ചുകൊണ്ട് മഹാകവി ഇപ്രകാരമാണ് പ്രതികരിച്ചത്.

''കൊള്ളാം! ഇന്നലെവരെ ഞാൻ ബ്രാഹ്മണനായിരുന്നു. ഇന്നുമുതൽ മനുഷ്യനായി ജീവിക്കാം.''

# ദീനബന്ധു

**പയ്യന്നൂർ കുഞ്ഞിരാമൻ**

ഗാന്ധിജി ഒന്നിനെയും നിസ്സാരമായി കരുതിയിരുന്നില്ല. ഓരോന്നിനും അതാതിന്റെ വിലയുണ്ട്. അദ്ദേഹത്തിന്റെ ജീവിതത്തിൽ ഇതിന് എത്രയോ ഉദാഹരണങ്ങളുണ്ട്. ലോകം കണ്ട യുഗപുരുഷനാണദ്ദേഹം. അതുകൊണ്ടദ്ദേഹം പറഞ്ഞു:

'എന്റെ ജീവിതമാണ് എന്റെ സന്ദേശം.'

ഒരു ദിവസം ഇംഗ്ലീഷുകാരായ രണ്ടുപേർ ഗാന്ധിജിയെ കാണാനെത്തി. ഗാന്ധിജി ഉടുപ്പ് അലക്കുകയായിരുന്നു. അവർ ഇതിനുമുമ്പ് ഗാന്ധിജിയെ കണ്ടിരുന്നില്ല. വസ്ത്രം അലക്കുന്നത് വേലക്കാരനോ മറ്റോ ആകുമെന്ന് അവർ കരുതി.

''ഞങ്ങൾ ഗാന്ധിജിയെ കാണാൻ വന്നതാണ്. അദ്ദേഹം ഇവിടെയില്ലേ?'' അവർ ചോദിച്ചു.

''അദ്ദേഹം ഇവിടെയുണ്ട്. കയറിയിരിക്കൂ.''

വെള്ളക്കാർ ആശ്രമത്തിലെ ബെഞ്ചിൽ ചെന്നിരുന്നു. വസ്ത്രം അലക്കി ഉണങ്ങാനിട്ട ശേഷം ഗാന്ധിജി വെള്ളക്കാരുടെ അടുത്തേക്ക് വന്നു.

''പറയൂ, എന്താ വിശേഷം?''

''ഗാന്ധിജിയുടെ കൂടെ താമസിച്ച് കാര്യങ്ങൾ പഠിക്കാനാണ് ഞങ്ങൾ വന്നത്?''

''നല്ലത്, ഞാൻ തന്നെയാണ് ഗാന്ധി.''

അതുകേട്ട് വെള്ളക്കാർ ചാടിയെണീറ്റു. അവർ അദ്ദേഹത്തെ വന്ദിച്ചു. കിണറിനടുത്ത് വസ്ത്രമലക്കിക്കൊണ്ടിരുന്നത് ഗാന്ധിജിയാണെന്ന് അവർ കരുതിയിരുന്നില്ല.

അവരുടെ അമ്പരപ്പ് കണ്ട് ഗാന്ധിജിക്ക് ചിരിവന്നു.

''പ്രിയ മിത്രങ്ങളേ, സ്വാശ്രയം പരിശീലിപ്പിക്കുന്നവനാണു ഞാൻ. അവരവരുടെ കാര്യങ്ങളെല്ലാം അവരവർ തന്നെ ചെയ്യണം. വസ്ത്രം അലക്കു



വര: ബാബുരാജൻ

ന്നതും അടിച്ചുവാരുന്നതും പാത്രങ്ങൾ കഴുകുന്നതും പാചകം ചെയ്യുന്നതും ഓരോരുത്തരുടെയും കടമയാണ്.''

ഗാന്ധിജിയുടെ വാക്കുകൾ അവർ ശ്രദ്ധിച്ചു കേട്ടു.

ഗാന്ധിജി പരിശുദ്ധിയുടെ പ്രതീകമാണ്. ഗാന്ധിജിയെ ഓർക്കുന്നതു തന്നെ നന്മയിലേക്കുള്ള യാത്രയാണ്. ഇന്ത്യൻ ജനതയിലാകെ അദ്ദേഹം ഒഴുകിപ്പരന്നു. അവരിൽ സത്യവും അഹിംസയും നിറച്ചു. അഹിംസകൊണ്ട് ശത്രുവിനെയും മിത്രമാക്കിത്തീർക്കാം എന്നദ്ദേഹം തെളിയിച്ചു.

ഒരു വക്കീലിന് ഗാന്ധിജിയുടെ സേവനപ്രവർത്തനങ്ങളിൽ പങ്കെടുക്കണമെന്ന് ആഗ്രഹമുണ്ടായി. അയാളൊരു ദിവസം ഒരുക്കത്തോടെ ആശ്രമത്തിലെത്തി. കോട്ടും സൂട്ടും ധരിച്ചാണ് അയാൾ വന്നത്. വക്കീലായ തനിക്ക് അതിന് പറ്റിയ ജോലി കിട്ടുമെന്ന് അയാൾ പ്രതീക്ഷിച്ചു.

ഗാന്ധിജി തറയിലിരുന്ന് മുറത്തിലുള്ള ധാന്യത്തിലെ കല്ല് പെറുക്കി വൃത്തിയാക്കുകയായിരുന്നു.

വക്കീൽ അടുത്തുവന്നുനിന്ന് തന്റെ ആഗ്രഹം അറിയിച്ചു.

ഗാന്ധിജി അയാളോട് തന്റെ സമീപത്തിരിക്കുവാൻ നിർദേശിച്ചു. ഈ തറയിൽ എന്തിനിരിക്കണമെന്ന് വക്കീൽ ചിന്തിച്ചു. കസേരയിലിരുന്നുള്ള വല്ല ജോലിയുമല്ലേ ചെയ്യേണ്ടത്?

എങ്കിലും വക്കീൽ വിഷമിച്ച് തറയിലിരുന്നു.

ഉടൻ തന്നെ ഗാന്ധിജി മുറമെടുത്ത് നീട്ടിക്കൊണ്ട് പറഞ്ഞു:

''ഈ ധാന്യത്തിലെ കല്ല് പെറുക്കി വൃത്തിയാക്ക്.''

വക്കീൽ അന്തംവിട്ടുപോയി. ജീവിതത്തിൽ ഇതുവരെ ധാന്യം വൃത്തിയാക്കിയിട്ടില്ല. അത്

**ഒരു വക്കീലിന് ഗാന്ധിജിയുടെ സേവനപ്രവർത്തനങ്ങളിൽ പങ്കെടുക്കണമെന്ന് ആഗ്രഹമുണ്ടായി. അയാളൊരു ദിവസം ഒരുക്കത്തോടെ ആശ്രമത്തിലെത്തി. കോട്ടും സൂട്ടും ധരിച്ചാണ് അയാൾ വന്നത്. വക്കീലായ തനിക്ക് അതിന് പറ്റിയ ജോലി കിട്ടുമെന്ന് അയാൾ പ്രതീക്ഷിച്ചു. ഗാന്ധിജി തറയിലിരുന്ന് മുറത്തിലുള്ള ധാന്യത്തിലെ കല്ല് പെറുക്കി വൃത്തിയാക്കുകയായിരുന്നു. വക്കീൽ അടുത്തുവന്നുനിന്ന് തന്റെ ആഗ്രഹം അറിയിച്ചു.**

വേലക്കാർ ചെയ്യുന്നതാണ്. അയാളുടെ വിഷമം കണ്ട് ഗാന്ധിജി പറഞ്ഞു:

''ഇപ്പോൾ ഇവിടെ ഈ പണിയേയുള്ളൂ.''

വക്കീൽ മുറം മടിയിൽ വച്ച് ധാന്യം വൃത്തിയാക്കിത്തുടങ്ങി.

ഗാന്ധിജിയുടെ രീതി പ്രത്യേകതയുള്ളതാണ്. അദ്ദേഹം ചിന്തിക്കുന്നതും പറയുന്നതും പ്രവർത്തിക്കുന്നതും വേറിട്ട തരത്തിലാണ്. തുല്യത എന്നത് വാക്കിൽ മാത്രം പോരാ. പ്രവൃത്തിയിലും കാണിക്കണം.

ചെറിയവർ വലിയവർ എന്നു കരുതരുത്. ചെറിയ ജോലിയും വലിയ ജോലിയും ഇല്ല. എല്ലാ തൊഴിലിനും മഹത്വമുണ്ട്. തൊഴിൽ എടുക്കുന്നവരെ തുല്യരായി കരുതണം.

വക്കീൽജീവിതകാലത്തെ ചില അനുഭവങ്ങൾ ഗാന്ധിജി രേഖപ്പെടുത്തിയിട്ടുണ്ട്. വക്കീൽമാർക്കെല്ലാം പ്രത്യേകം പ്രത്യേകം വേലക്കാരുണ്ടായിരുന്നു. അവരുടെ സ്ഥിതി വിഷമകരമായിരുന്നു. വക്കീൽമാർ ഭക്ഷണം കഴിച്ച് എല്ലാം വൃത്തിയാക്കിയ ശേഷമേ വേലക്കാർക്ക് ആഹാരം കൊടുത്തിരുന്നുള്ളൂ. ഗാന്ധിജിയെ ഇത് വേദനിപ്പിച്ചു.

അദ്ദേഹം ഈ സമ്പ്രദായത്തെ എതിർത്തു. വേലക്കാരും വക്കീൽമാരും തമ്മിൽ മനുഷ്യരെന്ന നിലയിൽ എന്തു വ്യത്യാസമാണുള്ളത്? അതുകൊണ്ട് വക്കീൽമാരോടൊപ്പം അവർക്കും ഭക്ഷണം കൊടുക്കണം. അവരെയും കൃത്യസമയത്ത് വിശ്രമിക്കാൻ അനുവദിക്കണം.

മനുഷ്യരെപ്പോലെ പക്ഷിമൃഗാദികളെയും സ്നേഹിക്കണമെന്ന് ഗാന്ധിജി പറഞ്ഞു. എല്ലാവരും ഭൂമിയുടെ അവകാശികളാണ്.

ഒരിക്കൽ ആശ്രമത്തിൽ ഒരു പാമ്പ് ഇഴഞ്ഞുവന്നു. ആശ്രമവാസികൾ പരിഭ്രമിച്ചു. ചിലർ പാമ്പിനെ കുരുക്കിട്ടുപിടിച്ചു. കുരുക്കിൽപ്പെട്ട് പാമ്പ് പിടയാൻ തുടങ്ങി. ഈ സമയത്താണ് ഗാന്ധിജി വന്നത്. പിടയുന്ന പാമ്പിനെ കണ്ടപ്പോൾ അദ്ദേഹത്തിന് സങ്കടം വന്നു. ആ പാമ്പ് വേദന കൊണ്ടാണു പിടയുന്നത്. അതിനെ കൊല്ലാനുള്ള അവകാശം ആർക്കുമില്ല.

''അതിനെ തറയിൽ വെയ്ക്ക്.'' ഗാന്ധിജി പറഞ്ഞു.

ആശ്രമവാസികൾ പാമ്പിനെ തറയിൽ വച്ചു.

''അതിന്റെ കുരുക്ക് വിടർത്തിക്കൊടുക്ക്.''

പാമ്പിന്റെ കുരുക്ക് വിടർത്തി. പാമ്പിന് ആശ്വാസം കിട്ടി. ഗാന്ധിജി അടുത്തു ചെന്നു.

''പാവം. നന്നേ വേദനിച്ചിട്ടുണ്ടാവും.''

പാമ്പ് പതുക്കെ തലയുയർത്തി. പിന്നെ ഇഴഞ്ഞുപോയി.

*(ഇൻസ്റ്റിസ്റ്റ്യൂട്ട് പ്രസിദ്ധീകരിച്ച 'കുപ്പായമിടാത്ത അപ്പൂപ്പൻ' എന്നപുസ്തകത്തിൽ നിന്നെടുത്തത്.)*

# എന്റെ നാട്

പ്രഭലോചന പി എം

ഭാരത ഭൂമി, പാവന ധരണീ,
ജനകോടികളുടെ പ്രിയജനനീ.
പുണ്യപുരാതന സംസ്കാരത്തിൻ,
മഹിമകൾ പുലരും മമനാടേ.

ഋഷീശ്വരന്മാർ ചരിത്രമെഴുതി,
ഇതിഹാസങ്ങൾ കഥയെഴുതി,
ഇവിടെ വളർന്നൂ സാഹോദര്യം,
സത്യം, ധർമ്മം, അഹിംസകൾ.

പൊന്നൊളി പൂശും ഹിമഗിരിനിരകൾ,
കടലല തഴുകും തീരങ്ങൾ,
കണ്ണിനു മുന്നിൽ സ്വർഗ്ഗംതീർക്കും,
വർണ്ണക്കാഴ്ചകളുണ്ടിവിടെ.

കലയുടെ നാടിത്, വിളയുടെ നാടിത്,
വിജ്ഞാനത്തിൻ വിളഭൂമി.
വളർന്നുയർന്നൂ ശാസ്ത്രങ്ങൾ,
വിശ്വോത്തരമാം സാഹിത്യം.

ജീവൻ പോലും ത്യജിച്ച്, നാടിൻ
മാനം കാത്ത മഹാത്മാക്കൾ
പകർന്ന വീര്യമതല്ലേ നമ്മുടെ
സിരകളിലിന്നും പടരുന്നൂ?


വിഘടിത ചിന്തകളകലെക്കളയൂ,
വിജയം നേടാനൊന്നിക്കൂ
വിശ്വം മുഴുവൻ ഖ്യാതിപടർത്തി,
വിശ്രുത നാടിതു വളരട്ടെ.



വര: സചീന്ദ്രൻ കാറഡ്ക്ക

# സൂപ്പർ സംഖ്യകൾ

**പള്ളിയറ ശ്രീധരൻ**




ആയിരക്കണക്കിന് വർഷങ്ങൾക്കുമുമ്പുതന്നെ സംഖ്യാപ്രേമികളെ ആകർഷിച്ചുകൊണ്ടിരിക്കുന്ന ഒരിനം സംഖ്യകളാണ് അഭാജ്യസംഖ്യകൾ അഥവാ പ്രൈം നമ്പേഴ്സ്. പ്രൈം (പ്രധാനം) എന്ന് പേരിട്ടിരിക്കുന്നതിൽ നിന്ന് തന്നെ ഇത്തരം സംഖ്യകൾക്ക് നൽകിക്കൊണ്ടിരിക്കുന്ന പ്രാധാന്യം മനസ്സിലാക്കാൻ സാധിക്കും.

എന്താണ് അഭാജ്യസംഖ്യകൾ? ഒന്നൊഴികെ എല്ലാ എണ്ണൽ സംഖ്യകൾക്കും ഒന്നും, അതേ സംഖ്യകളുമായി രണ്ട് ഘടകങ്ങളുണ്ടായിരിക്കും. ചില സംഖ്യകൾക്ക് രണ്ടിലേറെ ഘടകങ്ങളുണ്ടായിരിക്കും. രണ്ട് ഘടകങ്ങൾ മാത്രമുള്ള സംഖ്യകളാണ് അഭാജ്യസംഖ്യകൾ. 2,3,5,7,11... എന്നിവയെല്ലാം അഭാജ്യസംഖ്യകളാണ്.

3 ഒരു അഭാജ്യസംഖ്യയാണ്, 331 ആയാലോ? അതും അഭാജ്യം തന്നെ. 3331 എന്ന സംഖ്യയും അഭാജ്യമാണ്! ഇങ്ങനെ കുറേ മൂന്നുകൾ ചേർന്നാൽ കിട്ടുന്ന സംഖ്യകളെല്ലാം അഭാജ്യമാകുമോ?

ഇല്ലേ ഇല്ല!

333333331 എന്നത് 17ന്റെയും 19607843ന്റെയും ഗുണനഫലമാണ്. അതായത് ഇത്തരം സംഖ്യകൾ ചിലത് അഭാജ്യവും മറ്റ് ചിലത് ഭാജ്യവുമാണ്. ഏതായാലും 33333331 എന്ന സംഖ്യവരെ അഭാജ്യമാണ്. ഇത്തരം സംഖ്യകൾ സൂപ്പർ അഭാജ്യങ്ങൾ എന്നറിയപ്പെടുന്നു.

മറ്റൊരു സൂപ്പറിനെക്കൂടി നമുക്ക് പരിചയപ്പെടാം. 7, 73, 739, 7393, 73939, 739391, 7393913, 73939133 ഇത്രവരെ അഭാജ്യങ്ങൾ എന്ന് ഉറപ്പ്. ഇനി എങ്ങനെ അഭാജ്യത്തെത്തേടി മുന്നോട്ടു പോകാം. നിങ്ങൾക്ക് ശ്രമിക്കാം.

palliyarasreedharan@gmail.com

## ആമുഖം

**പ്രിയകൂട്ടുകാരേ, ഓൺലൈൻ പഠനം വളരെ രസകരമായി മുന്നോട്ടുപോവുകയാണല്ലോ. ഓൺലൈനിൽ തന്നെ നിങ്ങൾക്ക് സംഭാഷണരൂപത്തിൽ അവതരിപ്പിക്കാവുന്ന ഒരു ലഘുനാടകമാണിത്.**

**സംഘപ്രവർത്തനം സാധിക്കാത്ത ഈ സാഹചര്യത്തിൽ വീട്ടിലുള്ള അമ്മ, ചേട്ടൻ, ചേച്ചി, അനിയത്തി, അനിയൻ, അച്ഛൻ ഇവരെയെല്ലാം കൂട്ടി നമുക്ക് ഈ നാടകം ശബ്ദം കൊടുത്ത് ഭംഗിയാക്കാം. എന്നിട്ടത് വാട്സാപ്പിലൂടെ നിങ്ങടെ ക്ലാസ് ടീച്ചർക്ക് അയച്ചുകൊടുക്കുക. ഇങ്ങനെ വിദ്യാഭ്യാസം വീട്ടിലേക്ക് എന്ന പുതിയ പദ്ധതിക്ക് രൂപം കൊടുക്കാം. ഇതുവരെ നമ്മൾ പരിചയപ്പെട്ടത് രംഗത്ത് അവതരിപ്പിക്കാവുന്ന ലഘുനാടകങ്ങളാണ്. എന്നാൽ ശബ്ദം കൊണ്ട് നമ്മെ രസിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്ന എത്രയോ നാടകങ്ങൾ നമുക്കുണ്ട്. ശബ്ദത്താൽ കുട്ടികൾക്ക് അവതരിപ്പിക്കാവുന്ന ഒരു ലഘുനാടകമാണ് ഇത്. വീട്ടിലെ മാതാപിതാക്കളോടൊപ്പം, സഹോദരങ്ങൾക്കൊപ്പം കൊച്ചുകുട്ടികൾക്ക് രസകരമായി ഈ ലഘുനാടകം അവതരിപ്പിക്കാം.**

### ശബ്ദത്താൽ ആശയം വ്യക്തമാക്കുന്ന ഒരു ലഘുനാടകം

# പറക്കാൻ കൊതിച്ച ആമയുടെ കഥ

ഉണ്ണി അമ്മയമ്പലം



(കാറ്റിന്റെ ചൂളം വിളി. പാട്ടുപാടി പറന്നുവരുന്ന അരയന്നം.)

മണ്ണിൽ മെല്ലെയിഴഞ്ഞുനടക്കും
കുഞ്ഞാകുഞ്ഞാ കുഴിമടിയാ
കൈയും തലയും പുറത്തുകാട്ടി
പയ്യെപ്പയ്യെ ഇതെങ്ങോട്ടാ...

അരയന്നം : കുഞ്ഞനാമേ, കുഞ്ഞനാമേ, നില്ല് നില്ല്.

ആമ : ആരാ ഈ പറന്നുവരുന്നേ, ഓ അരയന്നമൂപ്പനോ...

അരയന്നം : അതേ... ഞാൻ തന്നെ, ഞാൻ തന്നെ. പിന്നെ എന്തൊക്കെയാണ് വിശേഷം. നിന്നെക്കണ്ടിട്ട് എത്ര നാളായെന്നറിയോ? നിനക്കും മക്കൾക്കും സന്തോഷമല്ലേ...?

ആമ : അങ്ങനെ ചോദിച്ചാൽ ഞാനെന്തു പറയാനാ അരയന്നമൂപ്പാ. മണ്ണിൽ അരിച്ചുപെറുക്കിനടക്കുന്ന ഞങ്ങൾക്ക് നിങ്ങൾക്കുള്ളപോലെ സുഖവും സന്തോഷവും ഇല്ലേയില്ല. നിങ്ങൾ അരയന്നങ്ങൾക്ക് കാണുന്നിടത്തൊക്കെ പറന്നുപറന്നു നടക്കാം. ആരെയും പേടിക്കേണ്ട. ഒത്തിരിയൊത്തിരി കാഴ്ചകൾ കാണാം. മരമായ മരത്തിലെല്ലാം പറപറാന്നു പറന്നുചെന്നു വിശ്രമിക്കാം. ഇഷ്ട

പ്പെട്ട പുഴയിൽ നീന്തിക്കുളിച്ച് കളിച്ചുരസിക്കാം. പറക്കാൻ കഴിയുന്നത് ഒരു സന്തോഷം തന്നെയല്ലേ അരയന്നമൂപ്പാ.

അരയന്നം : നീ പറഞ്ഞത് ശരിയാണ്. ഇങ്ങനെ ആകാശത്തൂടെ പറന്നുപറന്നു നടക്കുമ്പോൾ സന്തോഷംകൊണ്ട്

**നീ പറഞ്ഞത് ശരിയാണ്. ഇങ്ങനെ ആകാശത്തൂടെ പറന്നുപറന്നു നടക്കുമ്പോൾ സന്തോഷംകൊണ്ട് മനസ്സുനിറയും. എന്താ നിനക്കും തോന്നുന്നുണ്ടോ ഇങ്ങനെ പറപറാന്നു പറന്നുനടക്കാൻ...**

മനസ്സുനിറയും. എന്താ നിനക്കും തോന്നുന്നുണ്ടോ ഇങ്ങനെ പറപറാന്നു പറന്നുനടക്കാൻ...

പാത്തുപതുങ്ങിപ്പമ്മി നടക്കും
ആമച്ചാരേ പോരുന്നോ...
കുട്ടകണക്കൊരു മുതുകും കൊണ്ടേ
ഒട്ടുപറക്കാൻ പോരുന്നോ?

ആമ : ഓ... വെറുതെയെന്നെ കളിയാക്കാതെ അരയന്നമൂപ്പാ.

അരയന്നം : ഏയ് കുഞ്ഞനാമേ, ഞാൻ നിന്നെ കളിയാക്കിയതൊന്നുമല്ല. സത്യമായും ചോദിച്ചതാ... എന്നെപ്പോലെ പറക്കാൻ കൊതിയുണ്ടെങ്കിൽ ഞാൻ നിന്നെ സഹായിക്കാം.



വര: ടി ആർ രാജേഷ്

ആമ : എങ്ങനെ? എങ്ങനെയാ നീയെന്നെ സഹായിക്കുന്നത്?

അരയന്നം : അതോ, അതിനൊക്കെ ഒരു സൂത്രമുണ്ട്.

ആമ : സൂത്രമോ? എന്തു സൂത്രം? എന്തു സൂത്രമാണെങ്കിലും നീ പറഞ്ഞുതാ

അരയന്നം : ഞാനൊരു കമ്പ് കടിച്ചുപിടിക്കും. നീ അതിൽ തൂങ്ങിക്കിടന്നാൽ മതി. ഞാൻ നിന്നെയും കൊണ്ട് പറപറക്കും. നിനക്ക് മതിവരുവോളം ആകാശക്കാഴ്ചകൾ കണ്ട് കണ്ട് സന്തോഷിക്കാം.

ആമ :ഹായ് എന്തു രസമായിരിക്കും ആകാശക്കാഴ്ചകൾ. ഓർക്കുമ്പോൾ തന്നെ എനിക്ക് സന്തോഷം സഹിക്കാൻ വയ്യേ. ഞാനൊന്നു കൂവിവിളിച്ചോട്ടെ?

അരയന്നം : എന്തിന്?

ആമ : സന്തോഷം വന്നിട്ടാ.

അരയന്നം : അതിന് കൂവുകയൊന്നും വേണ്ട. ഞാൻ പറയുന്നപോലെ ചെയ്താൽ മതി. നീ ഇവിടെ നിൽക്ക്. ഞാനൊരു ചുള്ളിക്കമ്പ് കൊത്തിയെടുത്തുകൊണ്ടുവരാം.



ആമ : പെട്ടെന്നു വരണേ. എനിക്ക് നിന്നോടൊപ്പം ആകാശത്തൂടെ സഞ്ചരിക്കാൻ കൊതിയാവണു.

അരയന്നം : ഞാൻ പോയിട്ട് വേഗന്നു വരാം. ശൂ...

(അരയന്നം പോകുന്നു)

ആമ : (ആത്മഗതം) കുറച്ചുനേരം കൂടി കഴിഞ്ഞാൽ ഞാൻ ആകാശത്ത്. എത്ര നാളായി ഞാൻ കൊതിക്കുന്നു, ഒന്നു പറക്കണമെന്ന്. പറക്കാൻ പറ്റില്ലേലും വേണ്ടില്ല, അരയന്നത്തോടൊപ്പം ആകാശക്കാഴ്ചകളൊക്കെ കാണാല്ലോ. ഹോ! അതാലോചിക്കുമ്പോൾ സന്തോഷം കൊണ്ടെനിക്ക് നൃത്തം ചെയ്യാൻ തോന്നുന്നു.

*പറപറന്നു പറപറന്നു*
*പറപറന്നു പോയാലോ*
*ചിറകില്ലാതെ പറപറന്നു*
*പറപറന്നു പോയാലോ*
*അരയന്നത്തിൻ കൂടെക്കൂടി*
*പറപറന്നു പോയാലോ*
*അകലത്തുള്ള കാഴ്ചകണ്ട്*
*പറപറന്നു പോകാല്ലോ....*

(കാറ്റിന്റെ ചൂളംവിളി ശബ്ദം.)

**കുറച്ചുനേരം കൂടി കഴിഞ്ഞാൽ ഞാൻ ആകാശത്ത്. എത്ര നാളായി ഞാൻ കൊതിക്കുന്നു, ഒന്നു പറക്കണമെന്ന്. പറക്കാൻ പറ്റില്ലേലും വേണ്ടില്ല, അരയന്നത്തോടൊപ്പം ആകാശക്കാഴ്ചകളൊക്കെ കാണാല്ലോ. ഹോ! അതാലോചിക്കുമ്പോൾ സന്തോഷം കൊണ്ടെനിക്ക് നൃത്തം ചെയ്യാൻ തോന്നുന്നു.**

അരയന്നം : കുഞ്ഞനാമേ, ഞാനെത്തി.

ആമ : എന്റെ അരയന്നമൂപ്പാ, ഒന്നു വേഗം വാ. എന്നെയെടുത്തുകൊണ്ടുപോ.

അരയന്നം : ഞാൻ പറയുമ്പോലെ കേൾക്കണം.

ആമ : കേൾക്കാമേ, വേഗന്നു പറയൂ.

അരയന്നം : (പാട്ട്)

*കടിച്ചു തൂങ്ങിക്കിടക്കണം നീ*
*ചുണ്ടത്തുള്ളൊരു കമ്പിൻമേൽ*
*മിണ്ടരുതൊന്നും മിണ്ടിപ്പോയാൽ*
*താഴേവീഴും തവിടുപൊടി*
(തക്കിട തരികിട തവിടുപൊടി)

അരയന്നം : കുഞ്ഞനാമേ, ദേ നോക്ക്. എന്റെ ചുണ്ടത്തൊരു കമ്പുണ്ട്. ഞാനതു കടിച്ചുപിടിക്കും. നീയതിൽ കടിച്ചു തൂങ്ങിക്കിടക്കണം. പിടി വിടരുത്.

ആമ : ഇല്ലേയില്ല. ഞാൻ നിന്റെ ചുണ്ടത്തെ കമ്പിൽ കടിച്ചുപിടിച്ച് തൂങ്ങിക്കിടക്കും.

അരയന്നം : എന്തുണ്ടായാലും കമ്പിലെ കടി വിടരുത്.

ആമ : ഇല്ലെന്നു പറഞ്ഞില്ലേ... ഞാൻ കടിച്ചുപിടിച്ചിരിക്കും.

അരയന്നം: കുഞ്ഞനാമേ, ഒന്നു സങ്കൽപ്പിച്ചു നോക്ക്. ആകാശത്തൂടെ നമ്മൾ പറന്നുപറന്നു പോകുമ്പോൾ എന്തെല്ലാം കാഴ്ചകളാവും കാണുക...

താഴത്തുണ്ടേ വയലുകൾ തോടുകൾ
പുഴകൾ വീടുകൾ കാടുകളുണ്ടേ
മൈതാനത്തുകളിക്കും കുട്ടി-
ക്കൂട്ടരുമുണ്ടേയെന്തു രസം.

വയലുകൾ, തോടുകൾ, പുഴകൾ, വീടുകൾ, കാടുകൾ പിന്നെ നമ്മുടെ കുട്ടിക്കൂട്ടുകാര്. ഉമ്മയും ഉണ്ണീം മിനിക്കുട്ടീം റോണിയും എല്ലാവരുമുണ്ട്. അവരങ്ങനെ ഓടിച്ചാടി കളിച്ചുചിരിച്ച് ഉല്ലസിക്കുന്നത് ആകാശത്തൂന്നു



കാണാൻ എന്തു രസമായിരിക്കും അല്ലേ...

ആമ : അതേയതേ, അതൊക്കെ ഓർക്കുമ്പോൾ തന്നെ നല്ല രസം.

അരയന്നം: കുഞ്ഞനാമേ, പറക്കുമ്പോൾ ഞാനിങ്ങനെ അതുമിതും പറഞ്ഞാൽ തിരികെ നീ മിണ്ടാനേ പാടില്ല. നീ വാതുറന്ന് എന്തേലും മിണ്ടിയാൽ ഠപ്പോന്നു താഴെപ്പോകും മനസ്സിലായോ?

ആമ : മനസ്സിലായി മനസ്സിലായി.

അരയന്നം : എന്നാൽ ഞാൻ റെഡി. എന്റെ ചുണ്ടത്തെ കമ്പിൽ കടിച്ചുപിടിച്ചോ. റെഡി വൺ ടൂ ത്രി.

*പറന്നുപറന്നുപറന്നുവന്ന്*
*ഉയർന്നുപോണൂ അരയന്നം*
*വെളുത്ത കുഞ്ഞുവിമാനംപോലെ*
*വിണ്ണിൽ തൊട്ടു പറക്കുന്നു*

കുട്ടികൾ : (കാറ്റിന്റെ ചൂളം വിളി. കുട്ടികളുടെ കലപിലശബ്ദം). ദേ മേലേക്ക് നോക്ക്.

കുട്ടി 1 : അതു നമ്മുടെ കുഞ്ഞനാമയും അരയന്നവുമല്ലേ?

കുട്ടികൾ : അതേയതെ. കുഞ്ഞനാമയും അരയന്നവും.

കുട്ടി 2 : പാവം കുഞ്ഞനാമ. അത് തൂങ്ങിക്കിടക്കുന്നു.

കുട്ടി 3 : അതേയതേ. അരയന്നമൂപ്പന്റെ ചുണ്ടത്തെ കമ്പിൽ കടിച്ചുപിടിച്ച് തൂങ്ങിക്കിടക്കുകയാണ് ആശാൻ.

കുട്ടി 1 : കുഞ്ഞനാമേ.... കുഞ്ഞനാമേ... (കുട്ടികൾ വിളിക്കുന്നു.)

കുട്ടി 2 : കുഞ്ഞനാമേ സൂക്ഷിക്കണേ... കമ്പിലെ പിടി വിടരുതേ.

കുട്ടി 3 : കുഞ്ഞനാമേ കുഞ്ഞനാമേ... കമ്പിലെ പിടി വിടാനേ പാടില്ല.

കുട്ടി 1 : കുഞ്ഞനാമേ... കമ്പിലെ കടിവിടാതെ, പിടിവിടാതെ സൂക്ഷിച്ചോളണേ...

കുഞ്ഞനാമ: ഓ സൂക്ഷിക്കാം, സൂക്ഷിക്കാം. (എന്തോ തിരിച്ചറിഞ്ഞ പോലെ, ഒച്ച ഉയർത്തി) സൂ...ക്ഷി...ക്കാം.

അരയന്നം : അയ്യോ... പിടിവിട്ടല്ലോ; ആമേ ... ആരെങ്കിലും ഈ ആമയെ രക്ഷിക്കണേ.

കുഞ്ഞനാമ: അയ്യോ... ഞാനിപ്പോ താഴെ വീഴുമേ. എന്നെയാരെങ്കിലും പിടിക്കണേ...

കുട്ടി 1 : ദേ കുഞ്ഞനാമ താഴേക്ക് വീഴുന്നു.

കുട്ടി 2 : നമുക്കവനെ പിടിക്കാം. എല്ലാരും വാ. എല്ലാവരും കൈചേർത്ത് കോർത്തു പിടിക്ക്. ചേർന്നുനിൽക്ക്.

ആമ : അയ്യോ... എന്നെ ഒന്നു പിടിക്കണേ...

കുട്ടികൾ : പേടിക്കേണ്ട, പേടിക്കേണ്ട. ഞങ്ങളുണ്ട്.

(പ്ധും എന്നൊരു ശബ്ദം)

ആമ: (കിതയ്ക്കുന്ന ശബ്ദം) ആവൂ... ആഹ്...

കുട്ടി 1 : സാരമില്ല. നിനക്കൊന്നും പറ്റിയില്ലല്ലോ. ആപത്തു വന്നപ്പോൾ ഞങ്ങൾ നിന്നെ രക്ഷിച്ചില്ലേ.

ആമ : അതേ, നിങ്ങൾ എന്റെ കൂട്ടുകാരു തന്നെ. എന്റെ നല്ല കൂട്ടുകാരേ, ഇപ്പൊ എനിക്ക് ഒരു കാര്യം മനസ്സിലായി. എന്റെ ആഗ്രഹം തെറ്റായിരുന്നുവെന്ന്. ഇടതും വലതും ചിറകില്ലാതെ ഞാനെങ്ങനെ പറക്കാനാ. മെല്ലെ മെല്ലെ നടന്നും വെള്ളത്തിൽ നീന്തിയും ജീവിക്കാനാണ് ഞാൻ ഭൂമിയിൽ പിറന്നത്.

അനൗൺസ്. (വോയ്സ്)

പ്രിയ കൂട്ടുകാരേ, അനേകമനേകം ജീവികൾ താമസിക്കുന്ന ഒരു വീടാണ് നമ്മുടെ ഈ ഭൂമി. ഒരാൾ മറ്റൊരാളെപ്പോലെയാകണം എന്നു ചിന്തിക്കരുത്. നമുക്ക് കിട്ടിയിരിക്കുന്ന സാഹചര്യത്തിൽ സന്തോഷത്തോടെ ജീവിക്കുക.

കുട്ടികൾ ഏകസ്വരത്തിൽ: അതേ, സന്തോഷത്തോടെ ജീവിക്കുക.

ഒരു മീൻ വരുന്നു. അതേ കൂട്ടുകാരേ, ഞാനേ ഒരു പുഴമീനാണ്. എനിക്ക് ആ കാണുന്ന ആകാശത്തൂടെ പറപറാന്നു ചിറകുവീശിപ്പറക്കണം. ഈ മണ്ണിനുമീതെ നടനടാന്നു നടന്നു പോകണം.

(പാട്ട്)

*മീനേ മീനേ പുഴയിലെ മീനേ*
*മാനം നോക്കി പറന്നുപോകാൻ*
*ആശിക്കരുതേ നീയൊരുനാളും*
*ആശിക്കരുതേ നീയൊരുനാളും*
*മരത്തിൽ കയറാൻ നോക്കല്ലേ*
*വാലുകളൂന്നി നടക്കല്ലേ*
*കരയിൽ ജീവിക്കാനാകില്ല*
*കടലും ജലവും നിൻ ഭവനം*
*കടലും ജലവും നിൻ ഭവനം.*

സമാധാനസംഗീതത്തോടെ നാടകം അവസാനിക്കുന്നു.

---

## തളിര് സ്കോളർഷിപ്പ് ഒക്ടോബർ 31 വരെ രജിസ്റ്റർ ചെയ്യാം

**ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് സ്കൂൾ വിദ്യാർഥികൾക്കുവേണ്ടി നടത്തുന്ന തളിര് സ്കോളർഷിപ്പ് പരീക്ഷയുടെ രജിസ്ട്രേഷൻ ഒക്ടോബർ 31 വരെ നീട്ടി. https://scholarship.ksicl.gov.in എന്ന വെബ്സൈറ്റിലാണ് രജിസ്റ്റർ ചെയ്യേണ്ടത്.**

# പൂമ്പാറ്റയോട്

കണിയാന്തറ നാരായണപിള്ള
മോഹനകുമാർ



വര: സുധീർ പി വൈ



പൂങ്കുലതോറും പാറിപ്പാറി-
പ്പൂന്തേൻ നുകരും പൂമ്പാറ്റേ!
പൂന്തോട്ടത്തിൽ വിലസും മറ്റൊരു
പൂവാണോ നീ പൂമ്പാറ്റേ?

നിന്നുടെ മേനിയിലൊന്നു തൊടാനാ-
യിന്നെൻ മനമതിലൊരു മോഹം!
നിന്നോടൊത്തു കളിച്ചീടാനാ-
യെന്നുടെ ഹൃദയം വെമ്പുന്നു!

പൂമ്പാറ്റേ,യെൻ പൂമ്പാറ്റേ,നിൻ
പൂഞ്ചിറകിൽ ഞാൻ തഴുകട്ടെ?
പൂന്തേൻ നൽകാം, പൂമെയ് നിറയെ-
പ്പൂമ്പൊടി വിതറാം പൂമ്പാറ്റേ!

# എന്റെ ഗാന്ധി

രേഖ ആർ താങ്കൾ

ആരാണു ഗാന്ധിയെന്നോമന ചോദിക്കെ
ഓതുവാനാവില്ലൊരു വാക്കിലുത്തരം

എത്ര പൊഴിഞ്ഞാലും പെയ്തുതീരാത്തൊരു
സ്നേഹമഴ തൻ നിറവാണതു കുഞ്ഞേ

തൂവിക്കളയുന്ന വറ്റിനെയോർത്തതി
വേദനയോടെ തുടിക്കുന്ന സ്പന്ദനം

ആർത്തിമൂത്തിന്നു നാം വാരിയെടുക്കവേ
അക്ഷയമല്ലതെന്നോർമ്മപ്പെടുത്തുവോൻ

വ്യത്യസ്ത വർണങ്ങളോലുന്ന പൂവുകൾ
ഒറ്റച്ചരടിൽ കൊരുക്കുന്ന മാലയും

കർമ്മമാർഗത്തിൽ ചരിക്കുകയല്ലാതെ
സന്ദേശമോതുവാനാകാതെ പോയവൻ

ശാന്തിഗീതത്തിൻ പ്രചുരപ്രചാരകൻ
രാമരാജ്യം ദിവാസ്വപ്നത്തിലേറ്റിയോൻ

സച്ചിദാനന്ദ സനാതന ധർമ്മത്തി-
ലൂടതിസ്വച്ഛമായ് സഞ്ചരിച്ചീടുവോൻ

ആയുധമേന്താതെ ഭാരതക്ഷേത്രത്തിൽ
ധർമ്മസംസ്ഥാപനാർത്ഥം പിറന്നവൻ

ചില്ലുകൂട്ടിലിരുത്തുവാൻ നോക്കിലും
കൈയിലൂന്നുവടിയുമായ് പോയവൻ

അദ്വൈതമന്ത്രാർച്ചനകളിലൊക്കെയും
തത്ത്വമസിയെ ഉരുക്കഴിച്ചീടുവോൻ


സത്യഗ്രഹത്തിൻ ശരണം മുഴക്കിയീ
ഭാരതഭൂമിയിൽ നവബുദ്ധനായവൻ

പശ്ചിമാധിപത്യചുഴലിത്തിരയി-
ലക്ഷോഭ്യനർദ്ധനഗ്നനായവൻ ഫക്കീർ

കപടഹിന്ദുത്വം വലിക്കുന്ന കാഞ്ചിയാൽ
ചോര ചീറ്റി തെറിച്ചുപോയ് വീണവൻ

കാക്ക കാഷ്ഠിച്ചു വൃത്തികേടാക്കിലും
കാലമെപ്പോഴും ഹാരമർപ്പിക്കുവോൻ

വര: ബാബുരാജൻ



ഇന്നുമാപ്പേരിൽ പ്രച്ഛന്നവേഷങ്ങൾ
ആടിത്തിമിർക്കും അരങ്ങാണിതെങ്കിലും

ഒട്ടുമേ ശോഭ വറ്റാതെ കത്തുന്നൊരാട്ട-
വിളക്കുപോലുജ്ജ്വലിക്കുന്നവൻ.

# ടോം സോയറുടെ സാഹസികജീവിതം

**മാർക്ക് ട്വയിൻ**
പുനരാഖ്യാനം: **ജോളി വർഗീസ്**

ടോമിന്റെ ഹൃദയം നിറയെ ആഹ്ലാദം കോരിയിടുന്ന ഒരു സന്തോഷവാർത്തയാണ് വെള്ളിയാഴ്ച പ്രഭാതത്തിൽ ടോമിനെ തേടി എത്തിയത്. ബെക്കി താച്ചറും കുടുംബവും കഴിഞ്ഞരാത്രിയിൽ പട്ടണത്തിൽ തിരികെ എത്തിയിരിക്കുന്നു. ഇൻഡ്യൻ ജോയും അവന്റെ നിധിപേടകവും ടോമിന്റെ മനസ്സിന്റെ അടിത്തട്ടിലേക്ക് മാറ്റപ്പെട്ടു. ബെക്കി അവന്റെ മനസ്സ് കീഴടക്കി. ബെക്കി അവളുടെ അമ്മയെ നിർബന്ധിച്ച് കുട്ടികൾക്കായി ഒരു പിക്നിക്കും ക്രമീകരിച്ചു. അന്നത്തെ സൂര്യാസ്തമനത്തിനു മുൻപായി ക്ഷണക്കത്തുകൾ കുട്ടികളെ തേടി പറന്നു. കുട്ടികൾ പിക്നിക്കിനുള്ള ഒരുക്കത്തിന്റെ ആവേശത്തിമിർപ്പിലായി.

ടോമിന്റെ ആവേശത്തള്ളലിൽ അവൻ പാതിരാത്രിവരെ ഉണർന്നുകിടന്നു. ഹക്കിന്റെ മ്യാവൂ കരച്ചിൽ ഉയരുമെന്നും ബെക്കിയെയും സ്നേഹിതരെയും അടുത്തദിവസം തന്റെ നിധിപേടകം കാണിച്ച് അത്ഭുതപ്പെടുത്താമെന്നും അവൻ കരുതി. പക്ഷേ അന്നുരാത്രി മ്യാവൂ വിളി ഉയർന്നില്ല.

പിറ്റേദിവസം ഏകദേശം പത്തുമണിയായപ്പോൾ ഉല്ലാസഭരിതരായ കുട്ടികൾ താച്ചർ ജഡ്ജിയുടെ ഭവനത്തിനു മുൻപിൽ കൂടിച്ചേർന്നു. മുതിർന്നവർ കുട്ടികളുടെ പിക്നിക്കിൽ പങ്കുചേർന്ന് അവരുടെ ഉല്ലാസം കെടുത്താറില്ല.

പതിനെട്ടിനും ഇരുപത്തിമൂന്നിനും ഇടയിൽ പ്രായമുള്ള ഏതാനും യുവതീയുവാക്കളുടെ നിയന്ത്രണത്തിലും സംരക്ഷണത്തിലും കുട്ടികൾ സുരക്ഷിതരായിരിക്കുമെന്ന് അവർ വിശ്വസിച്ചു.

ഗ്രാമത്തിലെ പഴയ ആവി



വര: റോണി ദേവസ്യ

ക്കപ്പലായ കടത്തുവഞ്ചി അന്നത്തേക്ക് വാടകയ്ക്കെടുത്തു. ആവേശഭരിതരായ കുട്ടികൾ ഭക്ഷണക്കൂടകളുമായി പട്ടണത്തിലെ പ്രധാന തെരുവിലൂടെ ബോട്ട്ജെട്ടിയിലേക്ക് നടന്നു. സിഡിന് സുഖമില്ലാതിരുന്നതിനാൽ അവന് പോകാനായില്ല. അവനെ പരിചരിക്കാനായി മേരിയും വീട്ടിൽതന്നെ നിന്നു.

യാത്ര പുറപ്പെടുന്നതിനു മുൻപ് മിസ്സിസ്സ് താച്ചർ ബെക്കിയോട് പറഞ്ഞു: ''നിങ്ങൾ തിരികെ എത്തുമ്പോൾ രാത്രി വളരെ വൈകും. അതുകൊണ്ട് ബോട്ടു ജെട്ടിക്കടുത്തുള്ള ഏതെങ്കിലും കൂട്ടുകാരികളുടെ വീട്ടിൽ ഈ രാത്രി കഴിച്ചുകൂട്ടുന്നതായിരിക്കും നല്ലത്.''

''ഞാൻ സൂസി ഹാർപ്പറുടെ വീട്ടിൽ താമസിക്കാം. ''

''അതുമതി. നല്ലകുട്ടിയായി പെരുമാറണം. അവർക്ക് ഒരു ശല്യവും ഉണ്ടാക്കരുത്.'' പക്ഷേ അവർ നടന്നുപോയപ്പോൾ ടോം ബെക്കിക്ക് മറ്റൊരു ഉപദേശം നൽകി.

''എന്താ ചെയ്യേണ്ടതെന്ന് ഞാൻ പറയാം. സൂസി ഹാർപ്പറുടെ വീട്ടിൽ പോകുന്നതിനു പകരം നമുക്ക് കുന്നുകയറി ഡഗ്ലസ് വിധവയുടെ വീട്ടിൽ പോകാം. അവിടെ ധാരാളം ഐസ്ക്രീം ഉണ്ടായിരിക്കും. നമ്മളെ അവിടെ താമസിപ്പിക്കുന്നതും ഐസ്ക്രീം തരുന്നതും അവർക്ക് ഇഷ്ടമായിരിക്കും.''

''അതുകൊള്ളാം. പക്ഷേ മമ്മാ എന്തു പറയും?''

''മമ്മാ എങ്ങനെ അറിയും? നീ സുരക്ഷിതയായി ഒരു രാത്രി കഴിയണമെന്ന് അല്ലേ മമ്മാ ആഗ്രഹിക്കുന്നത്. ആ വീടിനെക്കുറിച്ച് മമ്മാ ഓർത്തിരുന്നെങ്കിൽ അവിടെ പൊയ്ക്കൊള്ളൂ എന്ന് പറയുമായിരുന്നു.''



**''എന്താ ചെയ്യേണ്ടതെന്ന് ഞാൻ പറയാം. സൂസി ഹാർപ്പറുടെ വീട്ടിൽ പോകുന്നതിനു പകരം നമുക്ക് കുന്നുകയറി ഡഗ്ലസ് വിധവയുടെ വീട്ടിൽ പോകാം. അവിടെ ധാരാളം ഐസ്ക്രീം ഉണ്ടായിരിക്കും. നമ്മളെ അവിടെ താമസിപ്പിക്കുന്നതും ഐസ്ക്രീം തരുന്നതും അവർക്ക് ഇഷ്ടമായിരിക്കും.''**

ഡഗ്ലസ് വിധവയുടെ ഐസ്ക്രീമും അവരുടെ സ്നേഹമസൃണമായ ആതിഥ്യമര്യാദയും ഗ്രാമത്തിലെ കൊതിപ്പിക്കുന്ന വിഷയമാണ്. അതേക്കുറിച്ച് ഓർത്തപ്പോൾ, ബെക്കി ടോമിന്റെ അഭിപ്രായം സ്ഥിരീകരിച്ചു. പക്ഷേ അന്ന് രാത്രിയിലെ താമസസൗകര്യ ക്രമീകരണങ്ങൾ ആരോടും പറയരുതെന്നും അവർ തീരുമാനിച്ചു. അപ്പോഴാണ് ഒരുപക്ഷേ ഹക്ക് അന്ന് രാത്രി സൂചനാക്കരച്ചിൽ നടത്തുമായിരിക്കുമെന്ന് ടോം ആലോചിച്ചത്. ആ ചിന്ത ടോമിന്റെ പ്രതീക്ഷകളിൽ അൽപം മങ്ങൽ പടർത്തി. പക്ഷേ പിക്നിക്കും ഡഗ്ലസ് വിധവയുടെ വീട്ടിലെ ഐസ്ക്രീമും ഒഴിവാക്കാനാകില്ല. എന്തിന് ഒഴിവാക്കണം? കഴിഞ്ഞരാത്രിയിൽ വിളി വന്നില്ല. അപ്പോൾ പിന്നെ ഇന്ന് രാത്രിയിൽ വരുമോ? അന്നുരാത്രിയിൽ ഉറപ്പായി ലഭിക്കുന്ന വിനോദവും ഐസ്ക്രീമും

ഉറപ്പില്ലാത്ത നിധിപേടകത്തിനായി ഉപേക്ഷിക്കണോ?

പട്ടണത്തിൽനിന്ന് നദിയിലൂടെ മൂന്നുമൈൽ സഞ്ചരിച്ചതിനുശേഷം കടത്തുബോട്ട് വൃക്ഷനിബിഡമായ ഒരു ഗുഹാമുഖത്തിനടുത്ത് കെട്ടിയുറപ്പിച്ചു. കുട്ടികൾ കരയിലേക്കു കുതിച്ചുചാടി. നിമിഷനേരത്തിനുള്ളിൽ ആ കാട്ടിൽ കുട്ടികളുടെ ആർപ്പുവിളിയും പൊട്ടിച്ചിരിയും ആക്രോശങ്ങളും അലയടിച്ചു. അവർക്കറിയാവുന്ന എല്ലാ കളികളും കളിച്ച് വിയർത്തുകുളിച്ച് ക്ഷീണിതരായപ്പോൾ, വിശപ്പ് അവരെ ആക്രമിച്ചു തുടങ്ങിയപ്പോൾ അവർ ക്യാമ്പിലേക്ക് തിരികെയെത്തി. ഇഷ്ടവിഭവങ്ങൾ ആവോളം ഭക്ഷിച്ച് കഴിഞ്ഞപ്പോൾ അവർ, വളർന്ന് പന്തലിച്ച ഒരു ഓക്കുമരത്തിന്റെ തണലിലിരുന്ന് വർത്തമാനം പറഞ്ഞു രസിച്ചു. അതിനിടയിൽ ഒരാൾ ചോദിച്ചു: ‘‘ഗുഹയ്ക്കുള്ളിലേക്കു പോകാൻ താത്പര്യമുള്ളവർ ആരൊക്കെയാണ്?’’

‘‘എല്ലാവരും തയ്യാറാണ്.’’

മെഴുകുതിരി കെട്ടുകൾ പുറത്തെടുത്ത് അവർ കുന്നിൻമുകളിലേക്കു നടന്നു. ഗുഹാമുഖം, ഇംഗ്ലീഷ് അക്ഷരം ‘A’ പോലെയാണ് വായും തുറന്നിരുന്നത്. അതിന്റെ ഭീമാകാരമായ തടിവാതിൽ തുറന്ന് അവർ ഓരോരുത്തരായി അകത്ത് പ്രവേശിച്ചു. ആ വാതിൽ ഇരുമ്പ് പട്ട ഉപയോഗിച്ച് ഉറപ്പിച്ചിരുന്നില്ല. മഞ്ഞുകട്ട നിറച്ച മുറിപോലെ തണുത്തുറഞ്ഞ ഒരു ചെറിയ അറ. പ്രകൃതി നിർമിച്ച ചുണ്ണാമ്പുകല്ലുകളുടെ ഭിത്തി, അതിൽ നിറയെ മഞ്ഞിൻകണങ്ങൾ വിയർപ്പുതുള്ളികൾപോലെ പറ്റിപ്പിടിച്ചിരിക്കുന്നു. ഇരുട്ടിന്റെ ആഴങ്ങളിൽനിന്ന് പുറത്തു സൂര്യപ്രകാശത്തിൽ മുങ്ങിക്കുളിച്ചു നിൽക്കുന്ന പച്ചപ്പിന്റെ താഴ്‌വരയിലേക്കു നോക്കുന്നത് കുളിർമ പകരുന്ന ഒരു അനുഭൂതിയായിരുന്നു. മാക്ഡഗാൽസ് ഗുഹയിലെ എണ്ണമറ്റ ഇടുങ്ങിയ കൈവഴികളിലേക്ക് മെഴുകുതിരിനാളത്തിന്റെ വെളിച്ചം പടർന്നിറങ്ങി. ഒരാൾ, ദിവസങ്ങളോളം നിരവധി രാത്രികളിലും പകലുകളിലും ഗുഹയിലെ ഉയർന്നും പൊങ്ങിയും നിൽക്കുന്ന പാറക്കെട്ടുകൾക്കിടയിലൂടെയും ഇടുങ്ങിയ ഇരുണ്ട കൈവഴികളിലൂടെയും നടന്നാലും ഗുഹയുടെ അന്ത്യം കണ്ടെത്താനാകില്ല എന്നാണ് പറയപ്പെടുന്നത്. ഒരൊറ്റ ആളിനും ഗുഹ പൂർണമായും മനസ്സിലാക്കാനും കണ്ടെത്താനും സാധിക്കില്ല. പക്ഷേ, പട്ടണത്തിലെ മിക്കവാറും യുവാക്കൾക്ക് ഗുഹയുടെ ചില ഭാഗങ്ങൾ അറിയാം. ടോമിനും എല്ലാവർക്കും അറിയാവുന്നതുപോലെ ചില ഭാഗങ്ങൾ പരിചയമുണ്ട്.

**കുട്ടികൾ ഒരു ഘോഷയാത്രയായി ഗുഹയിലെ പ്രധാന വഴിയിലൂടെ ഏകദേശം മുക്കാൽ മൈലോളം നടന്നു. അതിനുശേഷം അവർ സംഘങ്ങളായി പിരിഞ്ഞു. ഓരോ സംഘവും ഓരോ ചെറിയ പാർശ്വവഴികളിലേക്ക് നടന്ന് പലപ്പോഴും അവർ നടന്നുനടന്ന് ഓർക്കാപ്പുറത്ത് മറ്റൊരു സംഘവുമായി പ്രധാനവഴിയുടെ ഒരുഭാഗത്ത് കൂട്ടിമുട്ടുകയും ചെയ്തു.**

കുട്ടികൾ ഒരു ഘോഷയാത്രയായി ഗുഹയിലെ പ്രധാന വഴിയിലൂടെ ഏകദേശം മുക്കാൽ മൈലോളം നടന്നു. അതിനുശേഷം അവർ സംഘങ്ങളായി പിരിഞ്ഞു. ഓരോ സംഘവും ഓരോ ചെറിയ പാർശ്വവഴികളിലേക്ക് നടന്ന് പലപ്പോഴും അവർ നടന്നുനടന്ന് ഓർക്കാപ്പുറത്ത് മറ്റൊരു സംഘവുമായി പ്രധാനവഴിയുടെ ഒരുഭാഗത്ത് കൂട്ടിമുട്ടുകയും ചെയ്തു. അവർക്ക് അറിയാവുന്ന പരിചയമുള്ള ഇടനാഴികളിൽ, ഏകദേശം അരമണിക്കൂർ അന്യോന്യം കാണാതെ ഒളിച്ചിരുന്നും കൂട്ടുകാരെ കളിപ്പിച്ചും അവർ രസിച്ചു.

ഒന്നിന് പുറകെ ഒന്നായി ചെറിയ സംഘങ്ങൾ, തലമുതൽ പാദംവരെ ഉരുകിവീണ മെഴുകുതിരി തുള്ളികളും ചെളിയും പറ്റിപ്പിടിച്ച രൂപത്തിൽ ആർത്തുവിളിച്ചും കിതച്ചും പൊട്ടിച്ചിരിച്ചും ഗുഹാമുഖത്ത് എത്തിച്ചേർന്നു. അപ്പോഴാണ് ഇരുട്ട് പടർന്നുതുടങ്ങിയെന്നും സമയം പോയതറിഞ്ഞില്ലെന്നും അവർ മനസ്സിലാക്കിയത്. കടത്തുബോട്ടിലെ മണിനാദം അരമണിക്കൂറായി അവരെ വിളിക്കുന്നുണ്ടായിരുന്നു. അവസാനം കടത്തുബോട്ട് അതിന്റെ യാത്രക്കാരുമായി യാത്ര അരംഭിച്ചപ്പോഴോ, അതിന്റെ ക്യാപ്റ്റൻ ഒഴികെ മറ്റാർക്കും സമയം കടന്നുപോയതിനെക്കുറിച്ച് പരാതി ഇല്ലായിരുന്നു.

## അറിയിപ്പ്

**ചില സാങ്കേതിക കാരണങ്ങളാൽ അടുത്തലക്കം മുതൽ ടോം സോയർ പ്രസിദ്ധീകരിക്കുന്നതല്ല.**

# അമേരിക്കൻ പ്രസിഡന്റിനെ രക്ഷിച്ച തേങ്ങ

പായിപ്ര രാധാകൃഷ്ണൻ



ജോൺ എഫ് കെന്നഡി

ഒരു ഉണക്കത്തേങ്ങ സ്റ്റാമ്പ് ഒട്ടിച്ചയച്ചാൽ അത് ഏറ്റെടുത്ത് മേൽവിലാസക്കാരന് കൃത്യമായി എത്തിച്ചുകൊടുക്കാൻ അമേരിക്കൻ പോസ്റ്റൽ വകുപ്പ് തയ്യാറാണ്. ഇതിനു പിന്നിൽ ഒരു അമേരിക്കൻ പ്രസിഡന്റിന്റെ ജീവൻ രക്ഷിച്ച തേങ്ങയുടെ കഥയുണ്ട്.

1941ൽ ജപ്പാൻ അതിസാഹസികമായി സിംഗപ്പൂരിന്റെ പേൾ ഹാർബർ ആക്രമിച്ചു. അമേരിക്കൻ കപ്പൽ വ്യൂഹം അപ്രതീക്ഷിതമായി തകർന്നത് അമേരിക്കയുടെ ദേശീയബോധത്തെ വല്ലാതെ വ്രണിതമാക്കി. രണ്ടാം ലോകമഹായുദ്ധത്തിൽ ജപ്പാന്റെ മുന്നേറ്റത്തിനു തടയിടാൻ സോളമൻ ദ്വീപിനു സമീപമുള്ള ബ്ലാക്കറ്റ് കടലിടുക്കിൽ ഒരുലക്ഷം നാവികരെ അമേരിക്ക വിന്യസിച്ചു. ഇക്കൂട്ടത്തിൽ പുറംവേദനയുള്ള ഒരു യുവാവുണ്ടായിരുന്നു. ഇംഗ്ലണ്ടിലെ അമേരിക്കൻ സ്ഥാനപതി ജോസഫ് കെന്നഡിയുടെ മകൻ ജോൺ ഫിറ്റ്സ് ജെറാൾഡ് കെന്നഡി. അച്ഛന്റെ ശുപാർശ പ്രകാരമാണ് ഇയാളെ നേവിയിലെടുത്തതു തന്നെ. പതിമൂന്നു പേരുള്ള ഒരു ടോർപ്പിഡോ ബോട്ടിന്റെ നായകസ്ഥാനമാണ് ഈ യുവാവിനു ലഭിച്ചത്. യുദ്ധത്തിൽ ജപ്പാൻ പടക്കപ്പൽ ഈ ബോട്ട് തകർത്ത് തരിപ്പണമാക്കി. രണ്ടുപേർ മരിച്ചു. മുറിവേറ്റ സൈനികനേയും സഹപ്രവർത്തകരേയും കൊണ്ട് രക്ഷപ്പെടാനായിരുന്നു കെന്നഡിയുടെ ശ്രമം. മുറിവേറ്റ സൈനികന്റെ ലൈഫ് ജാക്കറ്റിൽ കടിച്ചുപിടിച്ച് അയാളെയും കൊണ്ട് നീന്തി ഒരുവിധം സോളമൻ ദ്വീപിലെത്തി.

'പറ്റുന്നതു പെട്ടെന്നും; പറ്റാത്തത് പിന്നീടും' എന്ന അമേരിക്കൻ സേനയുടെ വിശ്വാസപ്രമാണ പ്രകാരം അവിടെ കിടന്ന ഒരു ഉണക്കത്തേങ്ങയെടുത്ത് അതിൽ ഒരു സന്ദേശം എഴുതി. തങ്ങളെ രക്ഷിക്കണമെന്ന അപേക്ഷ. ദ്വീപുനിവാസികൾ അത് പട്ടാള ക്യാമ്പിലെത്തിച്ചു. നാളികേര സന്ദേശത്തിനു ഫലമുണ്ടായി. പിറ്റേന്നുതന്നെ രക്ഷാനൗകയെത്തി. കെന്നഡിയും കൂട്ടരും വിജനദ്വീപിൽ നിന്നും രക്ഷപ്പെട്ടു.

1960ൽ കെന്നഡി അമേരിക്കൻ പ്രസിഡന്റായപ്പോൾ അദ്ദേഹം ആ തേങ്ങയെ മറന്നില്ല. അത് തേടിപ്പിടിച്ച് അലങ്കരിച്ച് തന്റെ ഔദ്യോഗിക വസതിയായ വൈറ്റ് ഹൗസിലെ ഓവൽ ആഫീസ് പ്രസിഡന്റിന്റെ മേശപ്പുറത്തു വച്ചു. അമേരിക്കൻ പ്രസിഡന്റിനെ ഒരുനാൾ രക്ഷിച്ച ആ തേങ്ങയെ രാഷ്ട്രം ഇന്നും അനുസ്മരിക്കുന്നു. ആദരിക്കുന്നു. കെന്നഡി ലൈബ്രറിയിൽ അത് സൂക്ഷിച്ചിട്ടുണ്ട്. അത് തേടിപ്പിടിച്ച സോളമൻ ദ്വീപുനിവാസികളായ ബ്യൂക്കുഗാസയുടെയും ഐറോണിക് കുമാനുവിന്റേയും പേരുകളും രേഖപ്പെടുത്തിയിട്ടുണ്ട്.





# സച്ചിൻ നേരിട്ട ആദ്യ ബൗളർ മുത്തശ്ശി

**സനിൽ പി തോമസ്**

**സ്പോർട്സിലെ ഓസ്കർ എന്നു വിശേഷിപ്പിക്കുന്ന ലോറസ് ബഹുമതി നേടുന്ന ആദ്യ ഇന്ത്യാക്കാരനാണ് സച്ചിൻ ടെൻഡുൽക്കർ ... 1989ൽ 16-ാം വയസ്സിൽ പാകിസ്ഥാനെതിരെ ടെസ്റ്റ് ക്യാപ് അണിഞ്ഞ സച്ചിൻ തെൻഡുൽക്കർ 200 ടെസ്റ്റിലും 463 ഏകദിനത്തിലും 96 ട്വന്റിട്വിന്റിയിലും ഇന്ത്യൻ ടീമിൽ കളിച്ചു.**

“1983ലാണ് ഞാൻ യാത്ര തുടങ്ങിയത്. പത്താം വയസ്സിൽ ഇന്ത്യ ലോകകപ്പ് ക്രിക്കറ്റ് ജയിച്ച നിമിഷം. അന്ന് ആ വിജയത്തിന്റെ പ്രാധാന്യം മനസ്സിലായില്ല. എല്ലാവരും ആഘോഷിക്കുന്നതു കണ്ട് ഞാനും ഒപ്പം ചേരുകയായിരുന്നു. പിന്നീടാണ് ആ ആഘോഷത്തിന്റെ കാരണം മനസ്സിലാക്കിയത്. രാജ്യത്തെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട ഒരു കാര്യമാണ് സംഭവിച്ചതെന്ന് ബോധ്യമായി. ഒരുനാൾ എനിക്കും ഇത് അനുഭവിക്കണമെന്നു തോന്നി. ആ ചിന്തയിൽ നിന്നായിരുന്നു എന്റെ യാത്രയുടെ തുടക്കം. ആ സ്വപ്നമാണ് 2011 ഏപ്രിൽ രണ്ടിന് മുംബൈയിൽ യാഥാർഥ്യമായത്. 22 വർഷം ഞാൻ കണ്ട സ്വപ്നം. ഒടുവിൽ രാജ്യത്തിനുവേണ്ടി അതു യാഥാർഥ്യമാക്കാനായി.’’

സ്പോർട്സിലെ ഓസ്കർ എന്നു വിശേഷിപ്പിക്കുന്ന ലോറസ് അവാർഡ് 2020ൽ നേടിയ സച്ചിൻ തെൻഡുൽക്കർ തന്നെ അവാർഡിലെത്തിച്ച സംഭവവും അവിടേക്കുള്ള യാത്രയും വിവരിച്ചു. ലോറസ് ബഹുമതി നേടുന്ന ആദ്യ ഇന്ത്യാക്കാരനാണ് സച്ചിൻ തെൻഡുൽക്കർ. ആറു ലോകകപ്പിൽ കളിച്ച സച്ചിന് അവസാന ഊഴത്തിലാണ് കിരീടനേട്ടം സാധ്യമായത്. അന്ന് സച്ചിനെ തോളിലേറ്റി ഇന്ത്യൻ താരങ്ങൾ മുംബൈ വാങ്കഡേ സ്റ്റേഡിയം വലംവച്ചു. ആ നിമിഷം കഴിഞ്ഞ രണ്ടു പതിറ്റാണ്ടിനിടെ കായികലോകത്ത് പിറന്ന ഏറ്റവും സുന്ദരനിമിഷമായി. അതിനാണ് ലോറസ് അവാർഡ് സച്ചിനിലൂടെ ഇന്ത്യയിൽ എത്തിയത്.

ലോൺടെന്നിസിലെ ‘വികൃതിപ്പയ്യൻ’ അമേരിക്കയുടെ ജോൺ മക്കെൻറോ ആയിരുന്നു ബാല്യത്തിൽ സച്ചിന്റെ ആരാധനാമൂർത്തി. ബാല്യത്തിൽ നല്ല വികൃതിയും വായാടിയുമായിരുന്ന സച്ചിന് മക്കെൻറോയെ ഇഷ്ടപ്പെട്ടത് സ്വാഭാവികം. പിന്നീട് രാമകാന്ത് അച്‌രേക്കറുടെ ശിഷ്യനായതോടെ അച്ചടക്കമുള്ള കൗമാരക്കാരനായി സച്ചിൻ മാറി.

മറാത്തി പ്രൊഫസറും കവിയുമായിരുന്ന രമേശ് തെൻഡുൽക്കർ പുത്രനു സച്ചിൻ എന്നു പേരിട്ടത് സംഗീത സംവിധായകൻ സച്ചിൻദേവ് ബർമനെ ഓർത്താണ്. അമ്മ രജനി, എൽ ഐ സി ഉദ്യോഗസ്ഥയായിരുന്നു. ശാരദാശ്രമം സ്കൂളിൽ പഠി

ക്കുമ്പോൾ വിനോദ് കാംബ്ലി യുമൊത്ത് ഹാരിസ് ഷീൽഡ് ടൂർണമെന്റിൽ സച്ചിൻ 664 റൺ സിന്റെ തകർക്കപ്പെടാത്ത കൂട്ടു കെട്ട് പടുത്തുയർത്തി. പിന്നീട് ഫാസ്റ്റ് ബൗളർ ആകാൻ ആഗ്ര ഹിച്ച് ചെന്നൈയിൽ എം ആർ എഫ് പേസ് ഫൗണ്ടേഷനിൽ എത്തിയ സച്ചിനെ സാക്ഷാൽ ഡെന്നിസ് ലിലിയാണു മടക്കി യയച്ചത്.

ഒരു പെട്ടിയിൽ വടികൊണ്ട ടിച്ച് ശബ്ദമുണ്ടാക്കുന്നതായി രുന്നു ബാല്യത്തിൽ സച്ചിന്റെ വിനോദം. മൂന്നു വയസ്സായ പ്പോൾ ക്രിക്കറ്റ് കളി എവി ടെയോ കണ്ട് ഒരു പ്ലാസ്റ്റിക് പന്ത് എറിഞ്ഞുകൊടു ക്കാൻ മുത്തശ്ശി ലക്ഷ്മിഭായ് ഘിജോയോട് പറയുമായി രുന്നു. വാക്കിങ് സ്റ്റിക്ക് ഉപ യോഗിച്ച് കൊച്ചു സച്ചിൻ ആ പ്ലാസ്റ്റിക് പന്ത് അടിച്ചുകളയും. വീടിന്റെ ടെറസ്സായിരുന്നു കളി സ്ഥലം. സച്ചിന്റെ ഒരു ജന്മദി നത്തിൽ സമ്മാനമായിട്ടാണ് ആദ്യത്തെ ക്രിക്കറ്റ് ബാറ്റ് ലഭിച്ചത്.

വക്കീൽ ആകണമെന്നാ യിരുന്നു സച്ചിന്റെ ആഗ്രഹം. ജ്യേഷ്ഠൻ അജിത്ത് മാത്രമാണ് വീട്ടിൽ ക്രിക്കറ്റ് കളിച്ചിരുന്നത്. സ്കൂളിൽ എത്തിയതോടെ സച്ചിനും ക്രിക്കറ്റിൽ താത്പര്യം ഉണ്ടായി. മുംബൈയിൽ പ്രശ സ്തമായ ശിവാജി പാർക്കി നടുത്തായിരുന്നു സച്ചിന്റെ വീട്. വഡേക്കറും ഗവാസ്ക്കറു മൊക്കെ കളി പഠിച്ച ഇവിടെ ത്തന്നെ സച്ചിനും ക്രിക്കറ്റ് കളി ച്ചുതുടങ്ങി. ശിവാൽക്കർ ആയി രുന്നു ആദ്യ ഗുരു. പിന്നീട് രാമ കാന്ത് അച്രേക്കറും. രാവിലെ ആറിനു പരിശീലനം തുടങ്ങി യിരുന്നു. എല്ലാദിവസവും ആദ്യം ഗ്രൗണ്ടിൽ എത്തുന്നത് സച്ചിൻ ആയിരുന്നു. ആറുമ ണിക്കുമുമ്പേ പരിശീലനത്തിന് നെറ്റ് കെട്ടിക്കൊടുക്കണമെന്ന് കൊച്ചു സച്ചിൻ പരിശീലകരോട് ആവശ്യപ്പെട്ടു.



എപ്പോഴും ഉച്ചത്തിൽ സംസാ രിക്കുന്ന സച്ചിനെ നിയന്ത്രിക്കാൻ പരിശീലകർ തേർഡ്മാനിൽ ഫീൽഡിങ് സ്ഥാനം നൽകി. ക്രമേണ വായാടിച്ചെക്കൻ ശാന്ത നായി. ക്രിക്കറ്റ് ക്ലബ് ഓഫ് ഇന്ത്യയിൽ 15 വയസ്സ് മുതൽക്കാ യിരുന്നു പ്രവേശനം. ഹാരിസ് ഷീൽഡ് ടൂർണമെന്റിലെ സച്ചിന്റെ പ്രകടനം കണ്ട് 14-ാം വയസ്സിൽ സച്ചിനെ സി സി ഐ തിരഞ്ഞെടുത്തു. പതിനൊന്നാം വയസ്സിലാണ് സച്ചിൻ രാമ കാന്ത് അച്രേക്കറുടെ ശിഷ്യ നാകുന്നത്. വികൃതിച്ചെക്കനെ സ്വീകരിക്കാൻ അച്രേക്കർക്കു താത്പര്യമില്ലായിരുന്നു. ജ്യേഷ്ഠൻ അജിത്ത് ഒരുവിധം സമ്മതിപ്പിക്കുകയായിരുന്നു.

ബാറ്റിങ് പരിശീലനവേ ളയിൽ സച്ചിന്റെ വിക്കറ്റിനു മുകളിൽ അച്രേക്കർ ഒരു രൂപ യുടെ നാണയം വയ്ക്കും. വിക്കറ്റ് തെറിച്ചാൽ നാണയം ബൗളർക്ക്. ഇല്ലെങ്കിൽ സച്ചിന്. ഇതായിരുന്നു നിബന്ധന. ഒരി ക്കൽ സ്കൂളിന്റെ 'ബി' ടീമിൽ കളിക്കാതെ ഗാലറിയിൽ കളി കണ്ടിരുന്ന സച്ചിനിട്ട് അച് രേക്കർ ഒരു അടികൊടുത്തു. അടികൊണ്ട് കൈയിലിരുന്ന ചോറുപാത്രം തെറിച്ചുപോയി. ആ ശിക്ഷ സച്ചിനിൽ മാറ്റമു ണ്ടാക്കി. പിന്നെ കളിക്കാൻ ലഭിച്ച ഒരവസരവും പാഴാ ക്കിയില്ല.

1989ൽ 16-ാം വയസ്സിൽ പാകിസ്ഥാനെതിരെ ടെസ്റ്റ് ക്യാപ് അണിഞ്ഞ സച്ചിൻ തെൻഡുൽക്കർ 200 ടെസ്റ്റിലും 463 ഏകദിനത്തിലും 96 ട്വന്റി ട്വിന്റിയിലും ഇന്ത്യൻ ടീമിൽ കളിച്ചു. ടെസ്റ്റിൽ 51ഉം ഏകദി നത്തിൽ 49ഉം സെഞ്ചുറി നേടി. ട്വന്റി ട്വന്റിയിൽ ഒരു സെഞ്ചുറി യുമുണ്ട്. 25 ടെസ്റ്റിൽ ഇന്ത്യൻ നായകനായിരുന്നു. ഇരുന്നൂറു ടെസ്റ്റ് പൂർത്തിയാക്കി. 2013 നവം ബർ 16ന് സച്ചിൻ കളിയിൽനി ന്നും വിടവാങ്ങി. ഭാരതരത്ന നൽകി രാജ്യം അദ്ദേഹത്തെ ആദരിച്ചു. ധ്യാൻചന്ദിനെ പ്പോലും ഒഴിവാക്കിയാണ് സച്ചിന് ഭാരതരത്ന നൽകിയത്. ഈ ബഹുമതി ലഭിച്ച ആദ്യത്തെ ഇന്ത്യൻ കായികതാരം. സച്ചിൻ പറഞ്ഞു: ''ഈ രാജ്യത്തിലെ സകല അമ്മമാർക്കുമായി ഞാൻ ഈ പുരസ്കാരം സമർ പ്പിക്കുന്നു.''





# നൗകക്കല്ലുകളുടെ സൂത്രം

**പി കെ സുധി**

'മൈഡിയർ കുട്ടിച്ചാത്തൻ' എന്ന സിനിമയിലെ കഥാപാത്രം ഏറെ സൗമ്യനാണ്. ആ കുട്ടിച്ചാത്തന്റെ പെരുമാറ്റം ആകർഷണീയമാണ്. എന്തൊരു മിടുക്കൻ! ഇത്തരത്തിലൊന്നിനെ കിട്ടിയാൽ കളിക്കാനും തമാശ കാട്ടാനും മറ്റൊന്നും വേണ്ട. രക്ഷപ്പെട്ടുവെന്ന് ആരും പറഞ്ഞുപോകും. ഈ പള്ളിക്കൂടമില്ലാത്ത മുഷിപ്പൻ കാലത്ത് അവനെക്കൊണ്ടെന്തൊക്കെയാണ് ഉപയോഗങ്ങൾ!

പഴയകാലത്തെ കുട്ടിച്ചാത്തന്മാർ ആ സിനിമാനായകനെ മാതിരിയൊന്നുമായിരുന്നില്ല. പുരപ്പുറത്ത് കല്ലെറിയുക, ഉടുതുണിയിൽ തീ പിടിപ്പിക്കുക തുടങ്ങിയ ചാത്തന്മാർ നടത്തിയ അതിക്രമങ്ങളെക്കുറിച്ച് മുതിർന്നവരോട് ആരാഞ്ഞുനോക്കൂ. ചാത്തബാധയെ സംബന്ധിക്കുന്ന രസകരങ്ങളായ നിരവധി കുട്ടീശ്വരക്കഥകൾ കേൾക്കാം. അന്നൊക്കെ ഇത്തരം തട്ടിപ്പുപരിപാടികൾ സംഭവിച്ചിരുന്നത് മിക്കവാറും കൂട്ടുകുടുംബങ്ങളിലായിരുന്നു. ഒരു വീട്ടിൽ പത്തും പന്ത്രണ്ടും പേരൊക്കെയാണ് താമസിച്ചിരുന്നത്. അതിൽപ്പെട്ട ചിലരുടെ മാനസികാസ്വാസ്ഥ്യങ്ങളാണ് കുട്ടിച്ചാത്തൻ ഉപദ്രവത്തിനു പിന്നിലുള്ളതെന്ന് പിൽക്കാലത്ത് ശാസ്ത്രം കണ്ടെത്തി. നാട്ടിമ്പുറങ്ങളിൽ പോലുമിപ്പോൾ യക്ഷികളും ഒടിയനും പ്രേതങ്ങളുമില്ല. ശാസ്ത്രീയ യുക്തിചിന്തയുടെ വെളിച്ചത്തിൽ അതെല്ലാം ആകെ വെടിപ്പായിപ്പോയി.

ആരാണിങ്ങനെയൊക്കെ ചെയ്യുന്നത് എന്നറിയാത്ത ചില ചാത്തൻ പരിപാടികൾ പല നാടുകളിലുമുണ്ട്. കാലിഫോർണിയായിലെ മോജാവെ മരുഭൂമിയിലെ ഡെത്ത്‌വാലിയിൽ ഒരു തടാകമുണ്ട്. വേനലിൽ മരണത്താഴ്‌വരയിലെ ആ ജലാശയമങ്ങ് വറ്റിവരളും. അപ്പോൾ ചെന്നുനോക്കിയാൽ ഒരതിശയ കാഴ്ച കാണാം. കല്ലുകൾ നിരങ്ങിപ്പോയതിന്റെ നീണ്ട പാടുകൾ. അതവിടെ തടാകത്തിലെമ്പാടും കാണാം. തടാകത്തിന്റെ അടിത്തട്ടിലെ കല്ലുകൾ സഞ്ചരിച്ചതാണ്. ഈ കൽനടപ്പ്

ഒളിച്ചും പാത്തുമൊന്നുമല്ല സംഭവിക്കുന്നത്, പാതിരാവിലുമല്ല. വെളുപ്പിനു ചെന്നുനോക്കണം. അവർ അനങ്ങുന്നത് നമുക്ക് കാണാം.

മാന്ത്രികക്കല്ലുകൾ! കുട്ടിച്ചാത്തൻ കളി! മരണത്താഴ്‌വരയല്ലേ! അതും അതിനപ്പുറവും നടക്കുമല്ലോ എന്നു തോന്നും. ഈ കല്ലുകളുടെ വരവും പോക്കും പണ്ടുമുതലേ ആളുകളെ ആകർഷിച്ചിരുന്നു. ഇവറ്റകളെ നാവിക പാറകൾ (sailing rocks) എന്നു വിളിച്ചതിൽ ഒരു തെറ്റുമില്ല. അവരുടെ സഞ്ചാരം ജനങ്ങളെയെന്നും ആകർഷിച്ചിരുന്നു.


**ഏതാണ്ട് അമ്പത് പൗണ്ടുകൾ വരെയുള്ള കല്ലുകൾ തലങ്ങും വിലങ്ങും സഞ്ചരിച്ചുകളയും. ഇവരിൽ ചിലർ അപാരമായ അച്ചടക്കമാണ് കാണിക്കുന്നത്. നമ്മൾ സ്കൂൾ ചങ്ങാതിമാർ പള്ളിക്കൂടവഴിയിൽ കുറേദൂരം ഒത്തുചേർന്ന് അതീവസമാന്തരമായി നടക്കുമല്ലോ. പിന്നെയാണ് അതുമിതും പറഞ്ഞ് പിണങ്ങിമാറി വിപരീതദിക്കുകളിലേക്ക് പോകുന്നത്. അതുമാതിരിയാണ് ചില കല്ലുകളുടെ സഞ്ചാരം.**

ഏതാണ്ട് അമ്പത് പൗണ്ടുകൾ വരെയുള്ള കല്ലുകൾ തലങ്ങും വിലങ്ങും സഞ്ചരിച്ചുകളയും. ഇവരിൽ ചിലർ അപാരമായ അച്ചടക്കമാണ് കാണിക്കുന്നത്. നമ്മൾ സ്കൂൾ ചങ്ങാതിമാർ പള്ളിക്കൂടവഴിയിൽ കുറേദൂരം ഒത്തുചേർന്ന് അതീവസമാന്തരമായി നടക്കുമല്ലോ. പിന്നെയാണ് അതുമിതും പറഞ്ഞ് പിണങ്ങിമാറി വിപരീതദിക്കുകളിലേക്ക് പോകുന്നത്. അതുമാതിരിയാണ് ചില കല്ലുകളുടെ സഞ്ചാരം. വെറും പോക്കല്ല. നിലത്ത് മണലിൽ ആമ ഇഴഞ്ഞതു മാതിരി പാടുണ്ടാക്കിക്കളയും. ഇനിയി ചലനവേഗതയൊന്ന് അളന്നുനോക്കാം. മിനിട്ടിൽ അഞ്ചു മീറ്റർ വരെ ചില കല്ലുവീരന്മാർ ഓട്ടം നടത്താറുണ്ട്. ആയിരത്തി അഞ്ഞൂറ് അടികൾ വരെ നീങ്ങിപ്പോയി റെക്കോഡിട്ടവരുമുണ്ട്.

ഈ ദിക്കിന്റെ ഭൂമിശാസ്ത്ര പ്രത്യേകതകൾ? അതാണോ ഈ കൽനടത്തത്തിനു പിന്നിലെ ശാസ്ത്രമെന്ന് അറിയണമല്ലോ. ഇത് കാലിഫോർണിയായിലെ അതീവ ചൂടുള്ളയിടങ്ങളിലൊന്നാണ്. അതിനാൽ വറ്റിയ തടാകത്തിലെ പരന്നതും അതീവ ഉണക്കയായതുമായ നിലത്ത് ഉഷ്ണസമയത്ത് വെള്ളം വീണാലുടൻ അത് ആവിയാകുന്നതാണ്. അതല്ലാതെ മറ്റു കാന്തിക പ്രതിഭാസങ്ങളൊന്നും ശ്രദ്ധയിൽ വന്നിട്ടില്ല. ഈ കല്ലു നടപ്പൊരു ഭൗമപ്രതിഭാസമല്ല എന്നു ചുരുക്കം.

ഇവറ്റകളെ ആരാണിങ്ങനെ തള്ളിവിടുന്നത്? രാപ്പകൽ നിരീക്ഷിച്ചിട്ടും കല്ലുന്തിവിടുന്ന ഒരു ജീവിയും അവിടെ കണ്ടില്ല. പാറക്കല്ലിൽ കാറ്റു പിടിക്കില്ലല്ലോ. നമ്മുടെ രീതിയനുസരിച്ച് നോക്കിയാൽ കാര്യം സിമ്പിളാണ്. കുട്ടിച്ചാത്തൻ പരിപാടി തന്നെയാണെന്നു പറഞ്ഞ് ഒഴിഞ്ഞുമാറാം. പക്ഷേ, അന്വേഷകർ ഈ






**1900 മുതലുള്ള പരീക്ഷണ നിരീക്ഷണങ്ങൾക്ക് അടുത്തയിടെ പരിസമാപ്തിയുണ്ടായി. ഈ കല്ലോട്ടത്തിനു പിന്നിലുള്ള കാരണം വെളിപ്പെട്ടു. അതിതാണ്. അവിടത്തെ വൻ പകൽച്ചൂട്, രാത്രിയിലെ തണുപ്പും മഴയും, പിന്നെ കാറ്റ്. ഇവറ്റകളുടെ കളിയാണ് ഈ കല്ലുസൂത്രത്തിനു പിന്നിലുള്ളത്. മരണത്താഴ്‌വരയിൽ സംഭവിക്കുന്നത് ഇതാണ്. രാത്തണുപ്പിൽ തടാകത്തറയിൽ വീഴുന്ന മഴവെള്ളം ഉറഞ്ഞ് മഞ്ഞായിത്തീരും.**



കാണാസൂത്രത്തിനു പിന്നിലെ രഹസ്യത്തിനെ ഒഴിവാക്കി വെറുതെ മാറി ഇരുന്നില്ല.

1900 മുതലുള്ള പരീക്ഷണ നിരീക്ഷണങ്ങൾക്ക് അടുത്തയിടെ പരിസമാപ്തിയുണ്ടായി. ഈ കല്ലോട്ടത്തിനു പിന്നിലുള്ള കാരണം വെളിപ്പെട്ടു. അതിതാണ്. അവിടത്തെ വൻ പകൽച്ചൂട്, രാത്രിയിലെ തണുപ്പും മഴയും പിന്നെ കാറ്റ്. ഇവറ്റകളുടെ കളിയാണ് ഈ കല്ലുസൂത്രത്തിനു പിന്നിലുള്ളത്. മരണത്താഴ്‌വരയിൽ സംഭവിക്കുന്നത് ഇതാണ്. രാത്തണുപ്പിൽ തടാകത്തറയിൽ വീഴുന്ന മഴവെള്ളം ഉറഞ്ഞ് മഞ്ഞായിത്തീരും. വെളുപ്പിന് ചൂടു വരുമ്പോൾ ഈ ഐസ്‌പാളി സ്വാഭാവികമായി ഉരുകിത്തുടങ്ങുമല്ലോ. അതിന്റെ ഫലമായി കല്ലിന്നടിയിൽ മിനുസമായൊരു സഞ്ചാരപഥമൊരുങ്ങിവരും. കാറ്റു വീശിത്തുടങ്ങുമ്പോൾ ആ ഊർജ്ജസഹായത്തിൽ കൽക്കുട്ടന്മാർ



പതുക്കെ തെന്നിത്തെന്നി നീങ്ങാൻ തുടങ്ങും. സമുദ്ര സഞ്ചാരത്തിനിറങ്ങിയ നൗകകളെപ്പോലെ.

കൃത്യമായ നിരീക്ഷണങ്ങളും, അതിന്റെ ഫലവിശകലനങ്ങളുമാണ് ഏതാണ്ട് നൂറുവർഷം പഴക്കമുള്ള ഒരു സമസ്യയുടെ കെട്ടഴിച്ചത്. നമ്മളാണെങ്കിലോ? അയ്യോ. ഒന്നും പറയണ്ട. പിന്നെ പൂജയും ഭജനയുമായി... പാറക്കല്ലുകളുമായി ബന്ധപ്പെട്ട് നാറാണത്തു ഭ്രാന്തൻ, സിസിഫസ് എന്നിവരെക്കുറിച്ച് വായിക്കുന്നതും ചിന്തിക്കുന്നതും രസകരമായിരിക്കും. പുതുതായി എന്തുകണ്ടാലും യുക്തിഭദ്രമായി ചിന്തിക്കാനും ശീലിക്കണേ!

# സൈക്കിൾ

റെജി മലയാലപ്പുഴ

കഴിഞ്ഞ ഒരു കൊല്ലമായി കാര്യമായ പുറത്തിറങ്ങലില്ല. ചക്രങ്ങൾക്ക് ആകെ ഒരു മരവിപ്പ്.. ശ്വാസഗതികൾ നിലച്ചുപോകും പോലെ... തൊണ്ടയിൽനിന്നും കിണി കിണി ശബ്ദം കിരുകിരുപ്പായ പോലെ. ഒരു കോണിൽ ഒറ്റപ്പെട്ടു കഴിയുക എന്നത് ഭീകരമാണ്..

ഉണ്ണിക്കുട്ടനുമായുള്ള ചങ്ങാത്തം എത്ര രസമായിരുന്നു. ശരിക്കും ഞങ്ങൾക്ക് ഓരോ ദിവസവും ഓരോ വിനോദയാത്രയായിരുന്നു... പാൽ വാങ്ങാൻ കടയിൽ പോകുമ്പോ, പുഴയിൽ കുളിക്കാൻ പോകുമ്പോ... എന്തിനേറെ പറയുന്നു, പള്ളിക്കൂടത്തിലേക്കുള്ള യാത്രയിൽ തന്നെ ഞങ്ങൾക്ക് പഠിക്കാനേറെ കാഴ്ചകളുണ്ടായിരുന്നു.



വര: സുജിത് വാസുദേവ്

ഉണ്ണിക്കുട്ടൻ ഒരിക്കൽ പോലും എന്നെ വെയിലത്ത് നിർത്തിയിട്ടില്ല. പള്ളിക്കൂടത്തിന്റെ പടിഞ്ഞാറുഭാഗത്ത് നിൽക്കുന്ന മൂവാണ്ടൻ മാവായിരുന്നു എന്റെ തണൽ. വൈകുന്നേരം സ്കൂൾ വിട്ട് ഉണ്ണിക്കുട്ടൻ എത്തും വരെ എത്ര കൂട്ടുകാരാണ് ശിഖരത്തിൽ വന്ന് കുശലം ചോദിച്ചു മടങ്ങിയത്. കുയിലമ്മയുടെ പാട്ടു കേട്ട് സ്വയം മൂളാൻ തുടങ്ങിയപ്പോ ഉണ്ണിക്കുട്ടൻ ചോദിച്ചത് ഓർക്കുന്നു, 'നീ വലിയ പാട്ടുകാരനായോ എന്ന്.' എന്റെ ചുമലിലേറാൻ ഉണ്ണിക്കുട്ടന്റെ പല കൂട്ടുകാരും എത്തിയിട്ടുണ്ട്.

ഒരിക്കൽ ഉണ്ണിക്കുട്ടൻ ടൂറിന് പോകാൻ കാലത്ത് എന്നെയും കൂട്ടി ഇറങ്ങിയപ്പോ വഴിയിൽ നിന്ന് ഒരു ചങ്ങാതിയെക്കൂടി ഒപ്പം കൂട്ടി. അവന് ഉടനെന്നെ ഉരുട്ടണം. ഉണ്ണിക്കുട്ടൻ സമ്മതിച്ചില്ല. കാരണം എന്നെ ഉരുട്ടിയിട്ട് വേദനിപ്പിക്കുന്നത് അവനിഷ്ടമല്ല.

ഉണ്ണിക്കുട്ടന്റെ വീട്ടിനരികിലൂടെ ഞാൻ ശബ്ദിച്ചു നീങ്ങുമ്പോ ഐസ്കാരനെന്നോർത്ത് ഓടിയിറങ്ങിയ കൂട്ടുകാർ നിരാശയോടെ മടങ്ങുന്നത് കണ്ടിട്ടുണ്ട്.

ഓരോ യാത്രയും ഞങ്ങൾക്ക് ഏറെ അനുഭവങ്ങൾ തന്നിട്ടുണ്ട്. എന്നാലിന്ന് കാഴ്ചകളുടെ ലോകത്തുനിന്ന് ഒറ്റപ്പെട്ടു പോയി. പള്ളിക്കൂടമില്ലാത്തതിനാൽ ഉണ്ണിക്കുട്ടനുമെന്നെ ശ്രദ്ധിക്കാതായി. ഉണ്ണിക്കുട്ടന് ഇഷ്ടക്കുറവ് ഉണ്ടായിട്ടല്ല. പക്ഷേ അവനും സ്കൂള് കാണാഞ്ഞ് നിരാശനാണ്. പുതിയ കാലത്തിന്റെ പഠനമുറി അവനും ഏകാന്തത സൃഷ്ടിക്കുന്നുവെന്ന് എനിക്കറിയാം.

ഉണ്ണിക്കുട്ടനും ഞാനും കൂടി ഇനിയും പോകാനുള്ള വഴികൾ ഏറെയാണ്. അകലം കുറയുന്ന, മാസ്കണിയാത്ത കാലം എത്തട്ടെ. ഉണ്ണിയും ഞാനും കൂടി ഇറങ്ങും... കാഴ്ചകളുടെ ലോകത്തേക്ക് ചക്രങ്ങളുരുട്ടി...

# ഇളം തളിര്

ഇളംതളിരിലേക്ക്
രചനകൾ അയക്കൂ.
സമ്മാനങ്ങൾ നേടൂ...

# അപ്പുവും മുത്തശ്ശിയും

**അൻവിയ ബി.എസ്., ക്ലാസ് - 7, ചെട്ട്യാത്ത് യു പി സ്കൂൾ**



നേരം പുലരുന്നു. നല്ല തണുപ്പ്. പൂക്കളും ചെടികളുമെല്ലാം മഞ്ഞുകൊണ്ട് വെള്ള പുതച്ചിരിക്കുന്നു. കൊക്കരക്കോ കോ... കൊക്കരക്കോ കോ... എന്ന് കൂവിക്കൊണ്ട് തലയിൽ ചുവന്ന പൂവും ചൂടി പൂവൻകോഴി ചിക്കിച്ചികഞ്ഞു നടക്കുന്നു. അപ്പോഴതാ മരക്കൊമ്പിൽ നിന്നും കാ... കാ... എന്നു പറഞ്ഞുകൊണ്ട് കാക്കക്കറുമ്പി പറന്നു കളിക്കുന്നു. ഇതൊക്കെ കേട്ട് അപ്പുറത്തെ മരക്കൊമ്പിൽ നിന്നും കൂ... കൂ... എന്ന് പാട്ടുപാടിക്കൊണ്ട് ചുവന്ന കണ്ണുകളുള്ള കറുത്ത കുയിലമ്മ പറന്നു വന്നു. പുലരിയുടെ മനോഹരമായ കാഴ്ചകൾ തന്റെ കുടിലിൽനിന്നും കണ്ടാസ്വദിച്ച് നിൽക്കുന്ന തേജസ്സുറ്റ മുത്തശ്ശിയുടെ മുഖത്തേക്ക് പടർന്നു പന്തലിച്ചു നിൽക്കുന്ന മരച്ചില്ലകൾക്കിടയിൽനിന്നും സൂര്യന്റെ കിരണങ്ങൾ പ്രകാശിച്ചു.

അപ്പോൾ വെള്ളമുണ്ടും തോർത്തുമുടുത്ത്, തന്റെ തുമ്പപ്പൂവിൻ നിറമുള്ള നരച്ചമുടിയും കെട്ടി തട്ടവുമിട്ട് ഒരു വടിയും കുത്തി സുന്ദരിയായ ആ മുത്തശ്ശി പുറത്തേക്കിറങ്ങി അവരുടെ പൂന്തോട്ടത്തിലേക്ക് നടന്നു.



വര: ഗോപു പട്ടിത്തറ

പലപല നിറങ്ങളും ആകൃതിയും വലിപ്പവും മണവുമുള്ള പൂക്കൾ വിരിഞ്ഞും മൊട്ടിട്ടും നിൽക്കുന്ന പൂന്തോട്ടം. പൂക്കൾ മാത്രമല്ല, പൂക്കളിലെ തേൻ നുകരാൻ പുള്ളിച്ചിറകുള്ള പൂമ്പാറ്റയും മൂളിപ്പാട്ടുകൾ പാടിക്കൊണ്ട് വണ്ടുകളും തേനീച്ചകളും തുമ്പികളുമുണ്ട്.

മുത്തശ്ശി പൂന്തോട്ടത്തിലെ കാഴ്ചകൾ കണ്ട്, ചെടികൾ നനയ്ക്കാൻ വേണ്ടി തന്റെ മൺകുടവുമെടുത്ത് പുഴക്കരയിലേക്ക് പോയി. അവിടെയുള്ള ഒരു കുഞ്ഞുപാറയിലിരുന്ന് ചുറ്റും നോക്കി. 'അപ്പുമോനെ കാണുന്നില്ലല്ലോ, ഇന്നവൻ എനിക്ക് പുല്ലാങ്കുഴൽ വായിച്ചു തരാമെന്ന് പറഞ്ഞിരുന്നു, ചിലപ്പോൾ എഴുന്നേറ്റിട്ടുണ്ടാവില്ല' ഇങ്ങനെ പറഞ്ഞുകൊണ്ട് മുത്തശ്ശി തന്റെ കുടത്തിൽ വെള്ളവുമെടുത്ത് തിരിഞ്ഞു നടക്കാൻ തുടങ്ങി. അപ്പോൾ മാധുര്യമേറിയ ഒരു പുല്ലാങ്കുഴൽ നാദം കേട്ടു. മുത്തശ്ശി ആ പുല്ലാങ്കുഴൽ നാദം വളരെയധികം ആസ്വദിച്ച് ആ സ്വരം കേൾക്കുന്നയിടത്തേക്ക് തന്റെ വടിയും കുത്തി നടക്കാൻ തുടങ്ങി.

പച്ച വിരിച്ച നെൽവയലുകളിലൂടെ, കേരവൃക്ഷങ്ങൾ തിങ്ങിനിൽക്കുന്ന തെങ്ങിൻതോപ്പിലൂടെ, ഇങ്ങനെ മനോഹരങ്ങളായ കാഴ്ചകൾ കണ്ടുകൊണ്ട് എത്തിയത് മുത്തശ്ശിയുടെ പൂന്തോട്ടത്തിൽ. പിന്നെ ആ പുല്ലാങ്കുഴൽ നാദം മാഞ്ഞുപോയി. മുത്തശ്ശി ചുറ്റും നോക്കി, എന്നിട്ട് അത്ഭുതത്തോടെ പറഞ്ഞു:

''ആരാണ് ഇത്രയും മാധുര്യമേറിയ സ്വരത്തിൽ പുല്ലാങ്കുഴൽ വായിച്ചത്? താൻ മാത്രമല്ല, കുറേ പക്ഷികളും മൃഗങ്ങളും ഈ സ്വരം കേട്ട്

**പച്ച വിരിച്ച നെൽവയലുകളിലൂടെ, കേരവൃക്ഷങ്ങൾ തിങ്ങിനിൽക്കുന്ന തെങ്ങിൻതോപ്പിലൂടെ, ഇങ്ങനെ മനോഹരങ്ങളായ കാഴ്ചകൾ കണ്ടുകൊണ്ട് എത്തിയത് മുത്തശ്ശിയുടെ പൂന്തോട്ടത്തിൽ. പിന്നെ ആ പുല്ലാങ്കുഴൽ നാദം മാഞ്ഞുപോയി.**

ഇവിടെ വന്നിരിക്കുന്നു.''

അപ്പോൾ മുത്തശ്ശിയുടെ പൂന്തോട്ടത്തിൽനിന്ന് ഒരു ശബ്ദം, ''മുത്തശ്ശീ... മുത്തശ്ശീ...'' എന്ന്.

''അപ്പൂ നീയോ?''

''അതെ മുത്തശ്ശീ''

''അപ്പൂ, നീയായിരുന്നല്ലേ എന്നെ പുല്ലാങ്കുഴൽ വായിച്ച് ഇവിടെ എത്തിച്ചത്? മിടുക്കനാ നീ. '' മുത്തശ്ശി പറഞ്ഞു.

''മുത്തശ്ശീ വാ... നമുക്കിനി ചെടികൾ നനയ്ക്കാം.'' അങ്ങനെ അവർ ചെടികൾ നനച്ച് അവിടെയിരുന്ന് കഥകൾ പറഞ്ഞു. സമയം കുറച്ചായി.

''അപ്പൂ...നിനക്കിന്ന് പള്ളിക്കൂടത്തിൽ പോകേണ്ടേ? '' മുത്തശ്ശി ചോദിച്ചു.

''ആ പോകണം. ഞങ്ങൾക്കിന്ന് പള്ളിക്കൂടത്തിൽനിന്ന് പരിസ്ഥിതി ദിനത്തോടനുന്ധിച്ച് വീട്ടിൽ നട്ടുവളർത്താൻ തൈകൾ തരും. '' അപ്പു പറഞ്ഞു.

''എന്നാൽ മോൻ പള്ളിക്കൂടത്തിലേക്ക് പൊയ്ക്കോളൂ. പള്ളിക്കൂടത്തിൽനിന്നും തിരിച്ചു വരുമ്പോൾ മുത്തശ്ശി മോന് കുറച്ച് കളിപ്പാട്ടങ്ങൾ ഉണ്ടാക്കി വെയ്ക്കാം.'' അപ്പുവിന് വളരെയധികം സന്തോഷമായി. അവൻ പള്ളിക്കൂടത്തിലേക്ക് പോയി.

ഉച്ചയായപ്പോൾ മുത്തശ്ശി അവരുടെ പറമ്പിൽനിന്നും ഒരു പച്ചയോലയെടുത്ത് അപ്പുവിനായി തൊപ്പിയും, കുട്ടയും, പന്തും, കണ്ണടയും, വാച്ചും, പമ്പരവുമൊക്കെയുണ്ടാക്കി.

സൂര്യൻ കിഴക്കുനിന്ന് പടിഞ്ഞാറോട്ടേക്ക് നീങ്ങുന്നു. 'അപ്പു വരാറായി.' മുത്തശ്ശി മനസ്സിൽ പറഞ്ഞു.

''മുത്തശ്ശീ... മുത്തശ്ശീ... ഇതാ നോക്കൂ ഗുരു എനിക്ക് തന്ന തൈ.''

''എവിടെ, നോക്കട്ടെ? ആ... മാവിൻതൈയാണല്ലോ.''

''മുത്തശ്ശീ...എനിക്ക് കളിപ്പാട്ടങ്ങൾ തരൂ. ''

''ഇതാ. എങ്ങനെയുണ്ട്? ഇഷ്ടമായോ?'' മുത്തശ്ശി ചോദിച്ചു. ''ആ... വളരെയധികം ഇഷ്ടമായി. എന്തു രസമാണ് കാണാൻ.'' അവൻ മുത്തശ്ശിയുടെ കവിളിൽ ഒരു മുത്തം കൊടുത്തു. മുത്തശ്ശിക്കു സന്തോഷമായി.

''മുത്തശ്ശീ... നമുക്കിനി ഈ തൈ നട്ടാലോ?''

''ശരി അപ്പൂ. മുത്തശ്ശി പറഞ്ഞുതരാം എങ്ങനെയാണ് ഈ തൈ നടേണ്ടതെന്ന്. ആദ്യം മണ്ണിൽ ഒരു കുഴി കുഴിക്കണം. എന്നിട്ട് അതിൽ കുറച്ച് ചപ്പുകളും ചാരപ്പൊടിയും ഇടാം. പിന്നെ ഈ തൈ അതിൽ നട്ട് വെള്ളമൊഴിക്കാം.''

അങ്ങനെ മുത്തശ്ശിയും അപ്പുവും കൂടി തൈ നട്ടു. മാസങ്ങൾക്കുശേഷം ആ തൈ വളർന്ന് ഒരു മാവായി പടർന്നു പന്തലിച്ചു. പിന്നെ മാവ് പൂത്തു. കായ്കൾ ഉണ്ടായി. നല്ല പഴുത്ത മാമ്പഴങ്ങൾ കഴിക്കാൻ മാവിൽ ഒരുപാട് പക്ഷികളും വന്നു. ചില ജീവികൾ ആ മരത്തിൽ കൂടുണ്ടാക്കി താമസിക്കാൻ തുടങ്ങി. ഇതൊക്കെ കണ്ടപ്പോൾ മുത്തശ്ശിക്കും അപ്പുവിനും വളരെയധികം സന്തോഷമായി.



ഫോട്ടോ : ചിന്മയി സൗപർണിക
ക്ലാസ് 1
ഫാത്തിമഗിരി ഇംഗ്ലീഷ്
മീഡിയം സ്കൂൾ, നിലമ്പൂർ,
മലപ്പുറം.



# ഞങ്ങൾ പകർത്തിയത്



ഫോട്ടോ : ബി ജെ ആരതി,
ക്ലാസ്സ് 10,
വി വി എച്ച് എസ് എസ്,
പേരടം, ചടയമംഗലം.



ഫോട്ടോ : പാർവതി പി,
ക്ലാസ്സ് 10,
ജി എച്ച് എസ് എസ്,
കോന്നി, പത്തനംതിട്ട.

Printed and Published by **Palliyara Sreedharan** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at Orange Printers Pvt Ltd., Thiruvananthapuram.

# കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്

**(കേരള സർക്കാർ സാംസ്കാരിക വകുപ്പ്)**

വായിച്ചു വളരുക

# തളിര്

## സ്കോളർഷിപ്പ് പരീക്ഷ
## രജിസ്ട്രേഷൻ തുടങ്ങി

ഒക്ടോബർ 31 വരെ അപേക്ഷിക്കാം

- ഭാഷ, ചരിത്രം എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥി പ്രതിഭകളെ കണ്ടെത്തുന്നതിന് കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിക്കുന്ന തളിര് സ്കോളർഷിപ്പ് പരീക്ഷയുടെ രജിസ്ട്രേഷൻ ആരംഭിച്ചു.

**രജിസ്റ്റർ ചെയ്യേണ്ട സൈറ്റ്** https://scholarship.ksicl.kerala.gov.in

- കേരള സംസ്ഥാനത്തിലെ എല്ലാ സിലബസിലുമുള്ള (സ്റ്റേറ്റ്, സി ബി എസ് ഇ, ഐ സി എസ് ഇ) 5 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിന് രജിസ്റ്റർ ചെയ്യാവുന്നതാണ്.
- രജിസ്റ്റർ ചെയ്യുന്ന എല്ലാ കുട്ടികൾക്കും ഒരുവർഷത്തെ തളിര് മാസിക സൗജന്യമായി ലഭിക്കും. 200 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. ജൂനിയർ/സീനിയർ വിഭാഗങ്ങളിലായാണ് മത്സരം സംഘടിപ്പിക്കുന്നത്.

  ജൂനിയർ വിഭാഗം (5,6,7 ക്ലാസിൽ പഠിക്കുന്നവർ)

  സീനിയർ വിഭാഗം (8,9,10 ക്ലാസിൽ പഠിക്കുന്നവർ)
- സംസ്ഥാനതലത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങളിൽ വിജയിക്കുന്ന ജൂനിയർ/സീനിയർ വിഭാഗങ്ങളിലെ കുട്ടികൾക്ക് യഥാക്രമം 10000, 5000, 3000 രൂപ സ്കോളർഷിപ്പ് നൽകും.
- ജില്ലാതലത്തിൽ വിജയികളാകുന്ന ജൂനിയർ/സീനിയർ വിഭാഗങ്ങളിലെ ആദ്യ മുപ്പത് റാങ്കുകാർക്ക് 1000 രൂപയും പിന്നീട് വരുന്ന അൻപത് കുട്ടികൾക്ക് 500 രൂപയും സ്കോളർഷിപ്പ് നൽകും. (ഒരു ജില്ലയിൽ ആകെ 160 കുട്ടികൾക്ക്.)
- 100 കുട്ടികൾ രജിസ്റ്റർ ചെയ്യുന്ന സ്കൂൾ ലൈബ്രറിക്ക് 1000 രൂപ മുഖവിലയുള്ള പുസ്തകങ്ങൾ സമ്മാനമായി നൽകും. 100ൽ കൂടുതൽ കുട്ടികൾ രജിസ്റ്റർ ചെയ്താൽ ആനുപാതികമായും പുസ്തകങ്ങൾ നൽകും.
- കൂടുതൽ വിവരങ്ങൾക്ക് : mob: 8547971483, web: https://ksicl.org

**ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങൾക്ക് താഴെ കാണുന്ന അക്കൗണ്ട് നമ്പറിൽ പണം അടച്ചതിനു ശേഷം മൊബൈൽ നമ്പറിലേക്ക് റെസീപ്റ്റും വിലാസവും വാട്സ്ആപ്പ് മെസ്സേജ് ചെയ്യുക.**

Account Number : 30583524448 IFSC : SBIN0004360

Mobile Number : 8547971483

വിശ്വസ്തതയോടെ,

**പള്ളിയറ ശ്രീധരൻ**
ഡയറക്ടർ
കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL/TV (N)/ WPP/11/2021-2023

RNI No. 20076/70 October 2021
Regd KL/TV (N)/399/2021-2023 Published on 8-10-2021 Vol:28, Issue:10, ₹20

